Demand XX—Public Health

Minister for Public Health (**Shri M. P. Govindan Nair**): Sir, I move that Government be granted a sum of Rs. 1,83,13,900 under Demand XX—Public Health.

Minister for Harijan Welfare (**Shri K. Kunhambu**): Sir, I second it.

Demand XXI—Public Health Engineering

Minister for Public Health (**Shri M. P. Govindan Nair**): Sir, I move that Government be granted a sum of Rs. 1,08,79,500 under Demand XXI—Public Health Engineering.

Minister for Harijan Welfare (**Shri K. Kunhambu**): Sir, I second it.

Demand XLIII—Capital Outlay on Public Health

Minister for Public Health (**Shri M. P. Govindan Nair**): Sir, I move that Government be granted a sum of Rs. 1,05,02,800 under Demand XLIII—Capital Outlay on Public Health.

Minister for Harijan Welfare (**Shri K. Kunhambu**): Sir, I second it.

Mr. Speaker : The following cut motions may be moved.

Cut motion Nos. 6, and 10 under Demand Nc. XIX—Medical may be moved by Shri C. M. Kutty and Shri E. P. Gopalan, rsepectively.

Cut motion Nos. 8 and 12, under Demand No. XX—Public Health, may be moved by Shri E. P. Gopalan and Shri K. Moideenkutty Haji, respectively.

Cut motion No. 1, under Demand No. XXI—Public Health Engineering may be moved by Shri K. Hassan Gani.

Cut motion Nos. 1 and 2 under Demand No. XLIII—Capital Outlay on Public Health, may be moved by Shri M. M. Sundaram and Shri K. Moideenkutty Haji, respctively.

Shri C. M. Kutty : Sir, I move 'to reduce the total allotment of Rs. 5,20,29,300 under Demand XIX—Medical', by Rs. 100.

Shri E. P. Gopalan : Sir, I move 'to reduce the total allotment of Rs. 5,20,29,300 under Demand XIX—Medical by Rs. 100'.

I also move: 'to reduce the total allotment of Rs. 1,83,13,900 under Demand XX—Public Health by Rs. 100'.

Shri K. Moideenkutty Haji : Sir, I move 'to reduce the total allotment of Rs. 1,83,13,900 under Demand XX—Public Health by Rs. 100'.

Shri K. Hassan Gani : Sir, I move 'to reduce the total allotment of Rs. 1,08,79,500 under Demand XXI—Public Health Engineering by Rs. 100.

LIBRARY ARCHIVES Kerala Legislative Assembly

Shri M. M. Sundaram : Sir, I move 'to reduce the total allotment of Rs. 1,05,02,800 under Demand XLIII—Capital Outlay on Public Health by Rs. 100'.

Shri K. Moideenkutty Haji : Sir, I move 'to reduce the total allotment of Rs. 1,05,02,800 under Demand XLIII—Capital Outlay on Public Health by Rs. 100'.

ശ്രീ. ഇ. പി. ഗോപാലൻ : സർ, വകയിരുത്തിയ സംഖ്യതന്നെചെലവു വക്കുന്നില്ലെന്നുള്ളതിനു് ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കട്ടെ. എംപ്ലോയീസു് സ്റ്റേറ്റു് ഇൻഷ്വറൻസു് സ്കീമിനു് 1963-64 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ നീക്കിവച്ച സംഖ്യ 26 3 ലക്ഷം ഉറപ്പിക്കയാണു്. റിവൈസ്ഡു് ബഡ്ജറ്റിൽ അതു 17.09 ലക്ഷം ഉറപ്പിക്കയാക്കി ചുരുക്കി. എന്നാൽ 1964-65-ലെ ബഡ്ജറ്റിൽ വകയിരുത്തിയതു് 43.31 ലക്ഷം ഉറപ്പിക്കയാണു്. ഇതിന്റെ വിശദാംശങ്ങളും എടുത്തു പരിശോധിച്ചാൽ വകയിരുത്തിയ തുക ചെലവാകാതിരിക്കുന്നതു് എന്തുകൊണ്ടാണെന്നു കാണാൻ കഴിയും. അതിൽ ഒരു കാര്യം എടുത്തു പറയുന്നതു് ഡാക്ടർമാരെ കിട്ടിയില്ല എന്നുള്ളതാണു്. തൊഴിലാളികൾക്കു് നൽകിയിട്ടുള്ള ചികിത്സാ സൗകര്യം തൃപ്തികരമായ തുക കൊടുക്കുന്നതിനു് കഴിഞ്ഞിട്ടില്ല എന്നുള്ളതിനു പറയുന്ന ഈ കാരണം ഒട്ടും സ്വീകാര്യമല്ല. ഡാക്ടർമാരെ കണ്ടുപിടിച്ചു് നിയമിക്കേണ്ട ഉത്തരവാദിത്വം ഗവണ്മെന്റിനുണ്ടു്. അതു ചെയ്യാത്തതിനെ യാതൊരു കാരണത്താലും ന്യായീകരിക്കുവാൻ കഴിയുകയില്ല. തൊഴിലാളിമേഖലകളിൽ ആരംഭിച്ച ഈ ചികിത്സാ സൗകര്യവും മറ്റും പ്രാരംഭഘട്ടത്തിലിരിക്കുകയാണു്. ഈ ഘട്ടത്തിൽ അനുവദിച്ച സംഖ്യതന്നെ, ചെലവഴിക്കാതിരിക്കുന്നതു് കഠോരമാണു്. സ്റ്റേറ്റു് ഗവണ്മെന്റിനു വളരെ പ്രയാസമില്ല, 83-ഓളം ശതമാനം കേന്ദ്രത്തിൽനിന്നും കിട്ടുന്ന സംഖ്യയാണു് ; അതു വേണ്ടപോലെ ചെലവാക്കാനുള്ള കഴിവില്ല എന്നാണു് കാണുന്നതു്. ഈ കാര്യം വളരെ ഗൗരവതരമായി പരിഗണിക്കണം. 1964-65-ലേക്കു് വകയിരുത്തിയിട്ടുള്ള സംഖ്യ കുഴവനും വരുന്ന സാമ്പത്തികവർഷത്തിൽ ചെലവാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നു ഗവണ്മെന്റിനോടു് ഞാൻ ആവശ്യപ്പെടുന്നു.

11 a. m.]

മറ്റൊരു പ്രധാനപ്പെട്ട സംഗതി എന്താണു് രണ്ടായിരത്തോളം വരുന്ന മലേറിയാ ഇറാഡിക്കേഷൻ പ്രോഗ്രാമിൽ ജോലിചെയ്യുന്നവരുടെ കാര്യമാണു്. അതു ഇവിടെ മുമ്പു് ഉന്നയിച്ചിട്ടുള്ളതാണു്, മന്ത്രി അതിനു മറുപടിയും പറഞ്ഞിട്ടുള്ളതാണു്. പക്ഷേ മറുപടികൊണ്ടു മാത്രമായില്ലല്ലോ. ഏപ്രിൽ ഒന്നാം തീയതി പിരിച്ചുവിടപ്പെട്ടു് വീട്ടിൽ പോയിക്കഴിഞ്ഞാൽ ഇവരുടെ സ്ഥിതി എന്താവുമെന്നുള്ളതു് ഊഹിക്കാവുന്നതാണു്. മാർച്ചു് 31-ാം തീയതിക്കുമുൻപു് ഈ കാര്യത്തിൽ എന്തു നടപടിയെടുക്കുമെന്നു പറഞ്ഞിട്ടില്ല. പരിഗണിക്കും എന്നു പറയുന്നതിനു് പ്രത്യേകമധുരമില്ല. ഈ മാർച്ചു് 31-ാം തീയതിക്കുമുൻപു് എത്രപേർക്കു് മറ്റു ജോലി കൊടുക്കാൻ കഴിയും ? അതൊന്നും ഇതുവരെ പരിഗണിച്ചിട്ടില്ലെന്നാണു് എന്റെ അഭിപ്രായം. ഇന്നയിന്ന ഡിപ്പാർട്ടുമെന്റുകളിൽ ഇത്രയിത്ര ഒഴിവുണ്ടെന്നും അവിടെയെല്ലാംകൂടി ഇത്രപേരെ നിയമിക്കാൻ കഴിയും എന്നും വ്യക്തമാക്കാൻ കഴിയുന്നില്ലെങ്കിൽ പരമാർത്ഥത്തിൽ, പരിഗണന = പൂജ്യം എന്നുപറയേണ്ടിവരും. 1600-ൽ ചിലപ്പോൾ സർവെയിലൻസു് പ്രവർത്തകരും, മൂന്നൂറിൽ ചിലപ്പോൾ സൂപ്പർവൈസേഴ്സും, ഉണ്ടു്. സൂപ്പർവൈസേഴ്സിൽ പബ്ലിക്കു് സർവീസു് കമ്മിഷൻ റിക്രൂട്ടു് ചെയ്തിട്ടുള്ളവർക്കു് പിരിഞ്ഞുപോകാൻ കല്പനകൂടി കൊടുത്തിട്ടില്ല, കല്പന കൊടുക്കാതെ തന്നെ അവരെ പിരിച്ചു വിടുമോ ? രണ്ടു വിഭാഗത്തിലുംകൂടി രണ്ടായിരത്തോളം വരുന്ന ജോലിക്കാരുടെ കാര്യം വളരെ ഗൗരവമുള്ളതാണു്. മന്ത്രിയുടെ ഈ കാര്യത്തെ സംബന്ധിച്ചുള്ള പ്രസ്താവന കഴിഞ്ഞതിനുശേഷം ഈ ജോലിക്കാരിൽ ചിലരുടെ കത്തു എനിക്കു് കിട്ടുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അവർ ജോലി ചെയ്തിരുന്നകാലത്തു് അവരെ മറ്റു ജോലിക്കു് പോകാൻ അനുവദിച്ചിട്ടില്ലെന്നുള്ള കാര്യത്തിനു് നിഷേധ രൂപത്തിലാണു് മന്ത്രി മറുപടി പറഞ്ഞതു്. വേണമെങ്കിൽ രാജിവച്ചുപോകാമല്ലോ എന്നാണു് പറഞ്ഞതു്. രാജിവച്ചുപോകാൻ ആർക്കും വിഷമമില്ല. 'കടലിലെ വെള്ളം കുടിക്കാൻ സാമൂതിരിയുടെ ശീട്ടു്' വേണമെന്നില്ലല്ലോ. ഈ കാര്യത്തിൽ ഇത്രയും ലാഘവബുദ്ധികാണിക്കുന്നതു് ശരിയല്ല. ഈ രണ്ടായിരം പേരുടെ കാര്യം ഗൌരവമായെടുത്തു് ഏപ്രിൽ ഒന്നാം തീയതിക്കുമുൻപു് അവർക്കു് മറ്റു ജോലി കൊടുക്കുന്നതിനുള്ള ഉത്തരവാദിത്വം മന്ത്രിക്കുണ്ടു്. അതിന്റെ വിശദാംശങ്ങൾ വിളംബംവിനാ തയ്യാറാക്കേണ്ടതുണ്ടു്.

പൊതുവിൽ ആശുപത്രികളെപ്പറ്റി പറയുമ്പോഴും താണതലത്തിൽ ജോലി ചെയ്യുന്നവർ തികച്ചും അസംതൃപ്തരാണു് എന്നുകാണാം. ഏറിയകൂറും കാരണക്കാർ ഭരണാധികാരികളുമാണു്. തെറ്റു് കാണിക്കുന്നവരുടെ പക്ഷം പിടിക്കാൻ ഞാനില്ല. ഇവിടെയും ഓർഡറുകളും കല്പനകളും വ്യക്തമല്ല. ഓരോരുത്തർ ഓരോ തരത്തിൽ വ്യാഖ്യാനിക്കും. തുണി കൊടുത്താൽ തുന്നൽ കൂലി കൊടുക്കുകയില്ല. തുന്നൽകൂലി കൊടുത്താൽ അലക്കുകൂലി കൊടുക്കുകയില്ല. ചോദിച്ചാൽ പലപ്പോഴും മറുപടിയില്ല. വിരോധം ബാക്കി നിൽക്കും. സ്ഥിരം ജോലിക്കാർക്കു് വാഷിംഗ് അലവൻസും തുന്നൽകൂലിയും കിട്ടുന്നില്ല എന്നാണു് വാസ്തവം. ഇതു സ്വാഭാവികമായി താണതലത്തിലുള്ള ജോലിക്കാരെ വളരെയധികം അസ്വസ്ഥരും അസംതൃപ്തരുമാക്കിത്തീർക്കുന്നു. ജോലിക്കാർ ഇതേപ്പറ്റി എന്തെങ്കിലും മേലുദ്യോഗസ്ഥന്മാരോടു പറയുവാൻ ചെന്നാൽ അവരുടെ നില കർക്കശമാണു്. ഇതൊക്കെ സാധാരണ കാര്യങ്ങളല്ലേ. അതു പ്രധാനപ്പെട്ടതാണോ അലക്കുകൂലിയും തുന്നൽകൂലിയും മറ്റും തന്നില്ലെന്നു പറഞ്ഞുകൊണ്ടു് പ്രതിഷേധിക്കാമോ, ഘോഷയാത്ര നടത്താമോ, എന്നുള്ള ചോദ്യങ്ങളും ചിലപ്പോൾ ശിക്ഷണ നടപടികളുമാണു ചില മേലുദ്യോഗസ്ഥന്മാരിൽനിന്നും വരുന്നതു്. ഈ അലവൻസിന്റെ കാര്യം പറയുവാൻ ചെല്ലുന്ന താഴ്ന്ന ജീവനക്കാരോടു ഇതു കർക്കശമായി പെരുമാറുന്ന ഈ മേലുദ്യോഗസ്ഥന്മാർ അവരുടെ ഗ്രീവൻസ് എന്തു മൂർച്ചയിലാണു് പറയുന്നതു് എന്നു അറിയാമോ ? വളരെ നല്ല നിലയിൽ ജോലിചെയ്യുന്നവർ ഈ ഡിപ്പാർട്ടുമെൻറിലുണ്ടു്, വിദഗ്ദ്ധന്മാരായവരും പ്രാപ്തരും ഉണ്ടു്. അവർ അഭിനന്ദനം അർഹിക്കുന്നു എന്നു് തീർത്തും പറയാം. എന്നാൽ അഡ്മിനിസ്ട്രേറ്റീവു രംഗത്തിൽ എല്ലാം ശാന്തമായി നടക്കുന്നുവെന്നു ധരിക്കുന്നതു് തെറ്റാണു്. ഭരണപരമായ വൈകല്യങ്ങളും വളരെയുണ്ടു്. അതിൽ പ്രധാനമായിട്ടുള്ളതു് താഴ്ന്ന തരം ജീവനക്കാരെ സംബന്ധിച്ചിടത്തോളം തുന്നൽകൂലി, വാഷിംഗ് അലവൻസു്, പ്രമോഷൻ, തൊട്ടുള്ള കാര്യങ്ങളിൽ ഇന്നേടുക്കുന്നു അനുഭാവശൂന്യമായ നിലയാണു്, ജോലിക്കാരുടെ സംഘടനയോടു് അനുവർത്തിക്കുന്ന നയം ശരിയല്ല. രാഷ്ട്രീയകാരണങ്ങളാൽ എതിർ സംഘടനയോടു് കൂടുതൽ മമത കാണിക്കുന്നു എന്ന ആക്ഷേപം വന്നിട്ടുണ്ടു്. വർഷങ്ങളായി നിലനിൽക്കുന്ന സംഘടനയെ അംഗീകരിക്കേണ്ടതാവശ്യമാണു്. കേരള ഹോസ്പിറ്റൽ വർക്കേഴ്സ് യൂണിയനും നോർത്തു് കേരള ഹോസ്പിറ്റൽ വർക്കേഴ്സ് യൂണിയനും അംഗീകരണം നൽകേണ്ടതാണു്. ട്രേഡ്യൂണിയൻ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകൾക്കു് ഗവണ്മെൻറു് ഔപചാരികമായ അംഗീകാരം കൊടുത്തു് ജോലിക്കാർക്കിടയിൽ സമാധാനപരമായ ഒരന്തരീക്ഷം നിലനിറുത്തേണ്ടതു് ആവശ്യമാണെന്നാണു് എന്റെ അഭിപ്രായം.

എക്സ്റേ വിഭാഗത്തിൽപ്പെട്ട ജോലിക്കാർക്കു് പല അവശതകളുമുണ്ടു് എക്സറേവിഭാഗത്തിലെ ടെക്നീഷ്യൻസിന്റെ വാഷിംഗ് അലവൻസ് യൂനിഫാറം, അവരുടെ പ്രമോഷൻ തുടങ്ങിയ കാര്യങ്ങൾക്കു് ഇതുവരെയായിയാതൊരു പരിഹാരവുമുണ്ടായിട്ടില്ല. അവർക്കു് വേറെ പ്രമോഷനു സാധ്യതയില്ലാത്തതുകൊണ്ടു് 1 : 3 എന്ന നിലയിൽ അപ്പർഡിവിഷൻ ഉണ്ടാക്കാൻ വേണ്ടി അവർ ഗവണ്മെൻറിൽ നിവേദനം സമർപ്പിച്ചിട്ടു് ഇതുവരെ ആ കാര്യം പരിഗണിച്ചിട്ടില്ലെന്നു ആക്ഷേപമുണ്ടു്. ഈ കാര്യത്തിൽ ഗവണ്മെൻറു് ശ്രദ്ധിക്കണമെന്നും പരിഹാരം ഉണ്ടാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ]

മലബാർ മാഗത്തെ ഏതാനും അസിസ്റ്റൻറ് സർജന്മാരെ 1958–ൽ പ്രമോട്ടചെയ്ത സിവിൽ സർജന്മാരാക്കുകയുണ്ടായി. അവർക്ക് സാധാരണ സിവിൽ സർജന്മാർക്കുള്ള യാതൊരാനുകൂല്യവും ഇന്നുവരെ അനുവദിച്ചുകൊടുത്തിട്ടില്ല. ഇതൊന്നു പരിശോധിച്ച് 1958-ൽ കൊടുത്തിട്ടുള്ള പ്രമോഷനെ തുടർന്ന് 1964–ലെ അർഹതപ്പെട്ട ആനുകൂല്യങ്ങളും അനുവദിച്ചുകൊടുക്കേണ്ടതാണെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഹെൽത്ത് ഡിപ്പാർട്ടുമെൻറിലെ കമ്പൗണ്ടർമാരുടെ ആക്ഷേപം മുഖവിലയ്ക്കെടുത്തു ചെയ്യുന്ന കമ്പൗണ്ടർമാർക്ക് 50–150 സ്കെയിലിൽ ശമ്പളം കിട്ടുമ്പോൾ മനുഷ്യർക്കു മരുന്നുകൊടുക്കുന്ന കമ്പൗണ്ടർമാരായ അവർക്ക് 40–120 രൂ. മാത്രമേ കിട്ടുന്നുള്ളു എന്നാണു്. ഹെൽത്ത് ഡിപ്പാർട്ടുമെൻറിൽ ഈ വിഭാഗത്തിൽപ്പെട്ട അറുനൂറിൽ ചിലപ്പോൾ പേർ ഉണ്ടു്. ഇവരുടെ കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നു് പരിശോധിക്കുമെന്നു് ആശിക്കുന്നു. ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. പാലക്കാടു് ഡിസ്ട്രിക്റ്റ് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ കാര്യം. സെൻറിനറി സെലിബറേറ്റുചെയ്ത ഒരു സ്മാരകമാണിതു്. സെലിബറേഷൻ കമ്മിറ്റി 3 ലക്ഷം രൂപ പിരിച്ചു് ആശുപത്രി കെട്ടിടം നിർമ്മിച്ചു കഴിഞ്ഞിരിക്കയാണു്. ആ കെട്ടിടം ഉടനെ ഏറ്റെടുക്കണം. ജില്ലാ ആശുപത്രിയുടെ ഫസ്റ്റു സ്റ്റേജിൻറെ പണി മാത്രം നടന്നു. സെക്കൻറ് സ്റ്റേജിൽ ഒന്നും ചെയ്തിട്ടില്ല. ഇതു് വളരെ കഷ്ടമാണു്. പുതുതായി ഉടലെടുത്ത ജില്ലാ ആശുപത്രി എന്ന നിലക്കു് ഇതിൻറെ വികസനം താമസിപ്പിച്ചുകൂടാ. കമ്മിറ്റി ഉണ്ടാക്കിയ കെട്ടിടങ്ങളും ഗവണ്മെൻറ് ഏറ്റെടുക്കുകയും പാലക്കാടു് ഡിസ്ട്രിക്റ്റു് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ സെക്കൻറ് സ്റ്റേജ് പൂർത്തിയാക്കാൻ വേണ്ടിയുള്ള നടപടികളും ഉടനടി എടുക്കുകയും ചെയ്യണമെന്നു് അഭ്യർത്ഥിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിലെ ലാസ്റ്റു ഗ്രേഡു ജീവനക്കാരുടെ അവശതകളും പരിഹരിക്കാൻ ശ്രമിക്കുക, മനുഷ്യസ്നേഹപരമായ പെരുമാറ്റത്തിനുള്ള സാഹചര്യം സംജാതമാക്കുവാനുള്ള നടപടികളും കൈക്കൊള്ളുക എന്നിങ്ങനെ ജീവനക്കാരുടേയും രോഗികളുടേയും താല്പര്യം സംരക്ഷിക്കുക ഇത്രയും ചെയ്യണമെന്നപേക്ഷിക്കുന്നു.

[Deputy Speaker in the chair]

ശ്രീ. സി. എം. കുട്ടി : മാഡം, നമ്മുടെ ഉത്സാഹശീലനും ചെറുപ്പക്കാരനുമായ മന്ത്രിയുടെ സാമർത്ഥ്യംകൊണ്ടോ, ഈ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർക്ക് ഈ വകുപ്പിൻറെ കാര്യക്ഷമതയെ സംബന്ധിച്ചു് കൂടുതൽ ബോധമുണ്ടായതുകൊണ്ടോ നമ്മുടെ മെഡിക്കൽ വകുപ്പിനു് ആശാവഹമല്ലെങ്കിലും കുറെയൊക്കെ പുരോഗതി ഉണ്ടായിട്ടുണ്ടെന്നു കാണുന്നതിൽ സന്തോഷമുണ്ടു്. പക്ഷെ ഇവിടെ നമ്മുടെ സ്റ്റേറ്റിൻറെ മൊത്തമായ ഒരു വിലയിരുത്തൽ നടത്തുമ്പോൾ മാത്രമേ ഈ പുരോഗതി കാണുന്നുള്ളു എന്നതു് ഖേദകരമാണു്. പിന്നാക്കപ്രദേശങ്ങളിൽ മെഡിക്കൽ വകുപ്പിൻറെ പ്രവർത്തനത്തിൽ അത്ര വലിയ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. ഞാൻ തിരഞ്ഞെടുക്കപ്പെട്ട നിയോജകമണ്ഡലം ഒരു പിന്നാക്കപ്രദേശമാണു്, ആ പ്രദേശത്തിൻറെ കാര്യത്തെപ്പറ്റി പലപ്പോഴും ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പലതും പെടുത്തുകയുണ്ടായിട്ടുണ്ടു്. എൻറെ നിയോജകമണ്ഡലമായ താനൂരിൽ ഒരു പ്രൈമറി ഹെൽത്ത് സെൻററും അതുപോലെതന്നെ ഒരു ഡിസ്പെൻസറിയും മാത്രമേയുള്ളു. ഈ ഡിസ്പെൻസറിയിലും, ഹെൽത്ത് സെൻററിലും രോഗികൾക്കു കിടക്കാനുള്ള സൗകര്യങ്ങളും ഇതുവരെ നൽകിയിട്ടില്ല. അവിടെ കിടക്കാനുള്ള വാർഡില്ല. എൻറെ പ്രദേശം ധാരാളം ജനസംഖ്യയുള്ളതാണു്. ആ പ്രദേശത്തെ ആളുകൾക്കു് രോഗം വന്നാൽ കിടക്കാൻ ഡിസ്പെൻസറിയിൽ സൗകര്യമില്ല. അവിടത്തെ ആളുകൾക്കു് രോഗം വന്നാൽ കോഴിക്കോട്ടേയ്ക്കോ, തിരൂരിലേക്കോ പോകേണ്ട ഗതികേടാണുള്ളതു്. ബഹുമാനപ്പെട്ട മന്ത്രി ഈയിടെ ആ പ്രദേശം സന്ദർശിച്ചപ്പോഴതന്നെ ഒരു വാർഡില്ലാത്തതിൻറെ വിഷമം അദ്ദേഹം കാണുകയുണ്ടായി. പള്ളിക്കൂടത്തിൽ പഠിക്കുന്ന 10 വയസ്സായ ഒരു പെൺകുട്ടി തീപൊള്ളലേറ്റു കിടക്കുന്നതായ ദയനീയമായ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ—വാർഡില്ലാത്തതുകൊണ്ട് ആ ഡിസ്പെൻസറിയുടെ വൃത്തിഹീനമായ ഒരു മുറിയിൽ കിടക്കുന്ന ദയനീയമായ കാഴ്ച—മന്ത്രി കാണുകയുണ്ടായി. അദ്ദേഹത്തിനു് അപ്പോഴാ അവിടെ ഒരു വാർഡിന്റെ ആവശ്യമുണ്ടെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നാണു് വിചാരിക്കുന്നതു്. അവിടെ പ്രത്യേകമായി ഒരു വാർഡു കൊടുക്കുകയും അങ്ങനെ അവിടത്തെ ദുരിതം അവസാനിപ്പിക്കുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു. അതുകൊണ്ടു് ഈ ഡിസ്പെൻസറിക്കു് ഒരു വാർഡു കൊടുക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധപതിപ്പിക്കണമെന്നു് അഭ്യർത്ഥിക്കുകയാണു്.

അതുപോലെതന്നെ വളവന്നൂരിൽ ഒരു ടി. ബി. വാർഡില്ലാത്തതുകൊണ്ടു് വളരെ വിഷമങ്ങളും ഉണ്ടാകുന്നുണ്ടു്. അവിടെ ഒരു പ്രൈമറി ഹെൽത്തു് സെൻറർ ഉണ്ടു്. അങ്ങനെയുള്ള പ്രദേശത്തു് വളരെ സൗകര്യമുള്ള ഒരു ടി.ബി. വാർഡു് കെട്ടിക്കൊടുക്കുന്നതു് നന്നായിരിക്കും. ആ കാര്യത്തിൽ പ്രത്യേകമായി മന്ത്രി ശ്രദ്ധിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. അതുപോലെതന്നെ പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു് ചില കാര്യങ്ങളും പറയാൻ ഞാൻ അഗ്രഹിക്കുകയാണു്. റൂറൽ വാട്ടർ സപ്ലൈ സ്കീം ആരംഭിക്കാനുള്ള നടപടികളും എടുത്തിരിക്കുകയാണു്. എന്റെ പ്രദേശം കഴിഞ്ഞ വർഷത്തെ സ്കീമിൽ ഉൾപ്പെട്ടിരുന്നു. ഇന്നുവരെയും അതു നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം ഗവണ്മെൻറു് ഏറ്റെടുത്തിട്ടില്ല. ആ കാര്യം പലതവണ ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടു്. ഇതു് അടുത്തകാലത്തുതന്നെ ഉണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണു്. എന്റെ നാട്ടിനെ സംബന്ധിച്ചിടത്തോളം വെള്ളത്തിനു് അവിടെ യാതൊരു ക്ഷാമവും ഇല്ല. ധാരാളം കടൽവെള്ളം കിട്ടും. തോടുകളിൽ ധാരാളം ഉപ്പുവെള്ളവുമുണ്ടു്. എന്നാൽ അവിടെ ശുദ്ധജലം കിട്ടാനുള്ള യാതൊരു സൗകര്യവുമില്ല. പല പ്രാവശ്യവും അവിടെ ശുദ്ധജലം ആവശ്യമാണെന്നു് ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്, എന്റെ നിയോജകമണ്ഡലത്തിലെ കൽപകഞ്ചേരി ഒരു കുന്നിൻപ്രദേശമാണു്. വേനൽക്കാലത്തു് വെള്ളം അവിടെ തീരെ കിട്ടാറില്ല. കിണർ കഴിക്കുകയാണെങ്കിൽ വളരെ ആഴത്തിൽ കുഴിച്ചാലും വെള്ളം കിട്ടാൻ പ്രയാസമാണു്, അതുകൊണ്ടു് ആ പ്രദേശത്തു് റൂറൽ വാട്ടർ സപ്ലൈ സ്കീം നടപ്പാക്കേണ്ടതു് ആവശ്യമാണു്. അതുപോലെതന്നെ ചില സ്ഥലങ്ങളിൽ കുഴൽക്കിണറുകളും കുഴിക്കാറുണ്ടു്. ഇവകൊണ്ടു് എന്താണു പ്രയോജനമെന്നു് മനസ്സിലാകുന്നില്ല. ഈ സഭയിൽത്തന്നെ പല മെമ്പറന്മാരും ഈ കുഴൽകിണർ ഫലപ്രദമല്ലെന്നു് പറഞ്ഞിട്ടുണ്ടു്. മുഴുവനും ഫലപ്രദമല്ലെന്നു പറയുന്നതു് ശരിയല്ലെന്നു മന്ത്രിയും മറുപടി പറഞ്ഞിട്ടുണ്ടു്. ഇക്കാര്യത്തിൽ ധാരാളം പണം ചെലവാക്കുന്നതു് നല്ലതല്ല. നമുക്കു് പണം ചെലവാക്കിയാൽ ജനങ്ങളുടെ ആവശ്യം നിർവഹിക്കാൻ സാധിച്ചില്ലെങ്കിൽ ആ പദ്ധതിയുടെ ആവശ്യമില്ല. സാധാരണ കിണറുകളും കുഴിച്ചു് ആവശ്യം നിവ്വഹിക്കണം. അതുപോലെതന്നെ വേറൊരു കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളതു്, എല്ലാ ഡിസ്പെൻസറികളിലും ലെപ്രസി വിസിറ്റേഴ്സിനെ നിയമിക്കുന്നതിനെപ്പറ്റിയാണു്. വീടുകൾതോറും ചെന്നു് ആക്കെല്ലാം കുഷ്ഠരോഗം ബാധിച്ചിട്ടുണ്ടെന്ന കാര്യത്തെ സംബന്ധിച്ചു് കണക്കെടുക്കുകയും അവർക്കുവേണ്ട ഉപദേശം നൽകുകയും അതിനാവശ്യമായ മരുന്നുകളും വിതരണം ചെയ്യുകയുമാണു് അവരുടെ ജോലി. എല്ലാ സ്ഥലത്തും സ്ത്രീകൾക്കു രോഗമുണ്ടോയെന്നു പരിശോധിക്കാൻ വളരെയധികം വിഷമമുണ്ടു്. കാരണം ലെപ്രസിയുടെ ലക്ഷണങ്ങൾ നഗ്നമായ ആസനത്തിന്മേലാണു് ആദ്യമായി കാണപ്പെടുന്നതു്. ആ ഭാഗം തുറന്നു കാണിച്ചുകൊടുക്കാൻ സ്ത്രീകൾ മുന്നോട്ടു വരാറില്ല. അതുകൊണ്ടു് സ്ത്രീകൾക്കു് രോഗമുണ്ടോ എന്നു പരിശോധിക്കാൻ വിഷമമുണ്ടു്. അതുകൊണ്ടു് സ്ത്രീ ലെപ്രസി വിസിറ്റേഴ്സിനെ നിയമിക്കേണ്ടതാണു്. ഈ കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പരിഗണിക്കാമെന്നു പറയുകയുണ്ടായി. പരിഗണിക്കാമെന്നു പറഞ്ഞതല്ലാതെ ഇതുവരെ യാതൊന്നും നടത്തിയിട്ടില്ല. അതുപോലെതന്നെ നമ്മുടെ ഗവണ്മെൻറു് വളരെയധികം പണം ചെലവഴിച്ചു് ഫാമിലി പ്ലാനിംഗിനെ പ്രോത്സാഹിപ്പിക്കുന്നുണ്ടു്. ഇതിനെ വൈകാരികമായി മാത്രം എതിർക്കുകയല്ല. ഇതിന്റെ പ്രയോജനത്തെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എം. കുട്ടി]

സംബന്ധിച്ച് എനിക്ക സംശയമുണ്ട്. നമ്മുടെ നാട്ടിൻ ഇനിയും ധാരാളം ജനങ്ങൾക്ക താമസിക്കാനുള്ള ശ്രമിയുണ്ട്. അതിനെ ചൂഷണം ചെയ്യണം. ജനിച്ചവർ ഇനി ആരും ജനിക്കേണ്ട എന്നു കരുതുന്നതു് തെറ്റാണു്. ഈ അഭിപ്രായഗതി ശ്രീ. വി. കെ. കൃഷ്ണമേനോൻ പ്രകടിപ്പിച്ചിട്ടുണ്ട്. ഈ നാട്ടിലെ എല്ലാ ജനങ്ങൾക്കും ക്ഷേണസാധനം കിട്ടാനുള്ള സാദ്ധ്യത ഈ രാജ്യത്തിനുണ്ടു് എന്നാണു് വിദേശമന്ത്രാലയത്തിന്റെ അഭിപ്രായം. എന്നെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഇതിന്റെ പ്രയോജനത്തെ സംബന്ധിച്ചിടത്തോളം സംശയമുണ്ട്. വാസക്ടമി ആപ്പറേഷൻ നടത്തിയാൽതന്നെ അതു പ്രയോജനപ്പെടാത്ത പല കേസുകളുമുണ്ട്. ചിലർക്കു് ഇതിന്റെ ഫലമായി മാനസിക സുഖക്കേടുകൾ ഉണ്ടാകുമെന്നും അഭിപ്രായമുണ്ട്. അതിനും പരീക്ഷണത്തിൽ ഇരിക്കുന്ന സമ്പ്രദായമാണു്. തന്നെയുമല്ല, ഈ ആപ്പറേഷന്റെ ഫലമായി സങ്കടം അനുഭവിക്കുന്ന പല ഉദാഹരണങ്ങളുമുണ്ട്. നാലു മക്കളുണ്ടായിരുന്നപ്പോൾ ഒരാൾ ആപ്പറേഷൻ നടത്തി. ആപ്പറേഷൻ നടത്തിക്കഴിഞ്ഞു് കുറെ കൊല്ലം കഴിഞ്ഞപ്പോൾ മസൂരിരോഗംവന്നു് നാലു മക്കളും മരിച്ചുപോയി. ഇന്നു് അദ്ദേഹം ഇനി ഒരിക്കലും തനിക്കു് പിതാവാകാൻ കഴിയുകയില്ലല്ലോ എന്നു വിചാരിച്ചു് വളരെ ഖേദത്തോടുകൂടി കഴിയുകയാണു്. അതുപോലെതന്നെ മറ്റു ചില സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഒരാൾക്കു് ആപ്പറേഷൻ കഴിഞ്ഞു് കുറെ കൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഭാര്യയ്ക്കു് ഗർഭമുണ്ടായി. അങ്ങനെ ഭാര്യയുടെ പാതിവ്രത്യത്തെ സംശയിച്ചു് വിവാഹമോചനം നടത്തി. കുറെക്കാലം കഴിഞ്ഞാണു് മനസ്സിലാകുന്നതു് ആപ്പറേഷന്റെ തകരാറുകൊണ്ടാണു് ഗർഭം ധരിച്ചതെന്നു്. അതുപോലെതന്നെ ഇൻഡ്യാ ഗവണ്മെന്റു് ഗർഭനിരോധത്തിനു് നിയമസാധുത്വം കൊടുക്കണമെന്നു് ആലോചിക്കുന്നുണ്ടത്രെ. ഇതു് വാസ്തവത്തിൽ അധാർമ്മികമാണു്. ദൈവകോപത്തിൽനിന്നും ശാപത്തിൽനിന്നും ദൈവം ഞങ്ങളെ രക്ഷിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുകയാണു്. ഇങ്ങനത്തെ അധാർമ്മികത്വം ഒരിക്കലും കാണിക്കാൻ പാടില്ല. അതുകൊണ്ടു് ഗവണ്മെന്റു് ഈ പ്രകൃതിവിരുദ്ധമായ കാര്യങ്ങൾ ചെയ്യരുതെന്നാണു് എനിക്കു പറയാനുള്ളതു്.

പിന്നെ ഒരു കാര്യം പറയാനുള്ളതു് മറ്റു വൈദ്യസമ്പ്രദായത്തിനു് കൂടുതൽ പ്രോത്സാഹനം നൽകണമെന്നുള്ള നയം ഗവണ്മെന്റു് സ്വീകരിച്ചിട്ടുണ്ടു് എന്നതാണു്. ഹോമിയോപ്പതിയിൽ വളരെയധികം പരിഷ്കാരങ്ങൾ ആവശ്യമാണു്. വളരെയധികം ഡിസ്പെൻസറികൾ സ്ഥാപിക്കുക എന്നതുകൊണ്ടുമാത്രം ഇതിനു വേണ്ടത്ര പ്രയോജനം കിട്ടുമോ എന്നു സംശയമാണു്. ഇവിടെ ഹോമിയോപ്പതി പഠിക്കാൻ ഒരു ഗവണ്മെന്റു് കോളേജ് ഉണ്ടായിട്ടില്ല. കുറിച്ചി എന്നു പറയുന്ന സ്ഥലത്തു് ഗവണ്മെന്റ് സഹായമുള്ള ഒരു കോളേജുണ്ടു്. ആ കോളേജുകൊണ്ടു് കുറെ ആളുകൾക്കു് പ്രയോജനമുണ്ടെങ്കിലും കോഴിക്കോട് പോലെയുള്ള പ്രദേശത്തു് ശാസ്ത്രീയമായ നിലയിൽ ഒരു ഹോമിയോപ്പതി മെഡിക്കൽ കോളേജ് ഉണ്ടായിരിക്കണമെന്ന കാര്യത്തിൽ ഗവണ്മെന്റു് അവഗാഢമായി ശ്രദ്ധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് എന്റെ കട്ടുമോഷൻ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ഈ. പി. ഈപ്പൻ : സർ, രണ്ടു മൂന്നു കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരണമെന്നു മാത്രമേ എന്റെ പ്രസംഗംകൊണ്ടു് ഞാൻ കരുതുന്നുള്ളൂ. ഒന്നാമതായി ഈ തിരുവനന്തപുരം നഗരത്തിനും നഗരവാസികൾക്കും അഭിമാനമായിട്ടു് ഞങ്ങൾക്കു് ഒരു വാട്ടർസപ്ലൈ ഉണ്ടായിരുന്നു. പുറത്തുനിന്നു വരുന്ന ആളുകളുടെയെല്ലാം അഭിനന്ദനത്തിനു പാത്രമായ ഈ സ്കീമിന്റെ ഇന്നത്തെനില വളരെ ശോചനീയമാണു്. ഒരു തുലുപോലെ വാട്ടർ ടാപ്പിൽനിന്നു വെള്ളം വരുകയും ദിവസം രണ്ടും മൂന്നും മണിക്കൂർമാത്രം വെള്ളം ലഭിക്കുകയും ചെയ്യുന്ന അവസ്ഥ ഒന്നു മാറിക്കിട്ടാൻ വളരെ നിവേദനങ്ങൾ തിരുവനന്തപുരം നഗരത്തിലെ പൗരന്മാർ നടത്തിയെങ്കിലും ഇതുവരെയും ഏതെങ്കിലും കാരണങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളൊക്കെ പറഞ്ഞു് മാറ്റി മാറ്റി കൊണ്ടുപോകുന്നതല്ലാതെ അതിനൊരു ശാന്ത വരുത്തുന്ന കാര്യത്തിൽ വേണ്ടതു ശ്രദ്ധ ഇതിന്റെ അധികാരികളും കാണിച്ചിട്ടില്ലെന്ന ഒരു കുറവു ഞാൻ അവരുടെ മേൽ ചുമത്തുകയാണു്. ഈ സ്കീമിന്റെ ആഗ്മെന്റേഷൻ ഉടൻ തന്നെ നടക്കുമെന്നു് പല പ്രാവശ്യം പറഞ്ഞിട്ടുണ്ടെങ്കിലും എന്തോ ചില തകരാറുകൊണ്ടാണു് നടക്കാതെയാണു് ഇരിക്കുന്നതു്. തകരാർ എന്താണെന്നു് അറിഞ്ഞുകൂടാ. ഇതിനു മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥന്റെ അനാസ്ഥകൊണ്ടാണോ പിടിപ്പുകേടുകൊണ്ടാണോ, അതോ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള തകരാറുകൊണ്ടാണോ എന്താണെന്നറിവില്ല. ഏതായാലും അടിയന്തിരമായിട്ടു് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഇതിൽ പതിയുകയും എത്രയുംവേഗം നഗരവാസികൾക്കു് ആവശ്യത്തിനുള്ള വെള്ളം കിട്ടുന്നതിനു സൗകര്യമുണ്ടാക്കിക്കൊടുക്കുകയും ചെയ്യണമെന്നു് അഭ്യർത്ഥിക്കുകയാണു് രണ്ടാമതായി പറയാനുള്ളതു ഇവിടെ ഒരു ടി. ബി. ഹോസ്പിറ്റൽ കം സാനിട്ടോറിയം പുലയനാർകോട്ടയിലുണ്ടു്. അതിനു ചുറ്റുമുള്ള ആളുകൾക്കു് ഇതു വളരെ ഉപദ്രവകരമായ രീതിയിൽ ആയിത്തീർന്നിരിക്കുകയാണു്. കാരണം സിറ്റിക്കു് എക്സ്റ്റൻഷൻ വന്നതിനുശേഷം ഏതാണ്ടു് സിറ്റിയുടെ മദ്ധ്യത്തിൽ വരുന്ന ഈ ഹോസ്പിറ്റൽ അവിടെനിന്നു മാറ്റിക്കിട്ടിയാൽ കൊള്ളാമെന്നു ചുറ്റുപാടുമുള്ള ആളുകൾക്കു് നിർബന്ധമുള്ളതായിട്ടാണു് അറിവു്. അതു് ഒരു കണക്കിൽ ശരിയുമാണു്. ടി. ബി. പോലുള്ള പകരുന്ന സുഖക്കേടുള്ള ആളുകളെ അവിടെ താമസിപ്പിച്ചാൽ അവർ വേണ്ടത്ര നിയന്ത്രണമില്ലാതെ ഇറങ്ങി നടക്കുന്നു ഒരു സ്വഭാവമുണ്ടു്. ഇങ്ങനെയുള്ള ആളുകളും ചുറ്റുപാടുമുള്ള കടകളിലും മറ്റും ഇറങ്ങി നടക്കുന്നതുകൊണ്ടു് രോഗം പകരുന്നില്ലെങ്കിൽതന്നെ മനുഷ്യരുടെ ഇടയിൽ പലിയ ഭീതിയുണ്ടു്. അതുകൊണ്ടു് മൊത്തമായി ഈ ഹോസ്പിറ്റൽ അവിടെനിന്നു മാറ്റി അധികം ജനസമ്പർക്കമില്ലാത്ത പത്തോ ഇരുപത്തോ മൈൽ അപ്പുറത്തു് പല സ്ഥലങ്ങളും വെറുതെ കിടപ്പുണ്ടു് അങ്ങനെയുള്ള സ്ഥലത്തേക്കു മാറ്റി സ്ഥാപിച്ചാൽ ഉപകാരമായിരുന്നു. അതു് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ വയ്ക്കുകയാണു്.

അടുത്തതായി തിരുവനന്തപുരത്തുള്ള വിമൻ ആൻഡ് ചിൽഡ്രൻസ് ഹോസ്പിറ്റലിനെപ്പറ്റിയാണു രണ്ടു വാക്കു പറയുവാനുള്ളതു്. അതു് വളരെ പുരാതീനമായ ഒരു സ്ഥാപനമാണു്. മെഡിക്കൽ കോളേജ് ആശുപത്രി വന്നതിനുശേഷം, തിരുവനന്തപുരത്തു മുമ്പുണ്ടായിരുന്ന ആശുപത്രികളെല്ലാം തന്നെ വേണ്ടത്ര ഡോക്ടറന്മാരില്ലാതെയും അധികാരികളുടെശ്രദ്ധ പതിയാതെയും ശരിയായ രീതിയിൽ നടത്തുന്നില്ലെന്നുള്ളതാണു് വാസ്തവം. ഈ വിമൻ ആൻഡ് ചിൽഡ്രൻസ് ആശുപത്രിയിൽ മാത്രമല്ല, തിരുവനന്തപുരത്തെ ജനറൽ ആശുപത്രിയിലും വേണ്ടത്ര പറഞ്ഞ ഡോക്ടറന്മാരും മറ്റും ഇല്ലെന്നുള്ള പരാതിയുണ്ടു്. വിമൻ ആൻഡ് ചിൽഡ്രൻസ് ആശുപത്രിയിൽ സൂപ്രണ്ടു് ആകുന്നതു് കുറേ നാളും സർവ്വീസിൽ ഇരുന്ന പരിചയവും പരിജ്ഞാനവും ഉള്ളവരായിരിക്കണം. അങ്ങനെയാണെങ്കിൽ അവിടെയുള്ള കുഴപ്പങ്ങൾക്കു കാരണങ്ങൾ മനസ്സിലാക്കുവാൻ കഴിയുമെന്നാണു് എന്റെ വിശ്വാസം.

ശ്രീ. പി. വിശ്വംഭരൻ : അവിടെ പ്രസവത്തിനു മാത്രമേ ആളുകളെ അഡ്മിറ്റു ചെയ്യുകയുള്ളു എന്നും മറ്റു സുഖക്കേടുകാരെ അഡ്മിറ്റു ചെയ്യുകയില്ലെന്നും പറയുന്നതു ശരിയാണോ ?

ശ്രീ. ഈ. പി. ഇപ്പൻ : അങ്ങനെയൊരു പരാതി ഞാനും കേട്ടിട്ടുണ്ടു്. അതു് ഒരു മെറ്റേർണിറ്റി ആശുപത്രിയായി മാറിയിരിക്കുകയാണു്. മറ്റു സുഖക്കേടുകാരെ കൈകാര്യം ചെയ്യുന്നതിനു സ്റ്റാഫില്ലെന്നാണു് അവർ പറയുന്നതു്. അങ്ങനെ സ്റ്റാഫുണ്ടെന്നു പറയുന്ന മെഡിക്കൽ കോളേജ് ആശുപത്രി മുമ്പു് നമ്മുടെ പ്രധാനമന്ത്രി സന്ദർശിച്ചപ്പോൾ പറഞ്ഞു എന്നു കേട്ടു, ഇത്ര വലിയ ആശുപത്രി എന്തിനാണെന്നു്. അതു് നിയന്ത്രിക്കാൻ പാടില്ലാത്ത രീതിയിൽ വലിയ ഒരാശുപത്രി ആണു്. ആരോടു ചോദിച്ചാലും കുറ്റം അറിഞ്ഞുകൂടാ. വാർഡുകൾ എണ്ണുന്നതു വയ്യാത്ത രീതിയിൽ ഉണ്ടു്. ശരിയായ ഉത്തരവാദിത്വമുള്ള ആളുകളെ കണ്ടുപിടിക്കണമെന്നതാണു് അവിടെ ബുദ്ധിമുട്ടായിട്ടുള്ളതു്. അതുകൊണ്ടു് മറ്റാശുപത്രികളിൽ കുറെയധികം ശ്രദ്ധ ചെലുത്തിയാൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഈപ്പൻ]

മെഡിക്കൽകോളേജ് ആശുപത്രിയിലുള്ള കൺജഷൻ കുറയ്ക്കാൻ കഴിയും. ഈ രാജ്യത്തു് പണം ചെലവാക്കി ചികിത്സിക്കാൻ കഴിയുന്ന കുറെയാളുകളുണ്ടു്. മറ്റു് ആശുപത്രികളിൽ സൗകര്യമുണ്ടെങ്കിൽ, പേ വാർഡ് എടുത്തു അവർ ചികിത്സ നടത്തിക്കൊള്ളും. അതുകൊണ്ടു് അത്തരം ആശുപത്രികളിൽ കുറെ സജ്ജീകരണങ്ങളും കുറെയാളുകളും ഉണ്ടായിരിക്കണമെന്നു് എനിക്കഭിപ്രായമുണ്ടു്.

എനിക്കു് മറ്റൊന്നു പറയുവാനുള്ളതു് ഇതുമായി വളരെ ബന്ധമില്ലെങ്കിലും, പബ്ലിക്കിന്റെ ഹെൽത്തിനെ ബാധിക്കുന്ന കാര്യമായതുകൊണ്ടു് പറയുകയാണു്. ആസവാരിഷ്ടങ്ങൾ വിൽക്കുന്നതിനു് ഡ്രഗ്സു് കൺട്രോൾ ആക്ടുണ്ടു്. എന്നാൽ മരുന്നാണെന്നു പറഞ്ഞു് ലഹരി പിടിപ്പിക്കുന്ന, മനസ്സിനും ബുദ്ധിക്കും ദേഹത്തിനും പറ്റാത്ത സാധനങ്ങൾ വിൽക്കുന്നതിനു് അനുവദിക്കുന്നതു് യഥാർത്ഥത്തിൽ വളരെ തെറ്റാണു്.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു് എക്സൈസു് വകുപ്പിൽ വരുന്ന കാര്യമാണു്.

ശ്രീ. ഈ. പി. ഈപ്പൻ : ഇതു മരുന്നല്ല. ലഹരിപിടിപ്പിക്കുന്ന സാധനമാണു്. ഇതു് ഉപയോഗിക്കാൻ പാടില്ലാത്തതാണെന്നും, മുമ്പു് കള്ളു കുടിച്ചു ജീവിച്ചിരുന്നവരെല്ലാം ഈ അരിഷ്ടം കുടിച്ചാണു് ഈ ഏരിയായിൽ കഴിയുന്നതെന്നും ഉള്ളതിനു യാതൊരു തക്കവുമില്ല. ഇതിന്റെ ഉപയോഗം വർദ്ധിച്ചു വരികയാണു്.

ശ്രീ. എൻ. നീലകണ്ഠപണ്ടാരത്തിൽ : ഇതു നിറുത്തി പകരം എല്ലാ ആളുകൾക്കും കുടിക്കാൻ ലൈസൻസു കൊടുക്കണമെന്നു് അഭിപ്രായമുണ്ടോ ?

ശ്രീ. ഈ. പി, ഈപ്പൻ : ലൈസൻസു കൊടുക്കണമെന്നു മാത്രമല്ല പ്രൊഹിബിഷൻ തന്നെ സ്ക്രാപ്പുചെയ്യണമെന്നുള്ള ഉറച്ച അഭിപ്രായക്കാരനാണു ഞാൻ.

എന്റെ സുഹൃത്തു ശ്രീ. സി. എം. കുട്ടി ഫാമിലി പ്ലാനിംഗിനെപ്പറ്റി പറഞ്ഞു. ജനങ്ങൾ രാജ്യത്തു വർദ്ധിച്ചു ഇപ്പോൾ തന്നെ ഗവണ്മെന്റു സ്ഥലങ്ങളിൽ കൈയേറിത്തുടങ്ങി. ഫാമിലി പ്ലാനിംഗ് നിറുത്തിവച്ചാൽ ഇത്തരം കൈയേറ്റങ്ങൾ വർദ്ധിക്കും. നമ്മുടെ രാജ്യത്തുള്ള വനങ്ങളും മറ്റും ആക്രമിച്ചുകൊണ്ടുപോകുന്ന ഏർപ്പാടു് അവസാനിപ്പിക്കാൻ ഇന്നു് ഫാമിലി പ്ലാനിംഗ് നടത്തുന്നതിനേക്കാളും കർശനമായ രീതിയിൽ നടത്തണമെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. വേണ്ടവണ്ണം അതുംകൂടി ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

Smt. Leela Damodara Menon : Madam, I support the Demand moved by the hon. the Health Minister. Madam, I congratulate the Health Minister and the officers of the Health Department for the proud record of achievement that they have effected during the last year. We have improved a lot in regard to health services and achieved top rank when compared with the rest of India. We can really claim a great deal of progress and we can also say that we have accepted the idea of a welfare state by giving top priority to Health and Social Services and incurring a fair percentage of expenditure on that head.

Madam, the Health Survey Committee of the Planning Commission had said that there should be one bed for every one thousand population as the target for the IVth plan. We have got. 89 bed strength for every 1000 population. That is really a good record. While congratulating the hon. Minister for this result, I wish to bring

LIBRARY ARCHIVES Kerala Legislative Assembly

to the notice of the hon. Minister that in four districts viz. Calicut Palghat, Cannanore and Kottayam, are far below this average. They have only. 46 or. 47 bed strength. I request the Government to see that these four districts also come up to the level of the other districts and get their legitimate share of Health Services.

Madam, with regard to preventive work, in Malaria Eradication Programme, as has been referred to by some other members, we have a record of work to be proud of. We have gone ahead and finished the eradication work much ahead of time. Regarding the Malaria Eradication Programme, out of the 14 units, 13 have been withdrawn and the remaining one will be withdrawn very quickly. A point has been raised by some other members, regarding the personnel who have to be retrenched, I request the Government to see that those people who have worked and made the programme a grand success should not be allowed to suffer because they have completed the work ahead of time. I think the hon. Minister will see that these people who will have to be thrown out of employment if they are not absorbed elsewhere, will be kept in service and proper employment given to them. They should be absorbed in some category or other of the Government departments so that their contribution to the Health Services are duly recognised.

Much progress has been made with regard to T. B. work. T. B and Leprosy preventive services are to be extended and enlarged. I must say that with regard to onevery serious discase, no proper notice is being taken and no provision made. It is with regard to Cancer treatment Cancer consciousness is lacking in our State and, therefore, in big Cancer hospitals like Bombay, Madras etc., most of the serious cases at the incurable stage come from Kerala. This is because there is no detection of Cancer in early stage here. People are not aware of th symptoms and it will be a serious misfortune if this treatment is no taken up seriously. If we have no funds for it, the health Minister should move the Central Government and necessary additional fund hould be got from the Central Government for starting a good Cancer Hospital here and a good research unit to function effectively as soon as possible.

Hon. Member Shri C. M. Kutty referred to Family Planning I suggest that this name of Family Planning be changed into 'Family welfare Programme'. It is really a family welfare programme. Family planning is not just telling not to have children but the attempt is to bring to their realisation that the rate of growth of population in our country will affect us adversely if we are not careful about it. Death rate has decreased considerably and life expectancy has increased When the death rate is decreasing the growth of population is continuing. In the normal way it will affect our developmental programmes. Our people are under-fed, under-clothed, under-housed and unhealthy. Our people will always remain so if we do not take care to see that there are more people born to claim any extra economic progress effected. Julius Huxley said that in every 4 hours the population of the world increases in the order of enough people to fill a large town. The population explosion problem is a world problem today. In Kerala the density of population is almost the highest in

LIBRARY ARCHIVES Kerala Legislative Assembly

[Smt. Leela Damodara Menon]

India. Therefore, Madam, so far as Kerala is concerned, our rate of growth of population has to be moderated. Our per capita income is the lowest and if we do not tackle the problem of over population we shall never be able to achieve any economic progress.

With regard to the implementation of this programme, I agree that much more work to be done. During the last 4 years of the Plan period much work has been done. I congratulate the Health Minister for the progress made during the last year. More work has been done last year than all the works of I and II Plan periods At the same time we have to do much more. People are to be made aware of the seriousness of the problem. The communications Reserach Project undertaken by the Kerala University has pointed out that when a survey was done and the problem posed before the people nearly 5 persent of the people readily agreed that it was a vitally important question and agree to limit their families. They agreed that the population of our State has to be controlled for the welfare of our people. I hope that during the course of this year more coordination would be effected between official and non-official programmes and efforts made to reach larger number of people for both educational and clinical services.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുന്നു. പൊതുജനാരോഗ്യവകുപ്പിൽ നേട്ടങ്ങളുണ്ടാകുന്നതിനു സഹായകമായ പ്രവർത്തനങ്ങളും നടത്തിയ കാര്യപ്രാപ്തിയും ചുറുചുറുക്കുമുള്ള നമ്മുടെ മന്ത്രിയും അദ്ദേഹത്തിൻറെ ഡിപ്പാർട്ടുമെൻറും അഭിനന്ദനം അർഹിക്കുന്നുണ്ടു്. 'Prevention is better than cure' എന്ന തത്ത്വത്തിലുള്ള പല നടപടികളും നടത്തിയതിൻറെ ഫലമായി ഇന്നു് മരണനിരക്കു് കുറഞ്ഞിട്ടുണ്ടു്. അതേസമയത്തു് ജനസംഖ്യാവർദ്ധനവു തടയുന്നതിനു് ഫാമിലി പ്ലാനിംഗ് പരിപാടി നടത്തുന്നുമുണ്ടു്. 27,000 പുരുഷന്മാരും 15,000 ത്തോളം സ്ത്രീകളും ഈ ശസ്ത്രക്രിയ നടത്തിയവരായിട്ടുണ്ടെന്നാണു കാണുന്നതു്. പല കേന്ദ്രങ്ങളും, ക്ലിനിക്കുകളും, പരിശീലനക്യാമ്പുകളും ഇതിനു സഹായകമായി പ്രവർത്തിക്കുന്നുണ്ടു്. ശസ്ത്രക്രിയയ്ക്കു വിധേയരാകാത്തവർക്കു മറ്റു പലവിധ ഉപദേശങ്ങളും നൽകുന്നുമുണ്ടു്. ഇങ്ങനെ ചെയ്തില്ലെങ്കിൽ കുറച്ചുകാലം കഴിയുമ്പോൾ ഈ കൊച്ചുകേരളത്തിൽ ജനങ്ങൾക്കു് വീട്ടിലിരിക്കാനെന്നല്ല, വീട്ടിനു പുറത്തിറങ്ങി നിൽക്കാൻപോലും സ്ഥലവും സൗകര്യവുമില്ലാതെ വരും. ജീവിച്ചിരിക്കുന്നവർക്കു് മരിക്കുന്നതുവരെ ജീവിക്കാതെ നിവർത്തിയില്ല. ഇന്നത്തെ ആരോഗ്യവകുപ്പിൻറെ പ്രവർത്തനങ്ങളും മൂലം ആളുകളുടെ ആയുസ്സു് കൂടുകയാണു്. ആ അവസരത്തിൽ ജനസംഖ്യാവർദ്ധനവിനെ തടയുവാൻ ഒരു പോംവഴിയേ ഉള്ളൂ. അതായതു്, ഫാമിലി പ്ലാനിംഗ് ഊർജ്ജിതമായി നടപ്പിൽവരുത്തുക. കുടുംബക്ഷേമത്തിനു അതാണു് പ്രയോജനപ്പെടുന്നതു്. ആരോഗ്യരംഗത്തു് പല വികസനപ്രവർത്തനങ്ങളും നടത്താനായി സ്വാഭാവികമായി ഡോക്ടർമാരുടേയും നഴ്സുകളുടേയും കുറവുണ്ടു്. അതിനു 2 പുതിയ മെഡിക്കൽ കോളേജുകൾവഴി കൂടുതൽ സീറ്റുണ്ടാക്കി കൂടുതൽ ഡോക്ടറന്മാരെ പുറത്തിറക്കി ഈ കുറവു് പരിഹരിക്കാവുന്നതാണു്. നഴ്സിംഗ് സ്കൂൾ സ്ഥാപിച്ചു സ്റ്റൈപ്പൻറു് നൽകിക്കൊണ്ടു നഴ്സുകളെ പരിശീലിപ്പിക്കുന്നു. മലേറിയാ നിർമ്മാർജ്ജന പരിപാടി ഈ സ്റ്റേറ്റിൽ സ്തുത്യർഹമായവിധം പ്രവർത്തനം നടത്തുന്നുണ്ടു്. വസൂരി രോഗത്തിൻറെ ഭയങ്കരതയെപ്പറ്റി ഇവിടെ മുൻകൊല്ലങ്ങളിൽ ധാരാളം ചർച്ചചെയ്തിട്ടുണ്ടു്. ഇപ്പോൾ ആ രോഗം വളരെ കുറഞ്ഞിട്ടുണ്ടു്. മൈലേറിയ പിടിപെടാതിരിക്കാനും ആരോഗ്യവകുപ്പു് ശ്രദ്ധിക്കുന്നുണ്ടു്.

കുഷ്ഠരോഗികൾക്ക് പ്ലാസ്റ്റിക്ക് ആപ്പറേഷൻ നടത്തിക്കുന്ന കാര്യവും സുഖക്കേട് പകരുന്ന ഘട്ടം കഴിഞ്ഞ ആളുകളെ പുനരധിവാസം ചെയ്തിക്കാനുള്ള പദ്ധതികളും ഇപ്പോഴും ചെയ്തുവരുന്നുണ്ട്. അംഗവൈകല്യം വന്നിട്ടുള്ളവർക്ക് അതായത്, കയ്യ്, കാല് ഇവ മുറിച്ചവർക്ക് ധനസഹായം ചെയ്യുന്നുണ്ട്. ഇതിനകം 15 പേർക്ക് സഹായം നൽകിട്ടുണ്ട്. കുഷ്ഠരോഗികളുടെയും ക്ഷയരോഗികളുടെയും കാര്യം പായുകയാണെങ്കിൽ എത്രയും അധികമാണ് അവരുടെ സംഖ്യ. അവരെയെല്ലാം ആസ്പത്രികളിൽ കിടത്തി ചികിത്സിക്കുക ഇന്നു അസാദ്ധ്യമാണ്. കോഴിക്കോട് ക്ഷയരോഗാശുപത്രിയിൽ ഒരു ക്ഷയരോഗിക്ക് ചികിത്സക്കായി ഒരു ബെഡ് കിട്ടണമെന്നു നാലുകൊല്ലംമുമ്പ് അപേക്ഷിച്ചിരുന്നു. മൂന്നുകൊല്ലംമുമ്പ് ആ ക്ഷയരോഗി മരിച്ചുപോയി. എന്നാൽ അയാളുടെ ഈ മരണവാർത്ത അറിയാനുള്ള സാഹചര്യമില്ലാത്ത ആശുപത്രി അധികാരികളം അയാൾക്ക് ചികിത്സയ്ക്കായി ബെഡ് ഒഴിച്ചിട്ടിട്ടുണ്ടെന്നുള്ള വിവരത്തിനു ഇടയിടെ കത്തയച്ചിട്ടുണ്ടായിരുന്നു എന്നു അറിയാൻ കഴിഞ്ഞു. അത്രയും വിഷമമാണ് ഒരു ബെഡ് കിട്ടാൻ. ഈ ദുരവസ്ഥയിൽ, ഈ ഗവണ്മെന്റ് ക്ഷയരോഗികളായ ജനങ്ങൾക്ക് സഹായധനം നൽകാൻ തീരുമാനിച്ചതു എത്രയും സ്വാഗതാർഹമാണ്. ദിവസം ഒരു രൂപാ എന്ന കണക്കിൽ ആറു മാസംവരേക്കും, പിന്നെ വേണ്ടിവന്നാൽ കൂടുതൽ കൊടുക്കാനുമുള്ള ഏർപ്പാടു ഗവണ്മെന്റ് ചെയ്യുന്നുണ്ട്. അതിനുവേണ്ടി ഓരോ ജില്ലയിൽനിന്നും നൂറു കണക്കിനും ആയിരക്കണക്കിനും അപേക്ഷകരും വരുന്നുണ്ട്. എന്നാൽ ഇതേവരെ ഒന്നും അനുവദിച്ചുകൊടുത്തിട്ടില്ലാ. അതുകൊണ്ട് പ്രശംസനീയമായ ഈ സൗജന്യം അവർക്ക് എത്രയുംവേഗം ലഭിക്കുന്നതിനു ബഹുമാനപ്പെട്ട മന്ത്രി കാര്യമായ നടപടി എടുക്കേണ്ടതാണ്.

ആയുർവ്വേദ ചികിത്സ പ്രോത്സാഹിപ്പിക്കാൻവേണ്ടി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മിറ്റി ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്മേൽ തീരുമാനങ്ങളെടുത്തു നടത്താൻവേണ്ടി മൂന്നുലക്ഷം രൂപാ വകയിരുത്തീട്ടുണ്ട്. ഇങ്ങനെ അതിനെപ്പറ്റി പറയുമ്പോൾ മലബാറിലെ ആയുർവ്വേദ വൈദ്യന്മാരെപ്പറ്റിയും അലോപ്പതി ഡാക്ടറന്മാരെപ്പറ്റിയും ഒരുകാര്യം പറയാനുണ്ട്. മലബാർ മദ്രാസ് ഗവണ്മെൻറിന്റെ ഭാഗമായിരുന്ന കാലത്തു മദ്രാസ് ഗവണ്മെൻറ്, വളരെ കാര്യക്ഷമമായി ഭരണം നടത്തുന്ന ഒരു ഗവണ്മെൻറ് എന്നതന്നെ ഞാൻ അഭിനന്ദിക്കുന്നു. ആ ഗവണ്മെൻറിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആയുർവ്വേദ വൈദ്യന്മാരും അലോപ്പതി ഡാക്ടറന്മാരും തിരുവിതാംകൂർ–കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമമനുസരിച്ചു രജിസ്റ്റർ ചെയ്യെങ്കിലല്ലാതെ അവരുടെ പ്രാക്ടീസ് തുടർന്നു നടത്താൻ പാടില്ലാ എന്നു പറയുന്നതു തീർച്ചയായും യുക്തിയുക്തമല്ല സർ; അതുകൊണ്ട് അങ്ങനെയുള്ള ഒരു സ്ഥിതിവിശേഷത്താൽ പതിനഞ്ചും ഇരുപതും ഇരുപത്തിയഞ്ചും കൊല്ലം പ്രാക്ടീസ് ചെയ്തിട്ടുള്ള ഡാക്ടറന്മാർക്കും വൈദ്യന്മാർക്കും ഇവിടെ രജിസ്റ്റർ ചെയ്തിട്ടില്ലാ എന്ന കാരണത്താൽ പ്രാക്ടീസു ചെയ്യാൻ നിവൃത്തിയില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി നീതി പാലിക്കേണ്ടതു അത്യാവശ്യമാണ്. പലരും പ്രാക്ടീസ് തുടരണമെന്നുദ്ദേശിച്ചു രജിസ്റ്റർ ചെയ്യാൻ വന്നു. എന്നാൽ പല സാങ്കേതിക തടസ്സങ്ങളും പറഞ്ഞു അതു സാധിക്കാതെ വന്നിരിക്കുകയാണ്.

കോഴിക്കോട്ട മെൻറൽ ആശുപത്രിക്കു സെപ്റ്റിക്ക് ടാങ്ക് ഉണ്ടാക്കാൻ തീരുമാനിച്ചിട്ടു കാലം കുറെയായി. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയുടെ കാരുണ്യപ്രാപ്തികൊണ്ടു അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ വേറെയും പല പ്രവർത്തനങ്ങളും ത്വരിതപ്പെടുത്തേണ്ടതുണ്ട്. സമയക്കുറവുകൊണ്ടു ഞാൻ അതൊന്നും പറയുവാൻ മുതിരുന്നില്ല. ഇൻഡ്യയിലെ മറ്റുസ്റ്റേറ്റുകളെ അപേക്ഷിച്ചു നമ്മുടെ സ്റ്റേറ്റ് ആരോഗ്യരംഗത്തു കൂടുതൽ പെർകാപ്പിറ്റാ ചെലവു വഹിക്കുന്നതുകൊണ്ടും ആരോഗ്യവകുപ്പു കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നുള്ളതുകൊണ്ടും ഈ ഗവണ്മെൻറിന്റെ ധനാഭ്യർത്ഥനയെ ഞാൻ പരിപൂർണ്ണമായി പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. സുഗതൻ : ശ്രീമാൻ ഈ. പി. ഗോപാലൻ അവതരിപ്പിച്ച ഖണ്ഡനോപാക്ഷപത്തെ ഞാൻ പിൻതാങ്ങുന്നു. അതു പിൻതാങ്ങിക്കൊണ്ടു വളരെ അത്യാവശ്യമെന്നു എനിക്കു തോന്നുന്ന ചില കാര്യങ്ങൾ മെഡിക്കൽ വകുപ്പു മന്ത്രിയുടെയും ഗവണ്മെൻറിന്റെയും ശ്രദ്ധയിൽപ്പെടുത്തുക എന്നുള്ളതാണു എന്റെ ഉദ്ദേശം. മെഡിക്കൽവകുപ്പിന്റെ കഴിഞ്ഞകൊല്ലത്തെ പ്രവർത്തനങ്ങളെപ്പറ്റി പരിശോധിച്ചപ്പോൾ കഴിഞ്ഞകൊല്ലത്തെ മെഡിക്കൽ വകുപ്പിന്റെ റിപ്പോർട്ടും ഈ എക്കണോമിക്കു് റെവ്യൂവിൽ പറയുന്ന കണക്കുകളും വച്ചുനോക്കിയാൽ ഈ ഡിപ്പാർട്ടുമെൻറിൽ ഒരു അപര്യാപ്തത തുടർന്നുവരുന്നു എന്നു പറയേണ്ടിയിരിക്കുന്നു. ഏറെ രോഗികളും, മരുന്നുകിട്ടാത്തവർ വളരെ ഏറെ, രോഗികൾക്കു പരിചരണം കിട്ടാൻ സാദ്ധ്യതയില്ലാതെ വളരെപേർ, ഒട്ടുംതന്നെ വൈദ്യസഹായം ലഭിക്കാതെ വളരെപേർ ഇങ്ങനെ പോകുന്നു. തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള മെഡിക്കൽകോളേജു് ആശുപത്രികളെ മാറ്റി നിറുത്തീട്ടു മറ്റു ആശുപത്രികളുടെ കാര്യം വച്ചുകൊണ്ടു നോക്കിയാൽ ഇതു വർദ്ധിച്ചിരിക്കുന്നു എന്നു കാണാം. അതേസംബന്ധിച്ചുള്ള വിവരങ്ങളും പട്ടികകളും ആവലാതികളുമൊക്കെ എനിക്കു കിട്ടീട്ടുള്ളതു എന്റെ കൈവശമുണ്ടു്. എനിക്കു അനുവദിച്ചിട്ടുള്ള പത്തുപന്ത്രണ്ടു മിനിട്ടിനകത്തു ഇതു നിരത്തിവയ്ക്കാൻ പ്രയാസമായി തോന്നുന്നുണ്ടു്. ഡിസ്പ്രിക്റ്റാശുപത്രികളെ സംബന്ധിച്ചിടത്തോളം അവിടെ മര്യാദക്കാരായ ഡാക്ടറന്മാരുണ്ടു്, നഴ്സുമാരുണ്ടു്, സ്ത്രീഡാക്ടറന്മാരുമുണ്ടു്. പൊതുവേ അങ്ങനെയാണെങ്കിൽ തന്നെയും ഒരു ഗ്ലാസു് പച്ചവെള്ളത്തിൽ രണ്ടുതുള്ളി മഷി ഒഴിച്ചാൽ എങ്ങനെയിരിക്കും എന്നു പറയുന്നതുപോലെ ആത്തരത്തിലുള്ള സ്വഭാവക്കാരായ ഡാക്ടറന്മാരുമുണ്ടു്. ആലപ്പുഴ ആശുപത്രിയിൽതന്നെ അങ്ങനെയുള്ള ഡാക്ടറന്മാരുണ്ടെന്നുള്ള കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ എഴുതി അയച്ചിട്ടുണ്ടു്. ആക്കാര്യത്തിൽ കാര്യമായ നടപടി സ്വീകരിച്ചു എന്നുള്ളതിനു ലക്ഷ്യം കണ്ടിട്ടുമുണ്ടു്. അതുകൊണ്ടു് ഞാൻ അതു കാര്യമായി ആക്കാര്യം ഇവിടെ പറയുന്നില്ല.

പോലീസു് ചാർജ്ജ് ചെയ്യുന്ന കേസുകളിൽ അവർ ചില സ്വാധീനമൊക്കെ ചെലുത്താറുണ്ടു്. അങ്ങനെ ആലപ്പുഴയിൽ പോലീസു് ചാർജ്ജ് ചെയ്ത ഒരു കേസിൽ പ്രതിയെ പിടിച്ചുകൊണ്ടുവന്ന അവസരത്തിൽ പ്രതിയുടെ ആൾക്കാർ ഡാക്ടറിൽ സ്വാധീനം ചെലുത്തി അവർ പിടിച്ചുകൊണ്ടുവന്ന പ്രതിക്കു് ചിത്തഭ്രമമാണെന്നു പറഞ്ഞു ഡാക്ടർ അയാളെ ആശുപത്രിയിൽ പാർപ്പിച്ചു. ആ കേസു് ഇപ്പോൾ വിധിപറഞ്ഞുപോയി. അതുപോലെ ചേർത്തലയിൽ നിന്നും പോലീസു് ആരെയോ ഒരാളെ ആലപ്പുഴയിൽ കൊണ്ടുവന്നു ആദ്യം പരിശോധിച്ചപ്പോൾ അയാളുടെ നട്ടെല്ലിനു താഴെ കേടുണ്ടായിട്ടുണ്ടു്. അതു മർദ്ദനംകൊണ്ടുണ്ടായിട്ടുള്ളതാണെന്നാണു് ആദ്യം റിപ്പോർട്ടു വന്നതു്. എന്നാൽ കുറെക്കഴിഞ്ഞു പോലീസുദ്യോഗസ്ഥന്മാർ അവിടെ വന്നുപോയതിന്റെ ഫലമായി രണ്ടുദിവസം കഴിഞ്ഞപ്പോൾ കേട്ടതു്, അദ്ദേഹം മരിച്ചതു അഡ്വാൻസു് ക്യാൻസർ കൊണ്ടാണെന്നാണു്. എനിക്കു വല്ലതും പറയാനൊക്കുമോ, പഠിച്ചു പാസായിവന്ന ഡാക്ടർ. 1085-ൽ ആലപ്പുഴയിൽ ഒരു പഴയ ഡാക്ടറുണ്ടായിരുന്നു. അവിടെ ഒരാൾക്കു മസൂരി രോഗം പിടിപെട്ടു ബോധരഹിതനായിക്കിടന്നപ്പോൾ ഡാക്ടർ പറഞ്ഞു, ആ രോഗി മരിച്ചു എന്നു്. അതനുസരിച്ചു പ്രേതം അടക്കാൻ കൊണ്ടുപോയപ്പോൾ അയാൾക്കു ഇടയ്ക്കുവച്ചു ബോധംവന്നപ്പോൾ കൊണ്ടുപോയവരുടെ അടുത്തു പറഞ്ഞു, ഞാൻ മരിച്ചില്ലാ എന്നെ കഴിച്ചുമൂടരുതേ എന്നു്. അപ്പോൾ കൂടെയുണ്ടായിരുന്നവർ "എടാ അഞ്ഞൂറു രൂപാ ശമ്പളം വാങ്ങുന്ന ആൾ പറഞ്ഞു നീ ചത്തതു എന്നു്. പിന്നെ നീ പറഞ്ഞാൽ ആരു വകവയ്ക്കാനാണു്"; എന്നുപറഞ്ഞു അയാളെ കഴിച്ചിടാൻ ശ്രമിച്ചതായും, അയാൾ അടുത്തുള്ള ഒരു വീട്ടിൽപോയി രക്ഷപ്പെട്ട എന്നും ഒരു അനുഭവകഥയുണ്ടു്. എന്നു പുറപ്പെടുന്നതുപോലെ ഈ അടിച്ചുകൊന്നു എന്നു പറയുന്ന പ്രേതത്തെ അഡ്വാൻസു് ക്യാൻസർരോഗം കൊണ്ടാണെന്നും മറ്റും പറഞ്ഞു ആക്ഷേപിക്കരുതു്. ഒരാളെ തല്ലിക്കൊന്നാലും ചവുട്ടിക്കൊന്നാലും ആ ദേഹത്തിലെ അവയവങ്ങൾ ആ നേരം മറച്ചുവയ്ക്കില്ല. പറയും. പിന്നെ ഈ സർട്ടിഫിക്കറിന്റെ പേരിൽ കൃത്രിമം കാണിക്കുന്ന ഡാക്ടറന്മാരുടെ മേൽ എന്തു നട

LIBRARY ARCHIVES Kerala Legislative Assembly

പടിയാണു് ഗവണ്മെന്റു് എടുക്കേണ്ടതെന്നു ഞാൻ പറയുന്നില്ല. എങ്കിലും ഇതു് കൊടിയ ക്രൂരതയാണു്. പഠിച്ചതുവച്ചു കാണുന്നതിനനുസരിച്ചു സത്യ സന്ധമായി പോസ്റ്റുമാർട്ടം സർട്ടിഫിക്കറ്റു് എഴുതുകയാണു് വേണ്ടതു്. എന്നാൽ ഇങ്ങനെയാണു് ഇന്നു പല ആശുപത്രികളിലും ചെയ്യുന്നതു്. ഈ ഈ നില കർശനമായി തടയുന്ന നടപടികളും ചില ആശുപത്രികളിലുണ്ടു്.

കമ്മ്യൂണിസ്റ്റു പാർലമെന്ററി സെക്രട്ടറി സഖാവു് രവീന്ദ്രൻ ഒരു പരാതിയുടെ കാര്യം എന്നോടു പറഞ്ഞു. അതായതു്, കുണ്ടറക്കാരിയായ 37 വയസ്സു പ്രായമുള്ള ഒരു ലക്ഷ്മിക്കുട്ടി 26-1-1964-ൽ കൊല്ലം വിക്ടോറിയാ ആശുപത്രിയിൽചെന്നു. അവിടത്തെ ഡാക്ടറായ മിസ് സോളോ മാത്യു എന്നു പേരുള്ള ഒരു ഡോക്ടർ അവരെ പരിശോധിച്ചു നോക്കിയിട്ടു പറഞ്ഞു, നിങ്ങൾക്കു ഗർഭമാണു് എന്നു്. ഉടനെ ആ സ്ത്രീ "എന്റെ ഭർത്താവു് മരിച്ചിട്ടു മൂന്നു കൊല്ലമായി. എനിക്കു 37 വയസായി. എനിക്കു വയറ്റിൽ വേദനയാണു്" എന്നു പറഞ്ഞു കുറെനേരം അവിടെ നിന്നതിനുശേഷം നോർമൽ പ്രഗ്നൻസി എന്ന സർട്ടിഫിക്കറ്റും ഈ സ്ത്രീക്കു് ഡാക്ടർ എഴുതിക്കൊടുത്തു. ആ സ്ത്രീ അവരുടെ വീട്ടിലേക്കു പോയി. പിന്നീടു് ആ സ്ത്രീ കുണ്ടറനിന്നും നേരെ തിരുവനന്തപുരം മെഡിക്കൽ കാളേജാശുപത്രിയിൽ വന്നു പരിശോധിച്ചപ്പോൾ സീരിയസ് ആപ്പറേഷൻ വേണം. വയറ്റിൽ ഒരു ട്യൂമറാണു് എന്നു പറഞ്ഞു. അവിടെ മെഡിക്കൽ കാളേജാശുപത്രിയിൽവച്ചു ആപ്പറേഷനെല്ലാം കഴിഞ്ഞു ആ സ്ത്രീ സുഖമായി പോയി. അതേസംബന്ധിച്ചു മെഡിക്കൽ കാളേജാശുപത്രിയിലെ സർട്ടിഫിക്കറ്റെല്ലാമുണ്ടു്. അതു സ്പീക്കർ ആവശ്യപ്പെടുന്നപക്ഷം മന്ത്രിക്കു് തരാൻ തയാറാണു്. ഈത്തരം ട്യൂമർ ഉള്ള രോഗിയെ ഗർഭമാണു് പെറും എന്നെല്ലാം പറഞ്ഞു അയയ്ക്കുന്നതു ശരിയാണോ? അശോകന്റെ കാലംമുതൽക്കുതന്നെ ഇവിടെ ആതുരശുശ്രൂഷ ധാർമ്മികബോധമുള്ള ആളുകൾ ചെയ്തുവന്നിട്ടുള്ളതാണു്. ഈത്തരത്തിലുള്ള ഡാക്ടറന്മാരും ഇവിടെയുണ്ടു്. ഇങ്ങനെ മറ്റു പല കാര്യങ്ങളും പറയാനുണ്ടു്. അശോകന്റെ ധർമ്മം ലംഘിക്കുന്ന ആശുപത്രികളും ഡോക്ടർമാരും നമുക്കു് ഭാരമാണു്.

പിന്നെ കോട്ടയത്തു ആശുപത്രിയിൽ നടന്നിട്ടുള്ള ഒരു കാര്യം പറയാം. ഒരു തള്ള വാസ്തവത്തിൽ ഈറ്റുനോവു് കൊണ്ടു് ആശുപത്രിയിൽ വന്നു. അവരെ പരിശോധിച്ചതിനുശേഷം ഡാക്ടർ പറഞ്ഞു, നിങ്ങൾ ഇപ്പോൾ പെറുകില്ലാ, മൂന്നുമാസം കഴിഞ്ഞേ പ്രസവിക്കയുള്ളു, അതുകൊണ്ടു് നിങ്ങൾക്കു വീട്ടിൽ പോകാം എന്നു്. അവർ അവിടെനിന്നു. അവിടെനിന്നു പോകാൻ സാധിക്കാതെ അവർ ഈറ്റുനോവുകൊണ്ടു് അടുത്ത മുറിയിൽ കയറി പ്രസവിച്ചു. അപ്പോൾ ആ സ്ത്രീയെ അവിടെ കിടന്നു പ്രസവിക്കാൻ അനുവദിച്ചില്ലാ, ഇരുന്നു പ്രസവിക്കാൻ അനുവദിച്ചില്ല അവർ നിന്നു പ്രസവിക്കുകയാണുണ്ടായതു്. ഇതേസംബന്ധിച്ചു മറുപടി പറയുന്ന ആളുകൾ പറയും, ഇപ്പോൾ പെണ്ണുങ്ങൾ മൂന്നു കൊച്ചുങ്ങളെ പെറുന്നതായി പത്രത്തിൽ കണ്ടുഎന്നും, കുട്ടികൾ മരിച്ചുപോയി എന്നും. അതുകൊണ്ടു ഇതും ആ പരാതിയിൽപ്പെട്ടതാണെന്നു പറയരുതു്. ഇതെല്ലാം കാര്യമായ ചികിത്സ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൊണ്ടാണു്. ഇതു കാര്യമായി ഞാൻ പറയുകയാണു്. ഈ തരം കൃത്യവിലോപങ്ങൾ ആവർത്തിക്കാൻ അനുവദിക്കരുതു്,

പിന്നെ മറ്റൊരുകാര്യം എനിക്കു മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താനുള്ളതു്. ചില ആവലാതികളാണു്. ഈ തൊഴിലാളികളുടെ കാര്യം ഉപക്ഷേപം അവതരിപ്പിച്ച സഖാവുതന്നെ പറഞ്ഞതാണു്. മെഡിക്കൽ കാളേജാശുപത്രി സ്റ്റാഫിനുള്ള ക്വാർട്ടേഴ്സ് കൊടുക്കുന്ന കാര്യത്തെപ്പറ്റിയാണു്. നിലവിലുള്ള നിയമം പ്രയാറിറ്റി അനുസരിച്ചു സ്പെഷ്യൽ സർവ്വീസിനും എമർജൻസിക്കാക്കുമാണു്. ആ നിയമം അങ്ങനെ ഉപയോഗിച്ചു ആവശ്യമായി ക്വാർട്ടേഴ്സ് കിട്ടേണ്ടവർക്കു കൊടുക്കുന്നില്ല എന്ന ഒരു പരാതിയുണ്ടു്. അതേപ്പറ്റി അന്വേഷിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. മെഡിക്കൽ കാളേജാശുപത്രിയിൽ 1958 മുതൽക്കുള്ള ശമ്പളപരിഷ്ക്കാരം കമ്പൗണ്ടർമാർക്കു കൊടുത്തിട്ടില്ല. മൃഗസംരക്ഷണവകുപ്പിലെ കമ്പൗണ്ടർമാർക്കു് 50—150 രൂപാ സ്കെയിൽ കൊടുത്തിട്ടുണ്ടു്. ആ സ്കെയിൽ ഇവർക്കും കൊടുക്കണം. അതു പരിശോധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. സുഗതൻ]

ആശുപത്രികളിൽ സേവനം നടത്തുന്നവരായ നമ്മുടെ കമ്പൗണ്ടർമാർക്കും നഴ്സുമാർക്കും മറ്റും ആ സ്റ്റേയിൽ കൊടുക്കണം. അവർ വളരെ ശ്രദ്ധയോടുകൂടി ജോലിനോക്കുന്നവരാണ്. അവരുടെ ജീവിതവേതനം വർദ്ധിപ്പിച്ചില്ലെങ്കിൽ അവരുടെ പ്രവർത്തനത്തിനു ദോഷംവരും. അതിന്റെ ദോഷഫലം രോഗികളെയും ജനങ്ങളേയുമാണ് ബാധിക്കുന്നത്.

പിന്നെ മെഡിക്കൽകാളേജാശുപത്രിയിൽ വേറെ ഒരു ദുരിതം വെള്ളത്തിന്റെ കാര്യമാണ്. രാവിലെ അഞ്ചുമണിമുതൽ കിട്ടുന്നവെള്ളം ഒരുമണിക്കു തീരും. പിന്നെ അഞ്ചുമണിമുതൽ കിട്ടുന്ന വെള്ളം എട്ടുമണിക്കു തീരും. ഈ ബുദ്ധിമുട്ടു തീർക്കാൻ കഴിഞ്ഞാൽ വളരെ ആശ്വാസം കിട്ടും. ഇതു വേറെ ശുപാർശകൊണ്ടും ഏപ്രോജറേഷനായിട്ടും ഒന്നും പറയുന്നതല്ല. മരുന്നു മാറിക്കൊടുത്താൽ കോൺഗ്രസുകാരനായാലും കമ്മ്യൂണിസ്റ്റുകാരനായാലും വിഷം കൊടുത്താൽ അയാളും ചാകും. മൂന്നുദിവസം അവിടെ വെള്ളം കിട്ടീട്ടില്ല. ഒരുമണിക്കു വെള്ളം നിറുത്തിയാൽ പിന്നെ വെള്ളം കിട്ടുന്നതുവരെ ബുദ്ധിമുട്ടാണ്. ഇങ്ങനെ മൂന്നുദിവസം വെള്ളം കിട്ടാത്തതുകൊണ്ടു മലവിസർജ്ജനത്തിനു പോകുന്നതിനോ, വല്ല വ്രണത്തിൽനിന്നും വരുന്ന രക്തവും മറ്റും പറഞ്ഞിയാൽ കഴുകിക്കളയാനോ നിവർത്തിയില്ലാ. ബക്കറ്റിൽ പിടിച്ചുവയ്ക്കുന്ന വെള്ളം വേഗം തീരും. രാത്രികാലങ്ങളിൽ മലവിസർജ്ജനത്തിനു പോയാൽ അതു നേരം വെളുക്കുന്നതുവരെ ഇരുന്നു ഉണങ്ങും. വാട്ടർവർക്സിന്റെ പണി ശരിയാകാത്തതുകൊണ്ടാണ് ഈ ജലക്ഷാമം അനുഭവപ്പെടുന്നത്. സർ. സി. പി. രാമസ്വാമി അയ്യരുടെ കാലത്തു അപ്പോഴുള്ള ആളുകളുടെ ആവശ്യം പരിഹരിക്കാൻ ഒക്കുവണ്ണം ഏർപ്പാടുകൾ ചെയ്തു. അതിനുശേഷം ശ്രീമാൻ പട്ടം താണുപിള്ളയുടെ കാലത്തു കുറെ വലിയ പൈപ്പുകളെല്ലാം വരുത്തി അതു വികസിപ്പിക്കാൻ ശ്രമിച്ചു. ഇപ്പോൾ ജലക്ഷാമം നിമിത്തം മെഡിക്കൽ കാളേജാശുപത്രിയിൽ കൈകഴുകുന്നതിനുപോലും നിവർത്തിയില്ലാതെ മലവും അഴുക്കും കൊണ്ടുള്ള പെറിയ തടാകങ്ങളാണ് അവിടെ കാണപ്പെടുന്നത്. അതു രോഗികളായിട്ടുള്ളവർക്കു സഹിക്കാമെന്നുള്ളതല്ല. ഈ സ്ഥിതിയിൽ രോഗികൾക്കു മരുന്നുകൊടുത്താൽ ഫലിക്കയില്ല. അടിയന്തിരാവസ്ഥയുടെ ആരംഭകാലത്തു ഹോം നഴ്സിംഗിനു കുറെ പെൺകുട്ടികളെ തിരഞ്ഞെടുത്തു. അവർക്കു പരിശീലനം കഴിഞ്ഞു ആശുപത്രികളിൽ സേവനം കൊടുത്തു. പക്ഷേ പ്രതിഫലം കൊടുക്കുന്നില്ല.

സർ. ആശുപത്രികളിലെ അപര്യാപ്തതയെപ്പറ്റി ഞാൻ പറഞ്ഞു. ആശുപത്രികളിൽ കിടക്കകൾ ആകെ 15,785 ആണ്. രോഗികൾ 177.4 ലക്ഷം ഉണ്ട്. ആ കണക്കുവച്ചുനോക്കുമ്പോൾ, .89. പേർക്ക് ഒരു
12 Noon കിടക്ക എന്നുവരും. സുഖമായി കിടന്നു രോഗം തീർത്തു പോകാൻ ഇതു പര്യാപ്തമല്ല. രേണറിപ്പോർട്ടിൽ പറയുന്നതു 1962–63–ൽ, അവസാനംവരെ, 1,83,09,650 പേർ രോഗികളായി വന്നിട്ടുണ്ടെന്നാണ്. അതിൽ, 6,14,234 പേർ ഇൻപേഷ്യൻറ്സായിരുന്നു, ബാക്കി 1,76,95,446 പേർ ഔട്പേഷ്യൻറ്സു ആയിരുന്നു. ഈ കണക്കുകൊണ്ടു കാണാം വളരെ അപര്യാപ്തത ഉണ്ടെന്നു. അതു മാറാൻ രണ്ടു മെഡിക്കൽ കാളേജു ആശുപത്രികളും ഉണ്ട്. പ്രൈവറ്റു മെഡിക്കൽ കാളേജുകളും ആലപ്പുഴയും, കോട്ടയത്തും ആരംഭിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും മെഡിക്കൽ കാളേജ് ആശുപത്രികളും സ്ഥാപിക്കണമെന്നാണ് എന്റെ ആഗ്രഹവും, അഭിപ്രായവും. സർക്കാരിനു അതിനു കഴിവുണ്ടോ എന്നു പരിശോധിക്കണം. സഹകാര്യ മെഡിക്കൽ കാളേജിനെസംബന്ധിച്ചിടത്തോളം ചിലപരാതികളും ഉണ്ടായിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കാളേജിൽ പതിനായിരം രൂപാവരെ പ്രവേശനത്തിനു വാങ്ങിയെന്നും, അതിനും പുറമേ 1000 രൂപയിൽ ചിലപ്പോൾ രൂപവരെ സഹകാര്യമായിട്ടു വാങ്ങിയിട്ടുണ്ടെന്നും അതിന്റെ പേരിൽ അവിടെ പ്രക്ഷോഭണം ഉണ്ടായെന്നും ഇവിടെത്തന്നെ പറയുകയുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെയുള്ള ധാർമ്മിക സ്ഥാപനങ്ങളിൽ കൈക്കൂലി വാങ്ങിക്കുന്നതു് തടയേണ്ടതാണു്. മെഡിക്കൽ കോളേജുകളിൽ അഡ്മിഷനു നല്ല തുക കൈക്കൂലി കൊടുക്കുന്നതിന്റെ അർത്ഥം, പഠിച്ചു പാസ്സായിവന്നാൽ രോഗികളോടു ആ തുക ഈടാക്കിക്കൊള്ളണമെന്നു ഉറപ്പു നൽകുകയാണോ എന്നു തോന്നിപ്പോകുന്നു, ആളുകളെ പണയപ്പെടുത്തിക്കൊണ്ടു ഇത്തരം കൈക്കൂലി വാങ്ങിക്കുന്ന മാനേജ്മെന്റിനു യാതൊരു നീതീകരണവും നൽകാനില്ല. ഇങ്ങനെയുള്ളവരെ അടിച്ചുകൊല്ലണമെന്നാണു് എന്റെ അഭിപ്രായം. സോഷ്യലിസത്തെപ്പറ്റിയും, ജനാധിപത്യത്തെപ്പറ്റിയും പ്രസംഗിച്ചു് രാജ്യത്തെ ഇത്തരം ധർമ്മസ്ഥാപനങ്ങളിൽ രോഗികളുടെ പേരിൽ കൊള്ളയടി നടത്താൻ ഇടയാകുന്നതിനെ ഒരു രാഷ്ട്രീയപാർട്ടിയിൽപ്പെട്ടവരും സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. അശോകചക്രാങ്കിതമായ കൊടിവച്ചു് ഭരണം നടത്തുന്ന ഈ കാലത്തു് അശോകന്റെ കാലംമുതൽ നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ ഇത്തരം കൊള്ളകൾ നടത്തുന്നവരുടെ പേരിൽ നിർദ്ദാക്ഷിണ്യമായ നടപടികൾ സ്വീകരിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. അശോകന്റെ ധർമ്മം നമ്മുടെ പ്രൈവറ്റു മെഡിക്കൽ കോളേജധികൃതർ വിറ്റു തിന്നുകയാണു്. പറയാനുള്ളതെല്ലാം പറയുന്നു, മന്ത്രിയുടെ ഇഷ്ടംപോലെ ചെയ്യട്ടേ. ഞാൻ എന്റെ ആഗ്രഹം പറയുകയാണു്.

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർക്കു അനുവദിച്ച സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. ആർ. സുഗതൻ : ബാക്കി പറയാനുള്ളതു പറയാൻ സമയം ഇല്ലാത്തതുകൊണ്ടു് പൊതുജനങ്ങളും എന്നോടു ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. ഭരണറിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന മറ്റു കണക്കുകളും ഇപ്പോൾ പറയുന്നില്ല. ഒരു കൊല്ലത്തെ റിപ്പോർട്ടിൽ കാലംചെയ്ത മന്ത്രിയും, ആ മന്ത്രിക്കുശേഷം, കാലക്കേടുകൊണ്ടുവന്ന മന്ത്രിയല്ല, ഇപ്പോഴത്തെ മന്ത്രിയും ഈ ഡിപ്പാർട്ടുമെന്റിന്റെ ഭരണത്തിൽ കുറേ ഫലപ്രദമായി ചിലതൊക്കെ ചെയ്തിട്ടുണ്ടെന്നാണു പറയുന്നതു്. ഭാവിയിൽ ഇന്നത്തെ അപര്യാപ്തത കുറേ പരിഹരിക്കപ്പെടുമെന്നു ന്യായമായി പ്രതീക്ഷിക്കുന്നു. അതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ചേയറിന്റെ നിർബ്ബന്ധംമൂലം ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീമതി കുസുമം : മാഡം, ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണു്. മനുഷ്യോപകാരപ്രദമായ കാര്യങ്ങളും ഗവണ്മെന്റു നടപ്പാക്കുന്നതിൽ ഏറ്റവും പ്രധാനമാണു് ആരോഗ്യപരമായ പ്രവർത്തനങ്ങളും. പരിമിതമായ കഴിവുകളുടെ പരിധിയിൽ നിന്നുകൊണ്ടു് ഈ ഗവണ്മെന്റു് ഈ ഡിപ്പാർട്ടുമെന്റിന്റെ ഭരണം ഏറ്റവും ഭംഗിയായി നിർവ്വഹിക്കുന്നു എന്നു അഭിമാനത്തോടുകൂടി പറയാൻ കഴിയും. പണ്ടു് ആശുപത്രികളിൽ പോകാൻ ആളുകളും ഭയപ്പെട്ടിരുന്നു. എങ്കിൽ, ഇന്നു് ആരോഗ്യപരമായ അറിവു ജനങ്ങൾക്കു് പകർന്നുകൊടുത്തതിന്റെ പേരിൽ ഗിരിവർഗ്ഗക്കാർവരെ ആശുപത്രികളിലേക്കു പ്രവഹിക്കുകയാണു്. അങ്ങനെ ആശുപത്രികളെ അഭയം പ്രാപിക്കുന്ന അനേകായിരം രോഗികൾക്കു് ആവശ്യമുള്ള മരുന്നും, ക്ഷേണസാധനങ്ങളും കൊടുക്കാൻ ഗവണ്മെന്റു അല്പംപോലും മടി കാണിക്കുന്നില്ല. ഡിമാന്റു് 19 (ബി) ഹോസ്പിറ്റൽസ് ആൻഡ് ഡിസ്പെൻസറീസ് ഇനത്തിൽ 1962-63-ലെ ചെലവു്, 295.39 ലക്ഷം രൂപ ആയിരുന്നതു്, 1964-65-ൽ, 364.76 ലക്ഷം രൂപ ആയി വർദ്ധിച്ചിട്ടുണ്ടു്. അതുപോലെതന്നെ, മെഡിക്കൽ കോളേജസ് ആൻഡ് സ്റ്റുഡന്റ്സ് ഇനത്തിൽ 1962-63-ൽ, 40.98 ലക്ഷം രൂപ ചെലവഴിച്ചെങ്കിൽ, 1964-65-ലേക്കു് അതു് 71.93 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണു്. പക്ഷേ, ഇതു പോരാ എന്നു പറയാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. നമ്മുടെ ആശുപത്രികളിൽ ഡാക്ടർമാർ ഇല്ല, മിഡ്വൈഫുകൾ ഇല്ല, നേഴ്സുമാർ ഇല്ല എന്ന പരാതി കുറേക്കാലമായി കേൾക്കുന്നുണ്ടു്. ഈ നിയമസഭാതലത്തിൽ പലപ്പോഴും ഈ പരാതി മുഴങ്ങി കേൾക്കാറുണ്ടു്. പ്ലാൻ സ്കീമുകളും, നോൺ പ്ലാൻ സ്കീമുകളും നമുക്കു നടപ്പാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കുസുമം]

ാൻ കഴിയാതെ പോയതു് കാപ്പാളിഫൈഡ് ഹാൻഡ്സ് ഇല്ലാതെ പോയതുകൊണ്ടാണു്. അതിനെപ്പറ്റി ബഡ്ജറിലെ പ്രസക്തമായ ഭാഗം വായിക്കാം.

Explanation for variation: There is an overall decrease of about Rs. 14 lakhs in the Revised Estimate for 1963-64 of which about Rs. 5 lakhs is under non-plan and the balance of Rs. 9 lakhs under plan. The short fall under non-plan is mainly under pay and allowances, as several posts could not be filled up for want of qualified medical and para medical personnel. The short-fall under Plan schemes is mainly under the E. S. I. scheme as this scheme could not make as much headway as anticipated, particularly owing to the dearth of qualified personnel.

ആയിരക്കണക്കിനു് യുവതീയുവാക്കന്മാർ അഭ്യസ്തവിദ്യരായി തൊഴിലില്ലാതെ നമ്മുടെ നാട്ടിൽ അലഞ്ഞുതിരിയുമ്പോഴും, അവർക്കു് ആവശ്യമായ പരിശീലനം കൊടുത്തു് ഇത്തരം ഉപകാരപ്രദമായരംഗങ്ങളിൽ സേവനം അനുഷ്ഠിക്കാൻ അവസരം നൽകാത്തതു് ലജ്ജാകരമായ ഒരു കാര്യമാണു്. മെഡിക്കൽ പ്രാക്ടീഷണേഴ്സു് പരിശീലനത്തിനുവേണ്ടി ഉദാരമായ സഹായമാണു് കേന്ദ്രത്തിൽനിന്നു ലഭിക്കുന്നതു്. അതുപയോഗപ്പെടുത്തികൊണ്ടു ഗവണ്മെന്റു സ്ഥാപനങ്ങളും ആരംഭിക്കുകയോ, അല്ലെങ്കിൽ ആദർശപരമായി പ്രവർത്തിക്കാൻ തയ്യാറായി മുന്നോട്ടുവരുന്ന പ്രൈവറ്റുഏജൻസികൾക്കു അർഹിക്കുന്ന പ്രോത്സാഹനം നൽകി അവർക്കുവേണ്ട സഹായം നൽകുകയോ ചെയ്യേണ്ടതാണു്, നമുക്കു് ആവശ്യമുള്ള നഴ്സുസിനേയും, ഡാക്ടേഴ്സിനേയും മാത്രമല്ല, അന്യസംസ്ഥാനങ്ങളിലേക്കുകൂടി അയയ്ക്കുന്നതിനും ഇവിടെ പരിശീലനം നൽകാൻ സാധിക്കണം.

മാഡം, മറ്റു പലകാര്യങ്ങളും പറയാനുണ്ടെങ്കിലും സമയം ഇല്ലാത്തതുകൊണ്ടു് എന്റെ നിയോജകമണ്ഡലത്തിൽ അത്യാവശ്യമായി ചെയ്തുതീർക്കേണ്ട ചില കാര്യങ്ങൾ മന്ത്രിയുടെ ശ്രദ്ധയിൽപെടുത്താൻ ആഗ്രഹിക്കുന്നു. 350 ചതുരശ്രമൈലോളം വിസ്തീർണ്ണമുള്ള എന്റെ നിയോജകമണ്ഡലത്തിൽ 18000, 20000 ആളുകൾ പാർക്കുന്ന ആലങ്കോട്ടു, പൈങ്ങോട്ടൂർ, ഉടമ്പന്തൂർ ഈ പഞ്ചായത്തുകളിൽ ഇന്നിയും ഒരു ഡിസ്പെൻസറിപോലും ഉണ്ടായിട്ടില്ല. കോടിക്കുളം പഞ്ചായത്തിൽ ഒരു bi-weekly ഡിസ്പെൻസറിയാണുള്ളതു്, എന്റെ നിയോജകമണ്ഡലത്തിൽ ഒറ്റ രോഗിയെപോലും കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇപ്പോഴില്ല. അറുകുളം ഡിസ്പെൻസറിയിൽ ഒരു വാർഡു പണിയുന്നതിനു് ഈ കൊല്ലത്തെ ബഡ്ജറിൽ തുകകൊള്ളിച്ചിട്ടുള്ളതിൽ പ്രത്യേകം കൃതജ്ഞതയുണ്ടു്. മുട്ടം പ്രൈമറി ഹെൽത്തു സെൻറിനുവേണ്ടി ആളുകൾ സ്ഥലം നൽകിയിട്ടുണ്ടു്. കെട്ടിടം പണി ഉടനെ ആരംഭിച്ചു് വേണ്ട സൗകര്യം ചെയ്തുകൊടുക്കണമെന്നഭ്യർത്ഥിക്കുന്നു.

മാഡം, ഒരുകാര്യംപ്രത്യേകം ഓർമ്മിപ്പിക്കാനുള്ളതു്, കീരിത്തോടു്, പുതുളി പ്രദേശങ്ങളിൽനിന്നു കുടിഒഴിപ്പിക്കപ്പെട്ടു് വാഴത്തോപ്പിൽ വന്നിട്ടുള്ള 307 കുടുംബങ്ങൾ ഉൾപ്പെടെ മൂവായിരം കുടുംബങ്ങൾക്കു യാതൊരുവിധത്തിലുള്ള ചികിത്സാസൗകര്യങ്ങളും ഇന്നില്ല. ഒരു M. C. H. center പോലും അവിടെയില്ല. ഉടനെ അവിടെ അതിനു സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. ഒരു മൊബയിൽ മെഡിക്കൽ യൂണിറ്റു അവിടെ പ്രവർത്തിപ്പിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി ആത്മാർത്ഥമായി ശ്രമിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഈ ഡിമാൻഡിനെ ഞാൻ ഹാർദ്ദമായി പിൻതാങ്ങികൊണ്ടു് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ഡാക്ടർ കെ. എം. ചാക്കോ: മാഡം, ബഹുമാനപ്പെട്ട ആരോഗ്യവകുപ്പു മന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഈ ഡിമാൻഡിനെ ഞാൻ അനുകൂലിക്കുകയാണു്. എല്ലാവകുപ്പുകൾക്കുംകൂടി മൊത്തം ഏകദേശം ഒൻപതു കോടിയിൽപരം രൂപാ ബഡ്ജറിൽ കൊള്ളിച്ചിട്ടുണ്ടു്. നമ്മുടെ ആവശ്യം നോക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണെങ്കിൽ ഈ സംഖ്യ വളരെ അപര്യാപ്തമാണെങ്കിലും, ഈ, രാജ്യത്തിന്റെ കോശസ്ഥിതിവച്ചുനോക്കുമ്പോഴും ഇതു വലിയ കുറവാണെന്നു പറയാൻ നിവൃത്തിയില്ല. വിദ്യാഭ്യാസ വകുപ്പു കഴിഞ്ഞാൽ, ഏറ്റവും വലിയ സംഖ്യ ചെലവാക്കുന്ന ഒരു വകുപ്പാണു് മെഡിക്കൽ വകുപ്പെന്നു മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ ഏതാനും വർഷത്തെ പ്രവർത്തനങ്ങളുടെ ഫലമായിട്ടു് വളരെയധികം പുരോഗതി ഈ ഡിപ്പാർട്ടുമെന്റിനുണ്ടായിട്ടുണ്ടെന്നുള്ളതു് പ്രതിപക്ഷത്തുനിന്നു കുന്ന ബഹുമാനപ്പെട്ട അംഗങ്ങളും പോലും സമ്മതിച്ചിട്ടുള്ള ഒരു കാര്യമാണു്. ഈ ഡിപ്പാർട്ടുമെന്റിലെ പുരോഗതി പ്രധാനമായി കണക്കാക്കപ്പെടുന്നതു് മനുഷ്യന്റെ ആയുസിന്റെ ദൈർഘ്യം കൊണ്ടാണു്. അങ്ങനെ 1941 മുതൽ 51 വരെയുള്ള കണക്കു നോക്കുമ്പോൾ പുരുഷായുസു് 40—ം, സ്ത്രീയുടെ ആയുസു് 42—ം ആണെന്നു കാണുന്നു. അതേസമയത്തു് ഇൻഡ്യയിലെ ശരാശരി ആയുസു് പുരുഷന്റേതും, സ്ത്രീയുടേതുംകൂടി ശരാശരി 32 ആണെന്നുകാണുന്നു. 1951 മുതൽ 61 വരെ കേരളത്തിൽ പുരുഷായുസു് 46.7—ം, സ്ത്രീകളുടേതു് 49.3—ം ആണെന്നു കാണുന്നു. അങ്ങനെ ശരാശരി ആയുസു് വളരെ വർദ്ധിച്ചിട്ടുള്ളതായികാണുന്നു. ഇതു മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനഫലമായ പുരോഗതിയെ ചൂണ്ടിക്കാണിക്കുകയാണുചെയ്യുന്നതു്.

മാഡം, മറ്റു കാര്യങ്ങളിലേക്കു സമയം ഇല്ലാത്തതുകൊണ്ടു് കടക്കണമെന്നു വിചാരിക്കുന്നില്ല. ഏതായാലും അടുത്ത സാമ്പത്തികവർഷത്തിലേക്കു വളരെ സംഖ്യ ആരോഗ്യപരമായ കാര്യങ്ങൾക്കുവേണ്ടി ഈ ഡിപ്പാർട്ടുമെന്റിലേക്കു് നീക്കിവച്ചിട്ടുണ്ടു്. പുതുതായി പല സ്ഥാപനങ്ങളും ആരംഭിക്കാൻ വിചാരിക്കുന്നുണ്ടു്. നമുക്കു കിട്ടിയ രേഖകൾ പരിശോധിച്ചാൽ പത്തു് അലോപ്പതി ഡിസ്പെൻസറികളും, ആറു് ആയുർവ്വേദ ഡിസ്പെൻസറികളും, ആറു് ഹോമിയോപ്പതി ഡിസ്പെൻസറികളും പുതുതായി ആരംഭിക്കുമെന്നു കാണാം. അതുപോലെതന്നെ എല്ലാ ആശുപത്രികളിലും ബഡ്ഡുകളുടെഎണ്ണം വർദ്ധിപ്പിക്കാൻ ഏകദേശം 7.53 ലക്ഷം രൂപയോളം നീക്കിവച്ചിട്ടുണ്ടു്. ആയുർവേദത്തിനു് 3 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ടു്. അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി എന്നീ വിവിധ വിഭാഗങ്ങൾക്കും പ്രോത്സാഹനം നൽകുന്ന ഒരു സമീപനം ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ളതായി കാണുന്നതു സന്തോഷപ്രദമാണു്.

ഒന്നുരണ്ടുകാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. പബ്ലിക്കുഹെൽത്തു് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനഫലമായി, ഇപ്പോൾ, മലേറിയാ നമ്മുടെ നാട്ടിൽനിന്നു് നിഷ്കാസനംചെയ്യപ്പെട്ടിരിക്കുകയാണു്. അതു് വളരെയധികം അഭിനന്ദനാർഹമാണു്. അതുപോലെ അതിൽ പ്രവർത്തിച്ചിരുന്ന ആളുകളെ ഗവണ്മെന്റുസർവ്വീസിലേക്കു് അബ്സാർബ് ചെയ്യുന്നതിനു തീരുമാനിച്ചിരിക്കുന്നതും വളരെ സന്തോഷപ്രദമാണു്. ഇതുപോലെ ഹെൽത്തുഡിപ്പാർട്ടുമെന്റു് ചില കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിച്ചാൽ പല അപകടങ്ങളിൽനിന്നും രക്ഷപ്രാപിക്കാൻ സാധിക്കും. പകരുന്ന പല രോഗങ്ങളും ഇല്ലാതാക്കാൻവേണ്ടി രാജ്യത്തു് എല്ലാ സ്ഥലത്തും നല്ല വെള്ളം കിട്ടാനുള്ള ഏർപ്പാടുചെയ്യണം. ശുദ്ധജല വിതരണത്തിനുള്ള ഏർപ്പാടുണ്ടായാൽ വളരെയധികം പകരുന്ന സുഖക്കേടുകളും ഇല്ലാതാക്കാം. അതിനുവേണ്ടി കേരളത്തിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. ആർബർ വാട്ടർസപ്ലൈസ്കീം, റൂറൽ വാട്ടർ സപ്ലൈ സ്കീമും യോജിപ്പിച്ചു് എല്ലാ ഭാഗത്തും നല്ലവെള്ളം കിട്ടാനുള്ള ഒരു മാസ്റ്റർപ്ലാൻ തയാറാക്കി പ്രയോഗത്തിൽ വരുത്തിയാൽ ഈ കാര്യം സാധിക്കും. നല്ല വെള്ളം ലഭിക്കുന്നതിന്റെ ഫലമായി കാളറാ, ടൈഫായിഡു്, ഡിസൻട്രി മുതലായ രോഗങ്ങളും നിയന്ത്രിക്കാം. അതുപോലെ മറ്റൊരുകാര്യമാണു്, ലട്രീൻ സൗകര്യം. കേരളത്തിൽ എല്ലാ പ്രദേശത്തും ലട്രീൻ സൗകര്യം ഉണ്ടാക്കിയാൽ മലമൂത്രങ്ങൾ മൂലം പകരാൻ ഇടയുള്ള പല രോഗങ്ങളേയും തടയാൻ സാധിക്കും. ഈച്ചകൾ പരത്തുന്ന പല പകർച്ചവ്യാധികളും ലട്രീൻ സൗകര്യം ഉണ്ടായാൽ തടയാവുന്നതാണു്. ഇങ്ങനെയുള്ള സൗകര്യങ്ങളും ഉണ്ടാക്കികൊടുക്കുന്നതുകൊണ്ടു്, രോഗശമനത്തിനുവേണ്ടി ചെലവാക്കേണ്ടിവരുന്ന തുക വളരെ കുറയുന്നതാണു്. ശുദ്ധജലവും ലട്രീൻ സൗകര്യവും ഉണ്ടായാൽ പല രോഗങ്ങൾക്കും നിവാരണമാകും. അങ്ങനെ നമുക്കു വളരെയധികം ചെലവു ചുരുക്കാൻ സാധിക്കുന്നതാണു്. ഈവക കാര്യങ്ങളിൽ ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

2/1774/V

LIBRARY ARCHIVES Kerala Legislative Assembly

[Mr. Speaker in the Chair]

ശ്രീ. പി. കെ. അബ്ദുൽഖാദർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണു്. കഴിഞ്ഞ ഒരു കൊല്ലക്കാലമായി ഈ വകുപ്പു് മന്ത്രിയും ഡിപ്പാർട്ടുമെൻറും നമ്മുടെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ കാണിച്ച ശ്രദ്ധ്ക്കാന്തിയിൽ ഞാൻ ബന്ധപ്പെട്ടവരെ അനുമോദിക്കുകയാണു്. ഈ സന്ദർഭത്തിൽ ചില കാര്യങ്ങൾ ഈ സഭയുടേയും മന്ത്രിയുടേയും ശ്രദ്ധയിൽ പെടുത്തുവാൻ ആഗ്രഹിക്കുകയാണു്. ഇന്നു നാം പ്രധാനമായും രോഗങ്ങളെ ചികിത്സിച്ചു ഭേദമാക്കുന്നതിനാണു് കൂടുതൽ താല്പര്യം കാണിക്കുന്നതു്. രോഗം വരാതെ സൂക്ഷിക്കുന്നതിനുള്ള പ്രിവൻറീവു് സൈഡിൽ നാം അത്ര തന്നെ ശ്രദ്ധ പതിപ്പിക്കുന്നില്ല എന്നു പറയേണ്ടിയിരിക്കുന്നു. രോഗം വന്നിട്ടു ചികിത്സിച്ചു ഭേദമാക്കുന്നതിനുവേണ്ടിവരുന്നതിൻറെ പത്തിലൊന്നു് സംഖ്യ ചെലവാക്കുകയാണെങ്കിൽ അതിനനുസരിച്ചു പ്ലാൻ തയാറാക്കികൊണ്ടു് രോഗ നിവാരണത്തിനായി പ്രവർത്തിക്കുകയാണെങ്കിൽ വളരെ പണം ലാഭിക്കാനും മാനവിതലമുറയുടെ സുരക്ഷിതത്വത്തിനായി പലതും പ്രവർത്തിക്കുവാനും കഴിയും. പരിഷ്കൃത ചികിൽസാ സമ്പ്രദായം മൂലം ഈ വസ്തുത ബോധ്യപ്പെട്ട വരികയാണു്. മലേറിയാ ഇറാഡിക്കേഷൻ പ്രോഗ്രാം ഭംഗിയായി നിർവഹിക്കപ്പെട്ടു. അതുപോലെ ഇന്നു വളരെയധികം രോഗികളും ഔട്ടുപേഷ്യൻറിൽ വന്നു ഇൻപേഷ്യൻറായി പ്രവേശിക്കപ്പെടുന്നതു, ഡിഫ്തീരിയാ, ടെറനസ്, വില്ലൻചുമ മുതലായ സുഖക്കേടു് പിടിച്ചിട്ടാണു്. ഇതെല്ലാം ആസ്പത്രികളിലെ കണക്കുകളിൽ നിന്നും കാണാൻ കഴിയുന്ന വസ്തുതയാണു്. ഇതിനു ടിപ്പിംഗ് വാക്സിൻ പ്രയോഗം വളരെയധികം ഫലപ്രദമായ ഒരു നിവാരണ നടപടിയാണു്. സോവ്യറ്റു റഷ്യയെപ്പോലെ ചികിത്സാ സൗകര്യങ്ങളും അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള രാജ്യങ്ങളിൽ ഈ പ്രയോഗത്തിനു് ഫലപ്രദമായ നടപടികളും എടുത്തു വരുന്നുണ്ടു്. ആ കാര്യത്തിൽ ഗവണ്മെൻറു് വളരെയധികം ശ്രദ്ധിക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഒരു ഫോസ്ഡ് പ്രോഗ്രാം വച്ചു കൊണ്ടു് പ്രിവൻറീവു് സൈഡ് കൂടുതൽ ശ്രദ്ധിക്കണമെന്നും അതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തണമെന്നും ഞാൻ മന്ത്രിയോടപേക്ഷിക്കുകയാണു്.

സർ, മറെറാരു കാര്യം എനിക്കു ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തുവാനുള്ളതു ടി. ബി. രോഗികൾക്കു ധനസഹായം നൽകുന്നതിനെ സംബന്ധിച്ചാണു്. ടി. ബി. രോഗികൾക്കു ഒരു കൊല്ലത്തേക്കാണു് ഇന്നു് ധനസഹായം നൽകുന്നതു്. ഇന്നു രോഗികൾക്കു ഒരു കൊല്ലത്തേക്കു കൊടുക്കുന്ന ധനസഹായം കൊണ്ടുമാത്രം മതിയായ സംരക്ഷണം കിട്ടുന്നില്ല. അതുകൊണ്ടു് രോഗം മാറുന്നതുവരെയോ, അല്ലെങ്കിൽ ടി. ബി. ക്ലിനിക്കിലോ, ആശുപത്രി പ്രവേശനം കിട്ടുന്നതുവരെയോ ഈ ധനസഹായം ചെയ്യേണ്ടതാണു്. അങ്ങനെയൊരു തീരുമാനമെടുക്കണമെന്നു ഞാൻ ഗവണ്മെൻറിനോടഭ്യർത്ഥിക്കുകയാണു്.

മറെറാരു കാര്യം എനിക്കു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെടുത്തുവാനുണ്ടു്. വളരെക്കാലമായി ഈ സഭയിൽ പല ഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുള്ള ഒരാവശ്യമാണു് തൃശ്ശൂർ ജില്ലയിൽ ഒരു മെഡിക്കൽ കോളേജു് സ്ഥാപിക്കണമെന്നുള്ളതു്. വളരെ ശ്രദ്ധയോടുകൂടി ആ കാര്യം ഗവണ്മെൻറു പരിഗണിച്ചു്, എറവും വേഗം ഒരു മെഡിക്കൽ കോളേജു് തൃശ്ശൂർ ജില്ലയിൽ സ്ഥാപിക്കണമെന്നു് അഭ്യർത്ഥിക്കുകയാണു്. മറെറാരുകാര്യം എനിക്കു് ചൂണ്ടിക്കാണിക്കുവാനുള്ളതു്.....

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഓരോ ജില്ലയിലും ഓരോ മെഡിക്കൽ കോളേജു് സ്ഥാപിച്ചാൽ കൊള്ളുകില്ലേ ?

ശ്രീ. പി. കെ. അബ്ദുൽഖാദർ : അതിനും എനിക്കു വിരോധമില്ല.

ശ്രീ. ഈ. പി. ഈപ്പൻ : തൃശ്ശൂർ ജില്ലയിൽ മെഡിക്കൽ കോളേജു് വേണമെന്നു പറയുവാൻ പ്രത്യേകമായ വല്ല ഉദ്ദേശവും ഉണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. അബ്ദുൽഖാദർ : തിരുവനന്തപുരത്തെ സ്വന്തം അനുഭവം വച്ചുകൊണ്ട് ഇങ്ങനെ പറയുന്നതായിരിക്കാം. ഏതായാലും തൃശ്ശൂർ ജില്ലയിലെ മിക്ക ജനങ്ങളും ഇതാവശ്യപ്പെട്ടിട്ടുണ്ടെന്നുള്ള നിലയ്ക്ക് ഒരു മെഡിക്കൽകോളേജ് ഉണ്ടാക്കുന്നകാര്യം പ്രത്യേകം ശ്രദ്ധിക്കണം.

സർ മറ്റൊരു കാര്യം എനിക്ക് സഭയിൽ ചൂണ്ടിക്കാണിക്കുവാനുള്ളത് ശുദ്ധജലവിതരണസൗകര്യത്തെ സംബന്ധിച്ചാണ്. ശുദ്ധജലവിതരണ കാര്യത്തെപ്പറ്റി പറയുമ്പോൾ തിരുവനന്തപുരത്തെ ജലവിതരണമാണ് ഓർമ്മയിൽ വരിക. തെക്കേയിൻഡ്യയിലെ ഏറ്റവും നല്ല ശുദ്ധജല വിതരണ പദ്ധതി എന്ന പേരുകേട്ടിരുന്ന തിരുവനന്തപുരത്തു ഇപ്പോൾ വെള്ളത്തിൽ മുഴുവനും ക്ലോറിൻ നിറഞ്ഞിരിക്കുകയാണ്. ഈ ന്യൂനത സംഭവിക്കുവാൻ കാരണമെന്താണെന്നുള്ളതിനെപ്പറ്റി കൂലംകഷമായ അന്വേഷണം നടത്തി പരിഹാരം കാണേണ്ടതു അത്യാവശ്യമായ കാര്യമാണ്. മറ്റൊരു കാര്യം എനിക്ക് പറയുവാനുള്ളതു തീരപ്രദേശത്തെ ശുദ്ധജലവിതരണത്തെ സംബന്ധിച്ചാണ്. കൊടുങ്ങല്ലൂർ, നാട്ടിക, വൈപ്പിൻകര മുതലായ പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം ഉണ്ടെന്നുള്ള കാര്യം ഗവണ്മെൻറും സമ്മതിക്കുന്നുണ്ട്. മത്സ്യ വ്യവസായം കൊണ്ട് സ്റ്റേറിനു വമ്പിച്ച ഡോളർ സമ്പാദിച്ചുതരുന്ന ഈ പ്രദേശങ്ങളെ ജലവിതരണ കാര്യത്തിൽ അവഗണിക്കരുതെന്നു എനിക്ക പ്രത്യേകമായി അപേക്ഷയുണ്ട്. കൊടുങ്ങല്ലൂർ ആശുപത്രിയുടെ കാര്യത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധ പതിഞ്ഞിട്ടുണ്ടെന്നു ഇവിടെ ചോദ്യോത്തരവേളയിൽ വ്യക്തമായിട്ടുണ്ട്. ഈ കൊല്ലം 600 അഡ്മിഷണൽ ബെഡ്ഡുകൾക്ക് ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ളതിൽ ആവശ്യമായ ബഡ്ഡുകൾ ആസ്ത്രിയിലേയ്ക്ക് നൽകേണ്ടതാണ്. പ്രസ്തുത ആശുപത്രി കൊടുങ്ങല്ലൂർ താലൂക്കിലുള്ളവർക്ക് മാത്രമല്ല, നാട്ടിക പ്രദേശത്തുള്ള ആളുകൾക്കും വളരെ ഉപകാരപ്രദമായിത്തീരുന്നുണ്ട്. അതുകൊണ്ട് കൊടുങ്ങല്ലൂർ ആശുപത്രിയുടെ വികസനകാര്യത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്നു ഞാൻ മന്ത്രിയോടഭ്യർത്ഥിക്കുകയാണ്. അവിടെ ഒരു ഔട്ട് പേഷ്യൻറ് ബ്ലോക്ക് പ്രത്യേകമായി ആവശ്യമാണ്. അഴിക്കോട് ഹെൽത്ത് സെൻറിനേറിയും ആയുർവേദ ആശുപത്രിയുടേയും കാര്യത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കുകയും കെട്ടിടം പണി, മരുന്നു സപ്ലൈ മുതലായ കാര്യങ്ങളിൽ ഇന്നുള്ള കുത്തഴിഞ്ഞ അവസ്ഥ മാറ്റിതീർക്കുന്നതിനു വേണ്ടതെല്ലാം ചെയ്യുകയും ചെയ്യണം. കഴിഞ്ഞകൊല്ലം വളരെ കാര്യക്ഷമമായി മഹത്തായ സേവനങ്ങൾ ചെയ്തിട്ടുള്ളതു അനുസ്മരിക്കുന്നതോടൊപ്പം ഭാവിയിലും കൂടുതൽ നല്ല കാര്യങ്ങൾ ഡിപ്പാർട്ടുമെൻറും ബഹുമാനപ്പെട്ട മന്ത്രിയുംകൂടി ഇനിയുള്ള കാലം ചെയ്യാൻ ശ്രമിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് എൻറെ വാക്കുകൾ ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. എം. അലിക്കുഞ്ഞു ശാസ്ത്രി : സർ, ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് അദ്ദേഹത്തിൻറെ ശ്രദ്ധയിൽ രണ്ടുമൂന്നു കാര്യങ്ങൾ കൊണ്ടുവരാനാണ് ഞാൻ ഈ അവസരം വിനിയോഗിക്കുന്നതു. ആയുർവേദത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ ഗവണ്മെൻറ് അനുവർത്തിച്ചുവരുന്ന നയം ഒരു ചിറ്റമ്മനയമാണെന്നു പറയാതെ നിവൃത്തിയില്ല. ആയുർവേദ ചികിത്സാ സമ്പ്രദായം വളരെക്കാലം കേരളത്തിലും ഭാരതത്തിലും അംഗീകരിച്ചുവന്നിരുന്ന മഹത്തായ ഒരു ചികിത്സാ സമ്പ്രദായമാണ്. ആയുർവേദ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കുറെ വർഷങ്ങളായി ഇവിടെ അധികാരത്തിൽ വന്നിട്ടുള്ള ഗവണ്മെൻറുകൾ അങ്ങേയറ്റത്തെ പ്രയാസങ്ങൾ ഉണ്ടാക്കുകയാണെന്നുള്ള കാര്യം വളരെയധികം ഖേദത്തോടുകൂടി ഞാൻ അനുസ്മരിച്ചുപോകുകയാണ്. ഏതു ഗവണ്മെൻറ് വന്നാലും ആയുർവേദ കോളേജിലെ വിദ്യാർത്ഥികൾ നിരാഹാര സത്യാഗ്രഹവും പഠനമുടക്കും നടത്താത്ത കാലം ഉണ്ടായിട്ടില്ല. ആയുർവേദ പഠനക്രമത്തിൽ വേണ്ട പരിഷ്കാരങ്ങൾ വരുത്തണമെന്നു മുറവിളി കൂട്ടുമ്പോൾ എല്ലായ്പ്പോഴും ചെയ്യാറുള്ളതു ഒരു കമ്മിറ്റി രൂപീകരിച്ചിട്ട് പിന്നെ ഒന്നും ചെയ്യാതിരിക്കുകയാണ്. അങ്ങനെയൊരു സമ്പ്രദായം നടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. അലിക്കുഞ്ഞു ശിസ്യൻ]

കഴിഞ്ഞവർഷവും ഇതുപോലൊരു കമ്മിറ്റി ഉണ്ടാക്കി. മി. ഏ. എൻ. തമ്പി ചെയർമാനായി ഒരു ആയുർവേദ പരിഷ്ക്കരണ കമ്മിറ്റിയുണ്ടായിരുന്നു. ആ കമ്മിറ്റി കാര്യമായി ചെയ്തിട്ടുള്ളതു അനേകതവണ കമ്മിറ്റി കൂടുകയും ആയിരക്കണക്കിനു ടി. ഏ. വാങ്ങിക്കുകയുമാണു്. അതെല്ലാം കഴിഞ്ഞിട്ടു് ചില നിർദ്ദേശങ്ങളും ഗവണ്മെൻറിന്റെ ക്ലേശകരമായ ആലോചനയ്ക്കു് വിട്ടു കൊടുത്തിട്ടുണ്ടു്.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു് തെറ്റാണു്, ആയിരക്കണക്കിനു രൂപയൊന്നും വാങ്ങിയിട്ടില്ല. ആകെ 50 രൂപമാത്രമേ ഇതുവരെ ആ കമ്മിറ്റിക്കുവേണ്ടി ചെലവായിട്ടുള്ളു.

ശ്രീ. എം. അലിക്കുഞ്ഞുശാസ്യൻ : മന്ത്രി പറഞ്ഞതു ഞാൻ വിശ്വസിക്കുകയാണു്. ആ കമ്മിറ്റി റിപ്പോർട്ടു സമർപ്പിച്ചിട്ടു് മാസം പലതു കഴിഞ്ഞു. ഏതാനും ദിവസങ്ങൾക്കുമുമ്പു് ആ റിപ്പോർട്ടിനെപ്പറ്റി പഠിച്ചുകൊണ്ടിരിക്കുകയാണെന്നും ആയുർവേദത്തെ സംബന്ധിച്ചിടത്തോളം അതു വളരെ ദൂരവ്യാപകമായ, സുചിന്തിതമായ ഫലം ഉണ്ടാക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. അതിനുശേഷം എന്തായി എന്നറിഞ്ഞുകൂടാ. ആയുർവേദ വിദ്യാർത്ഥികൾ ഇന്നു ത്രിശങ്കു സ്വർഗ്ഗത്തിലായിരിക്കുകയാണു്. ഡിപ്ലോമായുമില്ല ഡിഗ്രിയുമില്ല. ശുദ്ധ ആയുർവേദവും ഇല്ല, അലോപ്പതിയുമില്ല. സർജറി നടത്തുന്നതിനു അവകാശം കൊടുത്തിട്ടില്ല. ഏതായാലും മനുഷ്യോചിതമായ രീതിയിൽ ധീരമായ കാൽവയ്പ്പോടുകൂടി മെഡിക്കൽ മന്ത്രി ആയുർവേദ പരിഷ്ക്കരണം ഏറ്റെടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. പാവപ്പെട്ട ആയുർവേദ ബിരുദധാരികളുടെ കാര്യം സമുചിതമായവിധത്തിൽ കൈകാര്യം ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. അതുപോലെതന്നെ സിദ്ധവൈദ്യത്തെ സംബന്ധിച്ചും കാര്യമായി ഒന്നും ചെയ്തുകണ്ടില്ല. സിദ്ധവൈദ്യത്തേയും അവഗണിച്ചിരിക്കുകയാണു്. അതാണു് ഞാൻ നേരത്തേ പറഞ്ഞതു് ഈ രോഗത്തു ഒരു ചിറ്റമ്മ മനോഭാവമാണു് കൈക്കൊള്ളുന്നതു് എന്നു്. യുനാനി സംപ്രദായം തകർന്നിരിക്കുകയാണു്. വേണ്ടത്ര പ്രോത്സാഹനം ഗവണ്മെൻറു് നൽകുന്നില്ല. ഈ കാര്യങ്ങളിലെല്ലാം ഗവണ്മെൻറു അനുവർത്തിച്ചുവരുന്ന നയം ഒന്നു പുനഃപരിശോധന ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

മറ്റൊരു കാര്യം എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളതു് ഇവിടെ വൈദ്യന്മാരല്ലാത്ത ആളുകളും, 'എ' ലൈസൻസോ, 'ബി' ലൈസൻസോ, 'സി' ലൈസൻസോ കിട്ടിയിട്ടില്ലാത്ത ചില കുത്തക കച്ചവടക്കാർ മറ്റു ചിലരുടെ കൈയർ ഓഫിൽ അരിഷ്ടാസവങ്ങൾ ഉണ്ടാക്കി വില്പന നടത്തുന്നുണ്ടു്. എക്സൈസു് ഡിപ്പാർട്ടുമെൻറും മെഡിക്കൽ ഡിപ്പാർട്ടുമെൻറുമായി ഒരു ഒത്തുകളി നടത്തുന്നതിന്റെ ഫലമായി ഇങ്ങനെ നടക്കുന്നുണ്ടു്. അതിന്റെ ഫലമായി അവർ വലിയ സമ്പാദ്യക്കാരായി മാറുന്നുവെങ്കിൽ ഞങ്ങൾക്കു അതിൽ പരാതിയില്ല. സൂക്ഷ്മമായി അന്വേഷിച്ചുകൂടി ഈ 'ഭ്രാന്താരിഷ്ടവും' 'കിറുക്കാരിഷ്ടവും' ഇന്നു വൻതോതിൽ ഇവിടെ വിൽപ്പന നടത്തുന്നുണ്ടു്. തിരുവനന്തപുരം പട്ടണത്തിൽ ലൈസൻസില്ലാത്ത വൈദ്യന്മാർ ഈ കിറുക്കാരിഷ്ടം തയാറാക്കുന്നുണ്ടു്. ഇതു കുടിക്കുന്നതിന്റെ ഫലമായി അനേകം ആളുകൾ കരൾ വെണ്ണീറു് അഴുകി പിടഞ്ഞു മരിക്കുന്നുണ്ടെന്നുള്ളതു് ഒരു ദുഃഖസത്യം മാത്രമാണു്. ഇതെല്ലാം സംഭവിക്കുന്നതു് ഗവണ്മെൻറു് ആസവാരിഷ്ടങ്ങൾ വിൽപ്പന നടത്തുന്നതിനു ലൈസൻസു കൊടുക്കുന്നതുകൊണ്ടാണു്. ഈ കാര്യം കണക്കിലെടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. ഇവിടെ ഒരു ഡ്രഗ്സ് കൺട്രോളർ ഉണ്ടു്. ഈ അരിഷ്ടം ഉണ്ടാക്കുന്നതു കളയട്ട, കരിപ്പുകട്ടി, സ്പിരിറ്റു തുടങ്ങിയ സാധനങ്ങൾ കൊണ്ടാണെന്നു പറഞ്ഞാലും അതു കൽക്കട്ടായിൽ അയച്ചു പരിശോധന നടത്തി ഫലം അറിഞ്ഞു വരുമ്പോഴത്തേക്കും കാലം വളരെ താമസിക്കും. കോടതിയിൽ പോകുന്ന മിക്ക കേസുകളും വെറുതെ പോകുകയാണു്. ഇവിടെ ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലാബറട്ടറിയുണ്ടു്. ജനറലാശുപത്രിയുടെ താഴെ പബ്ലിക് ഹെൽത്തു ലാബറ

LIBRARY ARCHIVES Kerala Legislative Assembly

ട്ടറിയോട് അനുബന്ധിച്ച് കെട്ടിടം കെട്ടിയിട്ട അങ്ങനെ ഇട്ടിരിക്കുകയാണ്. സെൻട്രൽ ഗവണ്മെൻറിന്റെ സഹായം കിട്ടുന്ന ഒരു പദ്ധതിയാണ്. വേണ്ട വണ്ണം ഇതു പ്രവർത്തനയോഗ്യമാക്കുന്നപക്ഷം ഇങ്ങനെ ഇവിടെ ഉണ്ടാക്കുന്ന കൃത്രിമ അരിഷ്ടാസവങ്ങളുടെ ഉൽപാദനം നിശ്ശേഷം ഇല്ലാതാക്കാവുന്നതാണ്.

പ്രാദേശികമായി എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചുള്ള ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. കണിയാപുരത്തു ഒരു വലിയ കെട്ടിടം കെട്ടി ആശുപത്രി എന്നപേരിൽ നിൽക്കുന്നുണ്ട്. അവിടം ഇന്നു ഒരു അനാഥാലയമായി മാറിയിരിക്കുകയാണ്. ഡാക്ടർ ഇല്ല, നേഴ്സ് ഇല്ല, വേണ്ടത്ര സൗകര്യങ്ങളും ഇല്ല. അനേകപ്രാവശ്യം ഹെൽത്തുഡിപ്പാർട്ടുമെൻറിനോടും ബഹുമാനപ്പെട്ട മന്ത്രിയോടും നിവേദനം നടത്തിയിട്ടുണ്ട്. വേണ്ടത്ര സ്റ്റാഫും ഉപകരണങ്ങളും നൽകി അതിനെ ആശുപത്രിയായി ഉപയോഗിക്കത്തക്ക രീതിയിൽ വികസിപ്പിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകളും ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. എ. എൽ. ജേക്കബ് : സർ, ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുന്നു. ഇൻഡ്യയിലുള്ള മറ്റു എല്ലാ സ്റ്റേറ്റുകളിലും വെച്ച് വളരെ കാര്യക്ഷമമായി പ്രവർത്തനം നടത്തുന്ന ഒരു ഡിപ്പാർട്ടുമെൻറാണ് നമ്മുടെ ആരോഗ്യവകുപ്പ്. അതിനു ബന്ധപ്പെട്ട മന്ത്രിയേയും ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരേയും എത്രതന്നെ അനുമോദിച്ചാലും മതിയാകുകയില്ല. ഇങ്ങനെ നല്ല നല്ലകാര്യങ്ങളും ചെയ്യുന്ന ഒരുവകുപ്പാണു് ഇതെങ്കിലും എനിക്ക് പ്രത്യേകമായി ഒരു കാര്യം ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. തൃശ്ശൂരിലുള്ള മുളംകുന്നത്തുകാവു ചെയരോഗാശുപത്രിയെപ്പറ്റി എല്ലാവർക്കും അറിയാവുന്നതാണ്. അതു് നമ്മുടെ സ്റ്റോറിലെ ഒന്നാം നമ്പർ സാനിട്ടോറിയം ആണ്. അവിടെ മുന്നൂറോളം ബെഡ്ഡുകളുണ്ട്. മൂന്നു മുതൽ നാന്നൂറുവരെ രോഗികളും ദിവസവും അവിടെ വന്നു മരുന്നുവാങ്ങികൊണ്ടുപോകുന്നുണ്ട്. ആധുനിക സജ്ജീകരണങ്ങളോടുകൂടി ഉണ്ടാക്കിയിട്ടുള്ള ആ ആശുപത്രിയിൽ ഒരു സൂപ്രണ്ടും, നാലു ഡാക്ടറന്മാരും ആറു നെഴ്സുമാരും ആണുള്ളതു്. മുമ്പു അഞ്ചു ഡാക്ടറന്മാരും, ഇരുപത്തിമൂന്നു് നേഴ്സുമാരും ഉണ്ടായിരുന്നു. അതുകൊണ്ട് അവിടെ സ്റ്റാഫിന്റെ എണ്ണം കുറഞ്ഞതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചു് ആവശ്യമായ നടപടികളെടുക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളതു്. എനിക്ക് അടുത്തതായി പറയുവാനുള്ളതു് അവിടത്തെ മെസ്സിനെപ്പറ്റിയാണ്. അവിടെ സ്റ്റാഫിന്റെ വക ഒരു മാനേജിംഗ് കമ്മിറ്റി കോവാപ്പറേറ്റീവു് സൊസൈറ്റിയുടെ പേരിലാണ് മെസ്സ് നടത്തുന്നതു്. ഞാൻ ഈയിടെ അവിടം, സന്ദർശിച്ചപ്പോൾ അവിടെയുള്ള മെസ്സ് ഇപ്പോൾ നല്ല രീതിയിലല്ല നടത്തുന്നതെന്നും വളരെ മോശമായ രീതിയിലാണ് ഇപ്പോൾ ആഹാരം കൊടുക്കുന്നതെന്നും രോഗികൾ ആവലാതിപ്പെടുകയുണ്ടായി. അതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി അന്വേഷിച്ചു് ആവശ്യമായ നടപടികളെടുക്കേണ്ടതാണ്. എറണാകുളത്തെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ ഞങ്ങൾക്ക് ഏറ്റവും ആവശ്യമായ ഒരു ഡീപ്പ് എക്സ്റേ അവിടത്തെ ആശുപത്രിയിൽ സ്ഥാപിച്ചു തന്നതിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അനുമോദിക്കുകയാണ്. പക്ഷേ, ആ എക്സ്റേയ്ക്ക് കുറച്ചു ദിവസമായി ഒരു ഗ്യാസ് ട്യൂബിനും ആരംഭിച്ചിരിക്കുകയാണ്. അതിന്റെ ഒരു ട്യൂബിനെന്തോ കേട് സംഭവിച്ചുവെന്നും അതു് മാറ്റിയിടണമെന്നുമാണ് അറിയുന്നതു്. അതിനുവേണ്ടി 13000—ത്തോളം രൂപാ വേണ്ടിവരുമെന്നാണ് അറിയുന്നതു്. കഴിയുന്നതും വേഗം അതു് മാറ്റിയിട്ട് എക്സറേ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

അടുത്തതായി എനിക്ക് പറയാനുള്ളതു് അവിടെ കഴിഞ്ഞ പ്രാവശ്യം വളരെ മോശമായി പ്ലാസ്റ്റർ ഓഫ് പാരീസ് വാങ്ങിയതുകൊണ്ട്, അതു പയോഗിക്കാൻ സാധിക്കുന്നില്ലെന്നുള്ളതിനെപ്പറ്റിയാണ്. അതു്. ഇട്ട് ശരിപ്പെടുത്തികഴിഞ്ഞാൽ മണ്ണ് ഉതിർന്നു വീഴുന്നതുപോലെ പോകും. വളരെ ചീപ്പ് കാളിറിയുള്ള പ്ലാസ്റ്ററർ ഓഫ് പാരീസാണ് കഴിഞ്ഞ തവണ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. എൽ. ജേക്കബ്]

അവിടെ വാങ്ങിച്ചിട്ടുള്ളതെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ട് ഇനി വാങ്ങിക്കുമ്പോഴെങ്കിലും അക്കാര്യത്തിൽ ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

എറണാകുളം ജില്ലയിൽ വെള്ളം വിതരണംചെയ്യുന്നതിനെസംബന്ധിച്ചിടത്തോളം എനിക്ക് വളരെയധികം കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ടായിരുന്നു. പക്ഷേ, സമയം ഇല്ലാത്തതുകൊണ്ട് ഒന്നു രണ്ടു കാര്യങ്ങൾ മാത്രം പറയാൻ പോകുകയാണ്. എറണാകുളത്തുള്ളവർക്ക് ഇപ്പോൾ ആവശ്യത്തിനുപോലും വെള്ളം കിട്ടാത്ത ഒരു സ്ഥിതിവിശേഷമാണുള്ളത്. എന്നാൽ ഇപ്പോൾ അവിടെ തരുന്ന വെള്ളത്തിനു തന്നെ അങ്ങേയറ്റത്തെ റേറ്റാണ് ഗവണ്മെൻറിൽനിന്നും ഈടാക്കുന്നത്. കൊച്ചി ഗവണ്മെൻറ് അവിടെ ഭരിച്ചിരുന്ന കാലത്ത് വെള്ളത്തിന് യാതൊരു വിധത്തിലുള്ള നികുതിയും പിരിച്ചിരുന്നില്ല. അതു കഴിഞ്ഞ് തിരുവിതാംകൂർ—കൊച്ചിയായപ്പോൾ നാലണ വീതം വാങ്ങിക്കൊണ്ടിരുന്നു. ഇപ്പോൾ കേരളസ്റ്റേറ്റ് ആയതോടുകൂടി പന്ത്രണ്ട് അണ വീതം ഈടാക്കുകയാണ്. തിരുവനന്തപുരത്ത് വെള്ളം കൊടുക്കുന്നതിന് ഒരു കാശുപോലും വാങ്ങിക്കുന്നില്ല. പിന്നെയെന്തിനാണ് ഞങ്ങളോട് ഈ ചിറ്റമ്മനയം കാണിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. എറണാകുളം മുനിസിപ്പാലിറ്റിയോട് ഇരുപതു ലക്ഷം രൂപയുടെ ക്ലെയിം ആണ് ആവശ്യപ്പെട്ടിരിക്കുന്നത്. അതിനുവേണ്ടി എറണാകുളം മുനിസിപ്പാലിറ്റി എന്തു പിഴച്ചുപെന്ന മനസ്സിലാകുന്നില്ല. തിരുവനന്തപുരത്തെക്കാൾ, സെയിൽസ് ടാക്സ്, അഗ്രികൾച്ചറൽ ഇൻകം ടാക്സ് എന്നീ ഇനങ്ങളിൽ കൂടുതൽ വരുമാനം കിട്ടുന്നത് എറണാകുളം ഡിസ്ട്രിക്റ്റിൽ നിന്നാണ്. പിന്നെ എന്തുകൊണ്ടാണ് ഞങ്ങളോട് ഇങ്ങനെ പെരുമാറുന്നതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. തിരുവനന്തപുരത്തിന് അനുവദിച്ചു കൊടുക്കുന്നതു പോലെ ഞങ്ങളേയും വെള്ളക്കരത്തിൽ നിന്നു ഒഴിവാക്കണമെന്ന ഗവണ്മെൻറിനോട് അപേക്ഷിച്ചുകൊള്ളുന്നു. എനിക്ക് പല കാര്യങ്ങളെപ്പറ്റിയും പറയുവാനുണ്ടെങ്കിലും സമയം ഇല്ലാത്തതു കൊണ്ട് അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ ; സർ. സമയക്കുറവുകൊണ്ട് നമ്മുടെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ അഡ്മിനിസ്ട്രേഷൻ കാര്യങ്ങളെക്കുറിച്ച് പറയണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ചില പ്രത്യേക പ്രശ്നങ്ങൾ ഈ സഭയുടെ മുമ്പിൽ വെയ്ക്കാൻ ഞാനാഗ്രഹിക്കുകയാണ്. 1030-ാമാണ്ട് മഹാരാജാവിൻറെ കാലത്ത് ആണ് നെടുമങ്ങാട്ട് ഒരു താലൂക്ക് ഹെഡ് കാർട്ടേഴ്സ് ആശുപത്രി സ്ഥാപിച്ചിട്ടുള്ളത്. 1030-ാം മാണ്ട് ആശുപത്രി തുടങ്ങിയ അന്ന് അവിടെയുണ്ടായിരുന്ന കെട്ടിടങ്ങളല്ലാതെ ഇന്നുവരെ അവിടെ വേറെ കെട്ടിടങ്ങളോ സൗകര്യങ്ങളോ ഉണ്ടായിട്ടില്ല. തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ നാലു താലൂക്കുകളും ഉള്ളതിൽ ഒന്നാണ് നെടുമങ്ങാട് താലൂക്ക്. നെടുമങ്ങാട്ടുള്ള ആശുപത്രിയിൽ അതു തുടങ്ങിയ കാലത്തുണ്ടായിരുന്ന കെട്ടിടത്തിൻറെ സൗകര്യമനുസരിച്ച് മുപ്പത്തിനാലു കിടക്കകളാണുള്ളത്. അങ്ങനെ മുപ്പത്തിനാലുപേർക്ക് കിടക്കാൻ സൗകര്യമുള്ള ആ ആശുപത്രിയിൽ ഇന്ന് 120 പേരെ കിടത്തി ചികത്സിക്കുന്നുണ്ട്. കൂടാതെ ദിവസവും ഏതാണ്ട് അഞ്ഞൂറോളം ആളുകൾ ഔട്ട് പേഷ്യൻറ്സായി വരുന്നുണ്ട്. ആ ആശുപത്രിക്കാവശ്യമായ സജ്ജീകരണങ്ങളും സൗകര്യങ്ങളും ഉണ്ടാക്കിത്തരണമെന്ന് പല പ്രാവശ്യവും ഇവിടെ മാറി മാറി വരുന്ന പല സർക്കാരിൻറെയും അടുക്കൽ ഞാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഒരു ഗവണ്മെൻറും അതിലെന്തെങ്കിലും ചെയ്യാൻ തയാറായില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സർക്കാർ ഇവിടെ ഭരിച്ചിരുന്ന കാലത്ത് ഒരു ചെറിയ പരിഷ്കാരം അവിടെ വരുത്തുകയുണ്ടായി. അതായത് വാട്ടർ സപ്ലൈ സ്കീം അവിടെ നടപ്പിലാക്കുകയുണ്ടായി. നെയ്യാറിൻകരയിൽ പാറശാലയിലുള്ള ഹോസ്പിറ്റലിലും, ചിറയിൻകീഴുള്ള താലൂക്ക് ഹെഡ്കോർട്ടേഴ്സ് ഹോസ്പിറ്റലിലും ആവശ്യമുള്ള സൗകര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ തമ്പി : നെയ്യാറിൻകരയിലുള്ള ആശുപത്രിയിൽ ഒരു പരിഷ്കാരവും വരുത്തിയിട്ടില്ലെന്നുള്ളതറിയാമോ ?

ശ്രീ. എൻ. നീലകണ്ഠൻ പണ്ടാരത്തിൽ : നെടുമങ്ങാട് ആശുപത്രിയുടെ സ്ഥിതിയും നെയ്യാറിൻകര ആശുപത്രിയുടെ സ്ഥിതിയും താരതമ്യപ്പെടുത്തി നോക്കിയാൽ രണ്ടിലും വെച്ച് ഏറ്റവും പരിഷ്കാരം വരുത്തിയിട്ടുള്ളത് നെയ്യാറിൻകര ആശുപത്രിയിലാണെന്നു കാണാം. നെയ്യാറിൻകര ആശുപത്രിയിൽ മൂന്നു ഡാക്ടറന്മാരുണ്ട്. നെടുമങ്ങാട്ട് ആശുപത്രിയിലാണെങ്കിൽ രണ്ടു പേർ മാത്രമാണുള്ളത്. ചിറയിൻകീഴ് ആശുപത്രിയിൽ നാലു ഡാക്ടറന്മാരുണ്ട്. തിരുവനന്തപുരത്ത് മെഡിക്കൽ കാമ്പസ് ഹോസ്പിറ്റലും, ജനറൽ ഹോസ്പിറ്റലും, പേരൂർക്കട ഒരു ഹോസ്പിറ്റലും ഉണ്ട്. എനിക്ക് പറയുവാനുള്ളത് നെടുമങ്ങാട്ടുള്ള താലൂക്ക് ഹെഡ്കോർട്ടേഴ്സ് ഹോസ്പിറ്റലിൽ പേരൂർക്കട ഹോസ്പിറ്റലിലുള്ള സൗകര്യമെങ്കിലും ചെയ്തുകൊടുക്കണമെന്നാണ്. ഇന്നു മറ്റുള്ള ഹോസ്പിറ്റലുകളിൽ സൗകര്യങ്ങളില്ലാത്തതുകൊണ്ടാണ് മെഡിക്കൽ കാമ്പസ് ഹോസ്പിറ്റലിൽ വലിയ തള്ളലുണ്ടാകുന്നത്. നെടുമങ്ങാട് ആവശ്യമായ സൗകര്യം ചെയ്തുകൊടുക്കുകയാണെങ്കിൽ നെടുമങ്ങാട് താലൂക്കിലുള്ളവർക്ക് അവിടെ പോയി ചികിത്സിക്കാമായിരുന്നു. വലിയ സീരിയസായിട്ടുള്ള കേസ്സുകളും മാത്രം തിരുവനന്തപുരത്തുള്ള ഹോസ്പിറ്റലിൽ കൊണ്ടുവന്നാൽ മതിയായിരുന്നു. അങ്ങനെയായാൽ തിരുവനന്തപുരം ഹോസ്പിറ്റലിലെ തള്ളകുറയുന്നതിനും സഹായകരമാകുന്നതാണ്. നെടുമങ്ങാട്ടുള്ളവർക്ക് വലിയ ഏതെങ്കിലും രോഗം വന്നാലുടൻതന്നെ തിരുവനന്തപുരത്തുള്ള ഹോസ്പിറ്റലിൽ വരേണ്ടിയിരിക്കുന്നു. ഈ സ്ഥിതി ഒന്നു അവസാനിപ്പിക്കാൻ ആവശ്യമായ സൗകര്യങ്ങളും അവിടെ ചെയ്തുകൊടുത്തു കൂടുതൽ ഡാക്ടറന്മാരെയും കൂടുതൽ സ്റ്റാഫിനെയും നിയമിക്കേണ്ടതാണ്. മുമ്പ് ഒരിക്കൽ ഞാൻ ഇക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തിയപ്പോൾ ഇതിനെപ്പറ്റി അനുഭാവപൂർവ്വം പരിഗണിക്കാമെന്നാണ് മറുപടി പറഞ്ഞത്. എന്നാൽ ഇതുവരെയും യാതൊരു വിധത്തിലുള്ള പരിഗണനയും അവിടെ ഉണ്ടായിട്ടില്ലെന്നുള്ളതാണ് വാസ്തവം.

ഞാനിക്ക് പൊതുജനാരോഗ്യവകുപ്പിന്റെ ചാർജ്ജുവഹിക്കുന്ന മന്ത്രിയെക്കുറിച്ച് ഒരു പരാതിയുണ്ട്. മുന്നുപ്രാവശ്യം തുടർച്ചയായി, നെടുമങ്ങാട് ഹോസ്പിറ്റലിന്റെ രോഗനീയാവസ്ഥയെക്കുറിച്ച് നേരിട്ട് കണ്ട് അറിഞ്ഞതിനുശേഷം ആവശ്യമായ നടപടികളും സ്വീകരിക്കണമെന്നു അവിടത്തെ ഒരു എം. എൽ. എ. എന്ന നിലയ്ക്ക് ഞാൻ ഈ മന്ത്രിയോടു ആവശ്യപ്പെടുകയുണ്ടായി. അതിനുശേഷം രണ്ടു മാസം കഴിഞ്ഞപ്പോൾ നെടുമങ്ങാട്ടുള്ള കോൺഗ്രസ് മണ്ഡലം കമ്മറ്റിയിലുള്ള ആരോ ഒരാൾ മന്ത്രിയോടു ആവശ്യപ്പെട്ടതിന്റെ ഫലമായി, മന്ത്രി അവിടെ വരികയുണ്ടായി. സാധാരണ ഒരു മന്ത്രി ഒരു സ്ഥലത്തുപോകുമ്പോൾ അവിടെയുള്ള എം. എൽ. എ. മാരെ വിവരം അറിയിക്കുക പതിവാണ്. എന്നാൽ അവിടത്തെ എം. എൽ.എ. ആയ എന്നെ മന്ത്രി അവിടെ വരുന്ന വിവരം അറിയിച്ചിട്ടില്ല. അദ്ദേഹം അവിടെ കോൺഗ്രസ് മണ്ഡലം ആഫീസിൽ വരികയും പരിവാരസമേതം നെടുമങ്ങാട് ആശുപത്രി സന്ദർശിക്കുകയും ചെയ്തു. പരിശോധിച്ചിട്ട് ഇത്തവണത്തെ ബഡ്ജറ്റ് വന്നതിനുശേഷം അതിനെപ്പറ്റി പരിഗണിക്കാമെന്നു പറയുകയുണ്ടായി. ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റ് പരിശോധിച്ചുനോക്കിയിട്ട് അതിനെ പറ്റി ഒന്നും ഇല്ല. നെടുമങ്ങാട് ആശുപത്രിയോട് അനുബന്ധിച്ച് ഒരു ലെപ്രസി വാർഡും ഒരു ററി. ബി. വാർഡും കെട്ടിയിട്ടുണ്ട്. കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടും വേണ്ട സജ്ജീകരണങ്ങളും പൂർത്തിയാക്കുകയോ ആവശ്യമുള്ള സ്റ്റാഫിനെ അപ്പോയിന്റു ചെയ്യുകയോ ചെയ്തിട്ടില്ല ; ലൈറ്റു കണക്ഷൻ കൊടുത്തിട്ടില്ല. ഇങ്ങനെ ഒന്നും ചെയ്യാതെ ഇട്ടിരിക്കുന്ന ആ വാർഡുകളും ഇന്നു അവിടെയുള്ള കമ്പൗണ്ടർമാരുടെയും, രോഗികളെ അന്വേഷിച്ചിരിക്കുന്ന സ്ത്രീകളുടേയും അസൗകര്യങ്ങൾക്കുമായ കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ.എൻ. നീലഗ്രൊ പണ്ടാരത്തിൽ]

സർ, ഒരു വാക്കു കൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കാം. അതു് ഇന്നു് തിരുവനന്തപുരത്തുള്ള മെഡിക്കൽ കോളേജു് ഹോസ്പിറ്റലിൽ പേവാർഡിലേക്കുള്ള അഡ്മിഷനിലുള്ള പോരായ്മയാണു്. സാധാരണ പേവാർഡിൽ രോഗികൾക്കു് അഡ്മിഷൻ കൊടുക്കുന്നതിനു് ഒരു വ്യവസ്ഥ വച്ചിട്ടുണ്ടു്. അതു് ആദ്യം ജനറൽ വാർഡിലേക്കു് പ്രവേശിച്ചിട്ടു് പേവാർഡിലേക്കു അപേക്ഷിക്കണം. അങ്ങനെ കിട്ടുന്ന അപേക്ഷയിൽ പ്രയോറിട്ടി അനുസരിച്ചാണു് ഓരോരുത്തർക്കും പ്രവേശനം കൊടുക്കുന്നതു്. ഇന്നു മെഡിക്കൽ കോളേജിലുള്ള ഡോക്ടറർ കല്ല്യാണിക്കുട്ടി അമ്മ പ്രയോറിട്ടി നോക്കുന്നതു് സാമ്പത്തിക പരിഗണന വെച്ചാണു്. ഇതിന്റെ ഫലമായി ഇന്നു് പല ആളുകളും കഷ്ടപ്പെടുന്നുണ്ടു്. ഇന്നു് അവിടെയുള്ള മറ്റു ഡോക്ടർമാരുടെ ഭാര്യമാർക്കുകൂടി പേവാർഡിൽ അഡ്മിഷൻ കിട്ടാത്ത സ്ഥിതി സംജാതമായിട്ടുണ്ടു്. ഇൻഡ്യയിലുള്ള ഒരാൾ ആഫ്റിക്കയിൽ പോയി വന്നിട്ടുള്ള ഒരാൾ ഇന്നു് നമ്മുടെ മെഡിക്കൽ കോളേജിലെ ഒരു ഡോക്ടറാണു്. ആ ആളിന്റെ ഭാര്യയ്ക്കു് മെഡിക്കൽ കോളേജു് ഹോസ്പിറ്റലിലെ പേവാർഡിലേക്കു് അപേക്ഷിച്ചപ്പോൾ, ഒരു വിധത്തിൽ അവിടെ അഡ്മിഷൻ കൊടുത്തിട്ടു് ആ ആളിനോടു് അപമര്യാദയായി പെരുമാറിയതിന്റെ ഫലമായി അവർ പ്രതിഷേധിച്ചു് പേവാർഡു് വിട്ടു് ഇറങ്ങിപോകേണ്ട ഒരു സ്ഥിതി ഈയിടെ ഉണ്ടായി. ഇത്തരത്തിലുള്ള പല സംഭവങ്ങളും ഇന്നു് നമ്മുടെ നാട്ടിൽ നടക്കുന്നുണ്ടെന്നു് ചൂണ്ടിക്കാണിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, പ്രതിപക്ഷങ്ങളുടെ പോലും പ്രശംസയ്ക്കും അനുമോദനങ്ങൾക്കും പാത്രീഭൂതനായ ആരോഗ്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഡിമാൻറിനെ ഞാൻ അനുകൂലിക്കുകയാണു്. സർ, ഈ സന്ദർഭത്തിൽ സമയം ഇല്ലാത്തതുകൊണ്ടു് ഒന്നുരണ്ടു കാര്യങ്ങൾ മാത്രമാണു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നതു്. മലമ്പനി നിവാരണത്തിനുവേണ്ടി ഇൻഡ്യഗവണ്മെൻറാരംഭിച്ച പരിപാടി അനുസരിച്ചു് ഈ സംസ്ഥാനത്തിലെ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി നിയമിച്ച രണ്ടായിരത്തോളം ജീവനക്കാർ ഈ മാർച്ചുമാസം 31-ാം തീയതിയോടുകൂടി പിരിഞ്ഞു പോകേണ്ടിവരികയാണു്. ഈ രണ്ടായിരം ജീവനക്കാരും നമ്മുടെ സംസ്ഥാനത്തിലെ കാടും മലയും കയറി ഇറങ്ങി വെയിലും മഴയും കൊണ്ടു് കഠിനമായി പ്രവർത്തിച്ചതിന്റെ ഫലമായി ഇൻഡ്യയിലെ മറ്റു് സംസ്ഥാനങ്ങളെ അപേക്ഷിച്ചു് ഇക്കാര്യത്തിൽ നമ്മുടെ സ്റ്റേറ്റു് മുൻപന്തിയിൽ നില്ക്കുകയാണെന്നുള്ള വിവരം എല്ലാവരും സമ്മതിച്ചിട്ടുള്ളതാണു്. അങ്ങനെ നമ്മുടെ സംസ്ഥാനത്തിനു് പ്രശസ്തിയുണ്ടാക്കിയ ഈ രണ്ടായിരംപേരെ മാർച്ചു് 31-ാം തീയതിയോടുകൂടി തെരുവുകളിലേക്കു് ഇറക്കിവിടാതെ അവർക്കു് മറേറതെങ്കിലും തുറകളിൽ ജോലി കൊടുക്കുന്നതിനു ധാർമ്മികമായ ഒരു കടമ ഈ ഗവണ്മെൻറിനുണ്ടു്. രണ്ടായിരം പേരിൽ നാന്നൂറുപേർ സൂപ്പർവൈസർ കേഡറിലുള്ളവരാണു്. ബാക്കിയുള്ളവർ അവരിൽനിന്നു കുറേക്കൂടി താണ കേഡറിൽ ജോലി ചെയ്യുന്നവരുമാണു്. അവരിൽ സ്ക്രീനൈനൽ പാസ്സായവരാണു് അധികംപേരും. തോററവരും ഉണ്ടു്. ഏജ്ബാർ കഴിഞ്ഞിട്ടുള്ളവരും ഉണ്ടു്, കഴിയാത്തവരും ഉണ്ടു്. അങ്ങനെ ഏജ്ബാർ കഴിഞ്ഞിട്ടുള്ളവർക്കു് ഇനി എന്തെങ്കിലും ജോലിക്കു് പോകാനും സാധിക്കുകയില്ല. ഈ വക കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടു് അവർക്കു് ഹെൽത്തു് ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ തുടർന്നു ജോലി ലഭിക്കുന്നതിനും നൽകുന്നതിനും വേണ്ട സത്വര നടപടികളും ഗവണ്മെൻറു് എടുക്കണം. മറ്റു വകുപ്പുകളിൽ ഒഴിവുകൾ വരുമ്പോൾ അവർക്കു് മുൻഗണന കൊടുത്തുകൊണ്ടു് അവിടെയെല്ലാം നിയമിക്കുന്നതിനും വേണ്ട നടപടികളെടുക്കേണ്ടതാണു്. ഈ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ഇവർ ജോലിനോക്കിക്കൊണ്ടിരുന്ന അവസരത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മറ്റു ജോലികൾക്കു് അപേക്ഷകൾ ക്ഷണിച്ചപ്പോൾ ഇവരിൽ പരീക്ഷായോഗ്യതകളുള്ളവർ അപേക്ഷിച്ചിരുന്നു. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഹെൽത്തു് ഡിപ്പാർട്ടുമെൻറു് തടഞ്ഞുവച്ചതുകാരണം ആക്കൂംതന്നെ മറ്റു

LIBRARY ARCHIVES Kerala Legislative Assembly

ജോലികളിലേക്ക് അപേക്ഷിക്കാൻ സാധിക്കാതെ വന്നു. അതു് വാസ്തവത്തിൽ അവരോടുചെയ്ത ഏറ്റവും വലിയ ഒരനീതിയാണു്. അതുകൊണ്ടു് ഇങ്ങനെയുള്ളവർക്കു് ഏതെങ്കിലും തുറകളിൽ ജോലി കൊടുക്കണം. അവരെ പിരിച്ചുവിടുന്നതിനുമുമ്പു അവരെ സംബന്ധിച്ചു് ഗവണ്മെന്റു് എന്തു ചെയ്യുവാൻ പോകുന്നുവെന്നു് മന്ത്രിയുടെ മറുപടിയിൽ ഉറപ്പു നൽകണം. ഇതിനെ സംബന്ധിച്ചു ഒരു ദിവസം മന്ത്രി മറുപടി പറഞ്ഞ കൂട്ടത്തിൽ ഇവരെ സംബന്ധിച്ചിടത്തോളം ചില ആനുകൂല്യങ്ങളെല്ലാം ചെയ്യാൻ പോകുന്നതായി തീരുമാനിച്ചിരിക്കുന്നുവെന്നു് പറഞ്ഞു. എന്തായാലും അവർ ഒരു സമര രംഗത്തേക്കു് ഇറങ്ങാൻ തയാറായിരിക്കുകയാണു്. അവരെ സമരരംഗത്തേക്കു് വലിച്ചിഴക്കാതെ ഈ സംസ്ഥാനത്തിനു് സൽപ്പേരുണ്ടാക്കുന്നതിനു് വിശ്രമമില്ലാതെ ജോലിചെയ്ത ചെറുപ്പക്കാരും വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ ഇവരെ നാലു മാസത്തിനുള്ളിൽ മറ്റു ജോലികളിൽ നിയമിക്കുമെന്നു് മന്ത്രിയുടെ തുറന്ന ഒരു ഔദ്യോഗിക പ്രസ്താവന ചെയ്തതല്ലാതെ അവർക്കു് ഒരു സമാധാനവും ഉണ്ടാക്കിയില്ല. സ്റ്റൈപ്പെൻഡിയറി പാസ്സായിട്ടുള്ളവർക്കു് അവർ അർഹിക്കുന്ന വിധത്തിലുള്ള ജോലി കൊടുക്കണം. അതുപോലെ തോറ്റവർക്കും എന്തെങ്കിലും ജോലി കൊടുക്കേണ്ടതാണു്.

സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കാം, നമ്മുടെ സ്റ്റേറ്റിലെ നാലായിരത്തോളംവരുന്ന താഴ്ന്നതരം ജീവനക്കാരുടെ ചില അവശതകളെപ്പറ്റിയാണു് എനിക്കു് പറയുവാനുള്ളതു്. ഇന്നു് അവർക്കു് വളരെയധികം നീറുന്ന പ്രശ്നങ്ങളുണ്ടു്. ഈ വകുപ്പു് ഇപ്പോഴത്തെ മന്ത്രി ചാർജ് ഏറ്റെടുത്തതോടുകൂടി അവരുടെ ആവശ്യങ്ങളും കുറെയെല്ലാം പരിഹരിച്ചിട്ടുണ്ടു്. അതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണു്. ഹോസ്പിറ്റൽ എംപ്ലോയീസിന്റെ വേദനകളും മനസ്സിലാക്കി അതിനു് പരിഹാരം ഉണ്ടാക്കാൻ ആത്മാർത്ഥമായി പൊതുജനാരോഗ്യവകുപ്പുമന്ത്രി ശ്രമിക്കുന്നുവെന്നുള്ളതു് വളരെ ആശ്വാസജനകമാണു്. 1957-ൽ കമ്മ്യൂണിസ്റ്റു ഗവണ്മെൻറിന്റെ കാലത്തു് താഴ്ന്നതരം ഹോസ്പിറ്റൽ ജീവനക്കാരെ റഗുലറൈസ് ചെയ്തു. എന്നാൽ അവർക്കു് എന്തെല്ലാം ആനുകൂല്യങ്ങളാണു് നൽകുമെന്നു് വ്യവസ്ഥ ചെയ്തില്ല. അതുകൊണ്ടാണു് അവർക്കു് ഈ ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടതായി വന്നതു്. ലാസ്റ്റു ഗ്രേഡിലുള്ളവർക്കു് മൂന്നാം ഗ്രേഡിലേക്കു് പ്രമോഷൻ കൊടുക്കണമെന്നും, മൂന്നാം ഗ്രേഡിലുള്ളവർക്കു് രണ്ടാം ഗ്രേഡിലേക്കു് പ്രമോഷൻ കൊടുക്കണമെന്നും രണ്ടാം ഗ്രേഡിലുള്ളവർക്കു് ഒന്നാംഗ്രേഡിൽ പ്രമോഷൻ കൊടുക്കണമെന്നും ക്ലാവഞ്ചേഴ്സ് എന്നുള്ള പേരു മാറ്റണമെന്നും അവർക്കു വാഷിംഗ് അലവൻസ് കൊടുക്കണമെന്നും, നല്ല വെള്ളത്തുണികൊണ്ടുള്ള യൂണിഫാറം നൽകണമെന്നും ഒക്കെയാണു് അവരുടെ ആവശ്യങ്ങൾ. ഈ ആവശ്യങ്ങളിൽ ഒന്നുരണ്ടെണ്ണം ചെറിപ്പ വാങ്ങി കൊടുക്കുന്നതിനു പകരം പണം കൊടുക്കാമെന്നും, സ്വീപ്പേഴ്സിന്റെ പേരു മാറ്റി നാലാം ഗ്രേഡാക്കിയും കല്പനയാക്കിയിട്ടുണ്ടെന്നുള്ളതിൽ വളരെസന്തോഷമുണ്ടു്. അവശേഷിക്കുന്നആനുകൂല്യങ്ങളുംഇവർക്കു് ഉടനെതന്നെ അനുവദിച്ചു കൊടുക്കുന്നതിനു ബഹുമാനപ്പെട്ടമന്ത്രി ആത്മാർത്ഥമായി പരിശ്രമിക്കുമെന്നു വിശ്വസിക്കുന്നു. അങ്ങനെ പരിശ്രമിച്ചാൽ താഴ്ന്നഗ്രേഡിൽ ജോലി ചെയ്യുന്നവരുടെ പ്രശംസയ്ക്കും അഭിനന്ദനത്തിനും ബഹുമാനപ്പെട്ട മന്ത്രി പാത്രീഭൂതനാകുമെന്നു് ഓർമ്മപ്പെടുത്തിക്കൊണ്ടു് ഞാൻ അവസാനിപ്പിക്കുകയാണു്.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ)

സർ, ഈ ധനാഭ്യർത്ഥനയെത്തുടർന്നു് ഇവിടെ നടന്ന ചർച്ചാവേളയിൽ പങ്കെടുത്ത എല്ലാ ബഹുമാനപ്പെട്ടമെമ്പറന്മാരും വളരെ സൃഷ്ടിപരമായ നിർദ്ദേശങ്ങളാണു് ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ആരോഗ്യവകുപ്പിനെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥനയിൽ ഏറ്റവും ആരോഗ്യകരമായ ഒരു നിലപാടു് എല്ലാ മെമ്പറന്മാരും സ്വീകരിച്ചതിൽ എനിക്കു് പ്രത്യേകമായി ചാരിതാർത്ഥ്യമുണ്ടു്. ഈവിലപ്പെട്ട നിർദ്ദേശങ്ങളാണു് തന്നിട്ടുള്ള എല്ലാവരോടും എന്റെ പ്രത്യേകമായ നന്ദി രേഖപ്പെടുത്തുകയും അവർ തന്നിട്ടുള്ള നിർദ്ദേശങ്ങളെല്ലാംതന്നെ കാര്യമായി പരിഗണിച്ചു് കഴിയുന്നത്രംവേഗം നടപ്പിൽ വരുത്താനാവുന്നവയെല്ലാം നടപ്പിൽ വരുത്താമെന്നു് ഉറപ്പു നൽകുകയും ചെയ്തുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. ഗോവിന്ദൻ നായർ]

നമ്മുടെ രാജ്യത്തെ പൊതുജനാരോഗ്യരംഗത്തെ പ്രവർത്തനം മറ്റു സംസ്ഥാനങ്ങളിലെ പ്രവർത്തനവുമായി താരതമ്യപ്പെടുത്തുകയുണ്ടായി. ഇന്ന ഇൻഡ്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളേക്കാളും കൂടുതലായി ഈ കാര്യത്തിൽ നമുക്ക് മുന്നോട്ട പോകാൻ സാധിച്ചിട്ടുണ്ടെന്നുള്ളതു് ഒരു വസ്തുതയാണു്. ബഡ്സെടുക്കുന്നതിന്റെ നിലപാട് നോക്കുകയാണെങ്കിൽ മൊത്തത്തിൽ മുതലിയാർ കമ്മിറ്റി റക്കമെൻഡേഷൻ വച്ചിട്ടുള്ളതുനാലാം പദ്ധതി അവസാനിക്കുന്നതോടുകൂടി ആയിരം ആളുകൾക്കു് ഒരു ബഡ്ഡ് എന്നുള്ള രംഗത്തിലെങ്കിലും എത്തിച്ചേരുമെന്നുള്ളതാണു് ഇവിടെ പ്രസ്താവിക്കുവാനുള്ള കണക്കനുസരിച്ചു് 1962-63 വരെ 15,753-ം 1963-64-ൽ 404-ഓളം ബഡ്ഡുകൾകൂടി സാംഗ്ഷൻ ചെയ്യുകഴിഞ്ഞിട്ടുണ്ടു്. അതുകൂടാതെ 400-ൽപ്പരം ബഡ്ഡുകൾക്കാവശ്യമായ വാർഡുകളുടെ പണി നടന്നുകൊണ്ടിരിക്കുകയാണു്. അതിനുപുറമേ ഈ കൊല്ലത്തെ ബഡ്ജറ്റിൽ 600 ബഡ്ഡുകൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ടു്. ഇന്ന അങ്ങനെ ഒരു ലക്ഷ്യത്തിൽ എത്താണ്ടു് ഇപ്പോൾത്തന്നെ നാം എത്തിക്കഴിഞ്ഞിരിക്കുകയാണു്. പെർക്യാപ്പിറ്റ ഇൻവെസ്റ്റുമെന്റു് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് ഇവിടെയാണ കൂടുതൽ ചെലവാക്കിക്കൊണ്ടിരിക്കുന്നതു് കേരളസംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരാളിനു് 3·67 രൂപ നാം ചെലവാക്കിക്കൊണ്ടിരിക്കുകയാണു്. നമ്മുടെ സംസ്ഥാനത്തേക്കാൾ കൂടുതൽ ഈ കാര്യത്തിനവേണ്ടി ചെലവാക്കുന്ന ഏക സംസ്ഥാനം ജമ്മു കാശ്മീരാണു്. അവിടെ 3·82 രൂപയാണ ചെലവാക്കുന്നതു്. ചില സംസ്ഥാനങ്ങളിൽ 1·78 ആണു് ചെലവാക്കിക്കൊണ്ടിരിക്കുന്നതു്. ആ കാര്യത്തിലാക്കെ കേരളം വളരെ മുൻപന്തിയിലാണു് നിൽക്കുന്നതു് എന്ന നമുക്കറിയാം. എങ്കിലും ഇവിടത്തെ പ്രത്യേക പരിതഃസ്ഥിതിയനുസരിച്ചു നോക്കുകയാണെങ്കിൽ ഇതു മതിയായിട്ടില്ല, കൂടുതൽ വേണമെന്നുള്ള കാര്യത്തിൽ സംശയമില്ല. പക്ഷേ നമ്മുടെ സാമ്പത്തികമായ പരിമിതികണക്കിലെടുത്തുകൊണ്ടു് ഒരു ഫേസ്ഡു് പ്രോഗ്രാമനുസരിച്ചു് മുന്നോട്ട പോകാനേ സാധിക്കുകയുള്ള. ഫേസ്ഡു് പ്രോഗ്രാമനുസരിച്ചു് ഇന്നതന്നെ മിക്കവാറും എല്ലാ ഡിസ്ട്രിക്റ്റു ആശുപത്രികളിലുള്ളതായ ബഡ്ഡു് സെങ്ക്ഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്. പല ആശുപത്രികളിലും പണി നടന്നുകൊണ്ടിരിക്കുകയാണു്. അതോടൊപ്പംതന്നെ ഡിസ്ട്രിക്റ്റ് ആശുപത്രികളിലെങ്കിലും എല്ലാ വിധത്തിലും സ്വയംപര്യാപ്തമാകത്തക്ക വിധത്തിലുള്ള നല്ല എക്യുപ്മെന്റ്സ് കൈവരുത്തുന്നതിനും അവിടെ ആവശ്യമുള്ള ഡാക്ടർമാരെ കൊടുക്കുന്നതിനും വേണ്ട നടപടികൾ എടുക്കേണ്ടതായിട്ടുണ്ടു്. ആ കാര്യത്തിലും ഗവണ്മെന്റു് വേണ്ട നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്. ഈ വിധത്തിലുള്ള പ്രവർത്തനങ്ങൾ വിജയിക്കണമെന്നുണ്ടെങ്കിൽ പൊതുജനങ്ങളും ഡിപ്പാർട്ടുമെന്റിലുള്ള ആളുകളുമെല്ലാം ഒരുപോലെ സഹകരിച്ചു പ്രവർത്തിച്ചെങ്കിൽ മാത്രമേ സാധിക്കുകയുള്ള. സിവിൽ സർജന്മാരുടെ പ്രമോഷനെ സംബന്ധിച്ചു് ഇവിടെ പറഞ്ഞു ആ പ്രശ്നം മിക്കവാറും പരിഹരിക്കപ്പെട്ടിരിക്കുകയാണു്. അതിനുവേണ്ട ഉത്തരവു പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ടു്.

ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ലാസ്റ്റുഗ്രേഡു് ജീവനക്കാരുടെ അവശതകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ലാസ്റ്റുഗ്രേഡു് ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവർ കുറേ വർഷങ്ങളായി പരാതിപ്പെട്ടുകൊണ്ടിരിക്കുകയാണു്. ആറേഴ വർഷങ്ങളായി അവർ കുറെ ഡിമാൻറുകൾ വച്ചുകൊണ്ടിരിക്കുന്നു. അതിൽ പ്രധാനപ്പെട്ട ഡിമാൻറു്. കണ്ടിജൻസിയായി പ്രവർത്തിച്ചുകൊണ്ടിരുന്നവരെ regular establishment ആക്കിയപ്പോൾ നിഷേധിച്ചിട്ടുള്ള യൂണിഫാറം, സ്റ്റിച്ചിംഗ് അലവൻസും, വാഷിംഗ് അലവൻസും കൊടുക്കുക, പിന്നെ അവർക്കു് ഫോർത്തുഗ്രേഡിൽനിന്നു് തേർഡു് ഗ്രേഡിലേക്കു് പ്രമോഷൻ കൊടുക്കുക. സ്വാവഞ്ചേഴ്സിന്റെ പേരു മാറ്റുകയുമുണ്ടായിരുന്നു. മിക്കവാറും എല്ലാ ഡിമാൻറുകളും അംഗീകരിച്ചുകൊണ്ടു് ഇതിനകം ഉത്തരവു് പാസ്സാക്കിക്കഴിഞ്ഞിട്ടുണ്ടു്. സ്വാവഞ്ചേഴ്സിന്റെ പേർ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റി ഫോർത്ത്ഗ്രേഡ് ഹാസ്പിറ്റൽ അറ്റൻഡന്റ് എന്നാക്കിയിട്ടുണ്ട്. അറ്റൻഡേഴ്സിനേയും വാർഡേഴ്സിനേയും സൂപ്രീരിയർ സർവ്വീസിൽ ഉൾപ്പെടുത്തി ആർഡറായിട്ടുണ്ട്. പിന്നെ ചെരുപ്പിന്റെ പകരം അതിന്റെ വില കൊടുക്കുന്നതിനും അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. റ്റൂലർ എസ്റ്റാബ്ലിഷ്മെന്റിലുള്ളവർക്കുകൂടി വാഷിംഗ് അലവൻസ് കൊടുക്കണമെന്ന നിർദ്ദേശം വച്ചിട്ടുണ്ട്. അതു തത്വത്തിൽ ഗവണ്മെന്റ് സ്വീകരിച്ചിരിക്കുകയാണ്. അതു കൊടുക്കണമെന്നു വ്യക്തമായ അഭിപ്രായം ഗവണ്മെന്റിനുണ്ട്. വളരെ താമസിയാതെതന്നെ അതിനു ആർഡർ കൊടുക്കാമെന്നാണ് പ്രതീക്ഷിക്കുന്നത് ഫോർത്ത്ഗ്രേഡ് ജീവനക്കാരിൽ അർഹരായവർക്ക് തേഡ്ഗ്രേഡിലേക്ക് പ്രമോഷൻ കൊടുക്കണമെന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. ഈ. പി. ഗോപാലൻ: കുറെ മാറ്റങ്ങളും ഇവിടെ പറഞ്ഞതിൽ ചെരുപ്പിന്റെ പണത്തിന്റെ കാര്യം മാത്രമേ ആർഡറിലുള്ളു. വാഷിംഗ് അലവൻസിനേറെയും സ്റ്റിച്ചിംഗ് അലവൻസിനേറെയും കാര്യമൊന്നും അതിൽ പറഞ്ഞിട്ടില്ല. അതൊന്നു വ്യക്തമാക്കണം.

ശ്രീ എം. പി. ഗോവിന്ദൻ നായർ: മി. ഗോപാലൻ സംസാരിച്ചുകൊണ്ടിരുന്നതുകൊണ്ടാണ് ഇതൊന്നും കേൾക്കാൻ കഴിയാതെവന്നത്. ഞാൻ അതൊക്കെ പറഞ്ഞതാണ്. അതെല്ലാം കൊടുക്കേണ്ടതാണെന്ന അഭിപ്രായം ഗവണ്മെന്റിനുണ്ട്. ചിലതിനെ സംബന്ധിച്ച് ആർഡർ ഇഷ്യു ചെയ്യുകഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ അവരുടെ ഡിമാന്റുകളെല്ലാം വളരെ കാര്യമായി ഗവണ്മെന്റ് പരിഗണിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ അവർ അവരുടെ ജോലികൾ ശരിയായി നിർവ്വഹിക്കുന്നില്ലെന്നും അച്ചടക്കം പാലിക്കുന്നില്ലെന്നും പരാതികളുണ്ടായിട്ടുണ്ട്. അവരുടെ അവകാശങ്ങൾ അംഗീകരിക്കുന്നതോടൊപ്പംതന്നെ കുറെകൂടി അനാസ്ഥ കാണുകയാണെങ്കിൽ അവരുടെമേൽ നിർദ്ദാക്ഷിണ്യം നടപടികൾ എടുക്കുന്നതാണ്. അതുണ്ടാകാതിരിക്കാൻ ആവശ്യമായ ഒരന്തരീക്ഷം ബന്ധപ്പെട്ട എല്ലാവരുംകൂടി സൃഷ്ടിക്കണം.

മറ്റൊരു പ്രധാനപ്പെട്ട വിഷയം ഉന്നയിക്കപ്പെട്ടിട്ടുള്ളത് മലേറിയാ ഇറാഡിക്കേഷൻ പ്രോഗ്രാമിനെ സംബന്ധിച്ചുള്ളതാണ്. അതിനെ സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ നിലപാട് എന്താണെന്നുള്ളതു രണ്ടു ദിവസങ്ങൾക്കുമുമ്പ് ഇവിടെ പറഞ്ഞിട്ടുണ്ട്. 1960 മുതൽ ഈ ജീവനക്കാർ employment exchange മുഖേന ഹെൽത്തുഡിപ്പാർട്ടുമെന്റിൽ വന്നിട്ടുള്ളതാണ്. 1960 മുതൽ 1963 വരെയായിട്ട് ഏകദേശം 1600-ൽപരം സപ്ലിമെന്റ് സൂപ്പർവൈസേഴ്സ് ജോലിക്കാരായി വന്നിട്ടുണ്ട്. അവരിൽ 360-ഓളം പേരെ പി. എസ്സ്. സി. തിരഞ്ഞെടുത്തിട്ടുള്ളതാണ്. ബാക്കിയുള്ളവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖാന്തിരമാണ് തിരഞ്ഞെടുത്തിട്ടുള്ളതു. ഈ ഇറാഡിക്കേഷൻ പദ്ധതിയുടെ പ്രവർത്തനം പൂർത്തിയാകുന്നതോടുകൂടി ഇവർക്കും ഈ ജോലിയിൽ തുടർന്നുപോകുന്നതിനു സാധിക്കുകയില്ല. അതുകൊണ്ട് അവർക്കു വേറെ ജോലി കൊടുക്കുന്നതിനുള്ള ശ്രമമാണ് ഗവണ്മെന്റ് നടത്തുന്നത്. ഇവരെ സംബന്ധിച്ച് ആംപ്ലോയ്മെന്റ് എംപ്ലോയ്മെന്റ് കൊടുക്കുന്നതിനു മുൻകൈ എടുത്തു പ്രവർത്തിക്കണമെന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവരിൽ ഏകദേശം 360 ഓളം പേർ പി. എസ്സ്. സി. റിക്രൂട്ട ചെയ്തവരാണ്. അവർ ത്രിശങ്കു സ്വർഗ്ഗത്തിലാണ് നിൽക്കുന്നതെന്നു ഇവിടെ പറയുകയുണ്ടായി. അവർ ത്രിശങ്കു സ്വർഗ്ഗത്തിലൊന്നുമല്ല നിൽക്കുന്നത്. അവരെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ല. അവരെ മറ്റു ഡിപ്പാർട്ടുമെന്റുകളിൽ അബ്സാർബ് ചെയ്യുന്നതാണ്. മറ്റുള്ളവർക്കു ജോലി കൊടുക്കുന്നതിനെ സംബന്ധിച്ചും ആവശ്യമായ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പിന്നെ അവശേഷിക്കുന്നത് 1600 ഓളം സപ്ലിമെന്റ് വർക്കേഴ്സാണ്. അവരുടെ കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയുമായിരുന്നു. അവരുടെ കാര്യമൊന്നും പരിഗണിച്ചിട്ടില്ലെന്നു പറയുന്നതു ശരിയല്ല. ഇങ്ങനെയൊരു അവസ്ഥ മാർച്ച് 31-ാംതീയതിയോടുകൂടിവരും എന്നു നേരത്തെ അറിയാമായിരുന്നു. മലേറിയാ വിഭാഗത്തിൽ ജോലി നോക്കിയവർ വളരെ കാര്യമായി പ്രവർത്തിച്ചവരാണെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ]

ന്നുള്ള അഭിപ്രായം ഗവണ്മെൻറിനുണ്ട്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മലേറിയാ ഇറാഡിക്കേഷൻ പ്രവർത്തനത്തിൽ ഒരു നല്ല സ്ഥാനം നമുക്ക് കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിനു സഹായകമായിട്ടുള്ള ആളുകളാണ് ഇവരെന്നുള്ള നിലയ്ക്കു കൂടുതൽ സൗജന്യം ചെയ്തുകൊടുക്കുന്ന കാര്യത്തിൽ വളരെ അനുഭാവമുള്ള കൂട്ടത്തിലാണ് ഗവണ്മെൻറ്. അതു വച്ചുകൊണ്ട് കഴിഞ്ഞ മൂന്നു മാസക്കാലമായിട്ട് ഇവർക്കാവശ്യമായ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിനു വേണ്ട നടപടികളും ഗവണ്മെൻറ് എടുത്തുകൊണ്ടിരിക്കുകയാണ്. ഇൻഡ്യാ ഗവണ്മെൻറുമായി എഴുത്തുകുത്തുകളും നടത്തിക്കൊണ്ടിരിക്കുകയാണ്. പബ്ലിക്ക് സർവ്വീസ് കമ്മീഷനും ഈ കാര്യത്തെ സംബന്ധിച്ച് എഴുതിയിട്ടുണ്ട്. ഹെൽത്ത് ഡിപ്പാർട്ടുമെൻറിൽ ഇനിയുണ്ടാകുന്ന സെലക്ഷനിൽ ട്രെയിനിംഗ് പ്രോഗ്രാമിനെ സംബന്ധിച്ചിടത്തോളം ഈ. എസ്സ്. എൽ. സി. മിനിമം ക്വാളിഫിക്കേഷനുള്ളവരെ, മുഴുവൻ ആളുകളേയും എടുക്കാൻ സാധിക്കുകയില്ല, പുറത്തുള്ളവർക്ക് 20 ശതമാനവും ഇവരെ 30 ശതമാനവും എടുത്ത് ഇവർക്ക് ഏജ് എക്സംപ്ഷൻ കൊടുത്തുകൊണ്ടും സെലക്ഷൻ ചെയ്യാൻ അനുവാദം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. അതുപോലെ 40 സീറോളം ലപ്രസി ഹെൽത്തുവിസിറേഴ്സ് കോഴ്സിനും നിശ്ചയിച്ചിട്ടുണ്ട്. അതുപോലെ ഫൈലേറിയാസ്സു കൂടുതൽ യൂണിറ്റുകളും തുറക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അങ്ങനെ ആരംഭിക്കുന്ന അവസരത്തിൽ കഴിഞ്ഞ കൊല്ലം കുറേ ആളുകളെ പിരിച്ചുവിട്ടിട്ടുണ്ട്. അവർക്ക് മുൻഗണന കൊടുത്ത് അവരെ അബ്സാർബ് ചെയ്തിട്ട് പിന്നീടുണ്ടാകുന്ന മുഴുവൻ വേക്കൻസിയും ഇവർക്കു വേണ്ടി റിസർവ് ചെയ്യുന്നതാണ്.

പിന്നൊരു പ്രധാന കാര്യം ഈ ഏപ്രിൽ ഒന്നാംതീയതിയോടുകൂടി ഫാമിലിപ്ലാനിംഗ് റീ ആർഗനൈസു ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. പതിനായിരം പോപ്പുലേഷൻ വച്ച് ഓരോ ഫീമെയിൽ ഹെൽത്ത് അസിസ്റ്റൻറിനേയും, മുപ്പതിനായിരം പോപ്പുലേഷൻവച്ച് ഓരോ മെയിൻ ഹെൽത്ത് അസിസ്റ്റൻറിനേയും നിയമിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്. അങ്ങനെ വരുന്നതായ ഒഴിവിൽ മുഴുവൻ ഈ ജോലിയില്ലാതാകുന്നവരെ നിയമിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുകയാണ്. ഇവർക്ക് അതിനു പ്രത്യേക പരിശീലനം കൊടുക്കേണ്ടിവരികയാണെങ്കിൽ തീർച്ചയായും അവർക്കും കണ്ടൻസ്ഡ് കോഴ്സ് കൊടുത്ത് അവരെ എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ നടപടികളെല്ലാം സ്വീകരിച്ചു കഴിഞ്ഞാലും മുഴുവൻ ആളുകൾക്കും പെട്ടെന്നു ഉദ്യോഗം കൊടുക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. എൻറെ പ്രതീക്ഷ, ഏപ്രിൽ ഒന്നാംതീയതി ഇവരെ പിരിച്ചുവിടേണ്ടിവന്നാലും ഏപ്രിൽമാസം അവസാനിക്കുന്നതിനു മുമ്പായിത്തന്നെ കാര്യമായ ഒരു നമ്പരിനു്, എനിക്ക് കൃത്യമായി പറയുവാൻ സാധിക്കുകയില്ല, ഒരു 700, 750 പേരെയെങ്കിലും ഡിപ്പാർട്ടുമെൻറിൽ അബ്സാർബ് ചെയ്യാൻ സാധിക്കുമെന്നാണ്. കണ്ടിജൻസിയിൽ എവിടെ വേക്കൻസി വരുന്നുണ്ടെങ്കിലും ഇവരെ എടുക്കണമെന്ന തത്വം അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് വളരെ കാലതാമസംകൂടാതെ എല്ലാവരേയും അബ്സാർബ് ചെയ്യാനുള്ള ഒരു നിലപാടാണ് ഗവണ്മെൻറ് എടുത്തിട്ടുള്ളത്. മുഴുവൻ ആളുകളേയും എടുക്കാൻ സാധിക്കുമോ എന്നുള്ള കാര്യം സംശയമാണ്. പക്ഷേ ഒരു കാര്യം വ്യക്തമാണ്. ഏതൊരു വിഭാഗത്തേക്കാളും വളരെയധികം പരിഗണന ഈ വിഭാഗത്തിനു കൊടുത്ത് അവർക്ക് ജീവിത സൗകര്യമുണ്ടാക്കിക്കൊടുക്കണമെന്നുള്ള വ്യക്തമായ ഉദ്ദേശത്തോടുകൂടി ആത്മാർത്ഥമായുള്ള പ്രവർത്തനം ഈ രംഗത്ത് നടക്കുന്നുണ്ട്. ഇവിടെ ശ്രീ. കെ. കെ. ബാലകൃഷ്ണൻ സമരത്തെപ്പറ്റിയൊക്കെ പറയുകയുണ്ടായി. ഇതിനു സമരത്തിൻറെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. സമരം ചെയ്തുകൊണ്ട് ഇല്ലാത്ത ജോലി കൊടുക്കാൻ സാധിക്കുകയില്ലല്ലോ. ഇതിൽകവിഞ്ഞ ഔദാര്യബുദ്ധി ഒരു വിഭാഗത്തിനേറെയും സമീപനത്തിൽ ഗവണ്മെൻറ് ഏറെടുത്തിട്ടുണ്ടെന്നു തോന്നുന്നില്ല. അത്രമാത്രം ഔദാര്യബുദ്ധിയോടുകൂടിയുള്ള ഒരു സമീപനം സ്വീകരിക്കുകയാണ് ചെയ്തിട്ടുള്ളത്, സമരപരിപാടികളുമായി അവർ മുന്നോട്ടു പോകേണ്ട ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

മില്ലെന്നു് പ്രത്യേകമായി ഞാൻ അവരെ ഉപദേശിക്കുകയാണു്. മാവേലി യിട്ടുള്ളവർക്കു് എക്സംപ്ഷൻ കൊടുത്തു് എടുക്കുന്നതിനു വേണ്ട നടപടികളും എടുത്തിട്ടുണ്ടു്. ആ നിലക്കു് അവരെ സംബന്ധിച്ചിടത്തോളം യാതൊരു മനോവ്യഥയും ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം. ഫാമിലി പ്ലാനിംഗ് വകുപ്പിനെ സംബന്ധിച്ചു് ശരിയായി പ്രവർത്തിക്കുന്നില്ലെന്നു് ഇവിടെ പറഞ്ഞു. ഒരു കാര്യം പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണു്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏതെല്ലാം പ്രശ്നങ്ങളും പരിഹരിക്കേണ്ടതുണ്ടെങ്കിലും അതിനെല്ലാം ഉപരിയായി പരിഹരിക്കേണ്ട ഒരു പ്രശ്നമാണു് ജനസംഖ്യാവർദ്ധനവു്. അതിനു വേണ്ട ഫലപ്രദമായ നടപടി ഈ രംഗത്തുണ്ടാകണമെന്നു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടു്. കഴിഞ്ഞ ഒരു വർഷക്കാലത്തു് കാര്യമായ പ്രവർത്തനം ഈ രംഗത്തു് ഉണ്ടായിട്ടുണ്ടെന്നു പറയുവാൻ എനിക്കു സാധിക്കും, 1962 മാർച്ചു് അവസാനംവരെ വാസക്ടമി ആപ്പറേഷൻ നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുള്ളതു് 18,752 ആണു്. 1962–63–ൽ 6,748 ആണു്. ഈ വർഷത്തിൽ ഇതുവരെയുള്ള കണക്കു് നോക്കുകയാണെങ്കിൽ ഇതിനകം 13,186 വാസക്ടമി ആപ്പറേഷൻ നടത്താൻ സാധിച്ചിട്ടുണ്ടു്. അങ്ങനെ ഒരുകാലത്തും ഉണ്ടാകാത്ത പുരോഗതി ഇപ്പോൾ ഉണ്ടായിട്ടുണ്ടു്. അതുപോലെതന്നെ ഈ ആപ്പറേഷനു വിധേയമാകുന്നവർക്കു് കൊടുത്തുകൊണ്ടിരുന്ന ബനിഫിറ്റു് അലവൻസു്, ലാസ്സു് ആഫ് വേജസ് എന്നുള്ള നിലയിൽ അവർക്കുള്ള യാത്രച്ചെലവിനു പുറമേ, പുരുഷന്മാരെ സംബന്ധിച്ചു് 20 രൂപയും സ്ത്രീകളെ സംബന്ധിച്ചു് 25 രൂപയുമായി വർദ്ധിപ്പിച്ചുകൊടുത്തുകൂടുതൽ ആളുകളെ ഈ രംഗത്തേക്കു് ആകർഷിക്കാൻ ശ്രമിക്കുന്നുണ്ടു്. അതോടൊപ്പം ഈ വാസക്ടമി ആപ്പറേഷനെ സംബന്ധിച്ചു് ക്യാമ്പുകളും നടത്തുന്നതിനും വേണ്ട നടപടികളും സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ടു്. അതിനുവേണ്ടിയുള്ള ഒരു ടീം അറേഞ്ചു് ചെയ്തുകഴിഞ്ഞിട്ടുണ്ടു്. കൂടുതൽ അടുത്ത വർഷത്തിൽ എത്തിപ്പെടുത്താൻ സാധിക്കും. കൂടാതെ മന്ത്രി പർപ്പസ് ഹെൽത്തു വിസിറ്റർ സിനെ നിയമിക്കാനും ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടു്. ഇതിനുവേണ്ടി കൂടുതൽ പ്രചരണവും മറ്റും സംഘടിപ്പിച്ചു് കാര്യമായ പ്രവർത്തനവും ചലനവും ഈ രംഗത്തു് ഉണ്ടാക്കാൻ സാധിക്കുമെന്നു് ഗവണ്മെന്റു് പ്രതീക്ഷിക്കുകയാണു്.

മറ്റൊരു പ്രധാന കാര്യം പറഞ്ഞതു് വാട്ടർസപ്ലൈ സ്കീമിനെ സംബന്ധിച്ചാണു്. ആരേക്കാളും കൂടുതൽ ജാഗ്രത ഇതിനെ സംബന്ധിച്ചു്
1 p. m.] ഗവണ്മെൻറിനുണ്ടു്. ഇതിനെ സംബന്ധിച്ചിടത്തോളം കുറച്ചു കാലതാമസം വന്നുവെന്നതു് ശരിയാണു്. ആയതുകൊണ്ടെങ്കിലും കുറെ കൊണ്ടല്ല സാങ്കേതികമായ കാരണങ്ങൾകൊണ്ടാണു് ഇങ്ങനെ കാലതാമസം വന്നതു്. പോംട്ടാസ് ഇഞ്ചിനിയേഴ്സ് വന്നു് പമ്പു ചെയ്യാനുള്ള സൗകര്യങ്ങളെല്ലാം പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുകയാണു്. പമ്പു ചെയ്യാനുള്ള നടപടികളെല്ലാം സ്വീകരിച്ചുകഴിഞ്ഞു. ഇപ്പോഴത്തെ എനിക്കു കിട്ടിയ റിപ്പോർട്ട പ്രകാരം ഫോളാ 10 ശതമാനം വർദ്ധിച്ചുകഴിഞ്ഞിരിക്കുന്നു. അതു് പെട്ടെന്നു് മുഴുവനായിട്ടു് പമ്പു ചെയ്തു വർദ്ധിപ്പിച്ചു കഴിഞ്ഞാൽ പലയിടത്തും പഴയ പൈപ്പുകളായതുകൊണ്ടു് മിക്കവാറും പൈപ്പുകളും പൊട്ടിപ്പോവുകയും ബുദ്ധിമുട്ടിനിടയാവുകയും ചെയ്യും. അതുകൊണ്ടു് സ്ലോ ആയിട്ടുമാത്രമേ പമ്പു ചെയ്യാൻ സാധിക്കുകയുള്ളു. ഇപ്പോഴത്തെ 10 ശതമാനം വർദ്ധിച്ചിട്ടുണ്ടു്. ഓരോ ദിവസം കഴിയുംതോറും ഫോളാ വർദ്ധിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ഇതു് ഗവണ്മെൻറിനേറെയോ ഉദ്യോഗസ്ഥന്മാരുടേയോ ഡിപ്പാർട്ടുമെൻറിനേറെയോ അനാസ്ഥ കൊണ്ടല്ല. കൂടുതൽ കൺസ്യൂമേഴ്സ് വന്നതിന്റെ കാരണമായാണു് ഈ ക്ഷാമം വന്നതു്. ഇപ്പോൾ എത്രയാണു് എല്ലാം പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണു്. വളരെ കാലതാമസം കൂടാതെ ഇതു് പൂർത്തിയാക്കാൻ സാധിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: എത്ര ദിവസം കഴിയണം ഞങ്ങൾക്കു് വെള്ളം കുടിക്കാൻ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതേപ്പറ്റിയാണ് ഞാൻ പറഞ്ഞത്. ഇപ്പോഴത്തെ ഫോളാ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഫോളാ 10 ശതമാനം വർദ്ധിച്ചു കഴിഞ്ഞു. പരമാവധി രണ്ടോ മൂന്നോ വേണ്ടിവന്നേക്കും. ഞാൻ ടെക്നിക്കൽ എക്സ്പർട്ട് അല്ല. കൃത്യമായി ഇത്രദിവസം വേണമെന്നു പറയാൻ സാധിക്കുകയില്ല. എന്നുവരികിലും വക്ക് വളരെയേറെ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പെട്ടെന്നു വർദ്ധിപ്പിച്ചൽ പ്രഷർകൊണ്ട് എന്തെങ്കിലും ഡിഫിക്കൽട്ടി ഉണ്ടാവുമെന്നു കരുതിയാണ് കാലതാമസം വരുന്നത്. ഓരോ ദിവസം കഴിയുംതോറും ഫോളാ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. മാധവൻ : അദ്ദേഹത്തിന്റെ സമയത്തിൽനിന്നും രണ്ടുമൂന്നു മിനിട്ട് ശ്രീ. കെ. കെ. ബാലകൃഷ്ണന് അദ്ദേഹം പ്രസംഗിക്കാൻ കൊടുത്തു. അതിനകത്ത് ഞങ്ങൾ ഇവിടെ ഇരിക്കണമെന്നു പറയുന്നതു ശരിയായ നടപടി ആയിരിക്കുകയില്ല.

മി. സ്പീക്കർ : ഹൗസ് സമ്മതിച്ചാണല്ലോ സമയം കൊടുത്തത്.

ശ്രീ. കെ. മാധവൻ : ഞങ്ങൾ ഒന്നും പറഞ്ഞിട്ടില്ല. അദ്ദേഹം അദ്ദേഹത്തിന്റെ സമയത്തിൽ നിന്നാണ് രണ്ടു മിനിട്ട് കൊടുത്തത്.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ആ രണ്ടു മിനിട്ട് കഴിച്ചേ ഞാൻ പ്രസംഗിക്കുന്നുള്ളൂ. മറ്റു പല സ്ഥാപനങ്ങളെ സംബന്ധിച്ചും ഇവിടെ പല നിർദ്ദേശങ്ങളും വയ്ക്കുകയുണ്ടായി. ടി. ബി. ഹോസ്പിറ്റലിനെ സംബന്ധിച്ചും മറ്റ് ആശുപത്രികളെ സംബന്ധിച്ചുമെല്ലാം ചില നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായി. ഈ വിലപിടിച്ചതായ നിർദ്ദേശങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് പരമാവധി ഗവണ്മെന്റിനെക്കൊണ്ടു ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്യാൻ തയ്യാറാണ്. അതനുസരിച്ചു പ്രവർത്തിക്കുന്നതിന് എല്ലാ അംഗങ്ങളുടെയും സഹകരണം ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നും അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

Mr. Speaker : Mr. Kutty, do you press your cut motion ?

Shri C. M. Kutty : I press my cut motion.

Cut motion moved by Shri C. M. Kutty was put and lost,

Mr. Speaker : Mr. Gopalan, do you press your cut motion ?

Shri E. P. Gopalan : I press my cut motion.

Cut motion moved by Shri E. P. Gopalan was put and lost.

Shri E. P. Gopalan: Sir, I demand a poll.

A poll was taken when the House divided as follows:

Ayes—48

1	Shri P. Abdul Majeed	10	Shri N. E. Balaram
2	,, C. Achutha Menon	11	,, K. Bhargavan
3	,, P. C. Adichan	12	,, D. Damodaran Potti
4	Smt. K. O. Aisha Bai	13	,, E. P. Eapen
5	Shri M. Alikunju Sastri	14	,, E. P. Gopalan
6	,, K. Anirudhan	15	,, N. Gopala Kurup
7	,, Antony D'Cruz	16	Smt. K. R. Gouri
8	,, P. Balachandra Menon	17	Shri K. Hassan Gani
9	,, C. K. Balakrishnan	18	,, K. V. John

LIBRARY ARCHIVES Kerala Legislative Assembly

19 Shri O. Koran
20 ,, K Krishnan
21 ,, M. Krishnan
22 ,, R. Krishnan
23 ,, K. Krishna Pillai
24 ,, S. Kumaran
25 ,, P. M. Kunhiraman Nambiar
26 ,, P. V. Kunhunni Nair
27 ,, P. K. Kunjachan
28 ,, P. K. Kunju
29 ,, C. M. Kutty
30 ,, K. Moideenkutty Haji
31 ,, K. V. Narayanan
32 ,, P. K. Narayanan Nambiar
33 ,, T. C. Narayanan Nambiar
34 Shri P. Narayanan Thampi
35 ,, N. Neelakantaru Pandarathil
36 ,, P. C. Raghavan Nair
37 ,, T. K. Ramakrishnan
38 ,, A. K. Ramankutty
39 ,, P. Ramunni Kurup
40 ,, P. Ravindran
41 ,, E. M. Sankaran Namboodiripad
42 ,, Ponnara G. Sreedhar
43 ,, P. S. Srinivasan
44 ,, R. Sugathan
45 ,, M. M. Sundaram
46 ,, V. P. C. Thangal
47 ,, M. V. Vasu
48 ,, P. Viswambharan

Noes—62

1 Shri P. K. Abdulkadir
2 ,, K. C. Abraham
3 ,, M. C. Abraham
4 ,, K. T. Achuthan
5 ,, M. A. Antony
6 ,, K. K. Balakrishnan
7 ,, P. C. Balakrishnan Nambiar
8 ,, R. Balakrishna Pillai
9 ,, T. O. Bava
10 Dr K. M. Chacko
11 Shri P. Chacko
12 ,, P. T. Chacko
13 ,, G. Chandrasekhara Pillai
14 ,, P. C. Cherian
15 ,, K. A. Damodara Menon
16 ,, T. A. Dharmaraja Iyer
17 ,, P. R. Francis
18 ,, K. M George
19 ,, P. Gopalan
20 ,, Malethu Gopinatha Pillai
21 ,, M. P. Govindan Nair
22 ,, Vayala Idicula
23 ,, A. L. Jacob
24 ,, C. G. Janardhanan
25 ,, P. S. Karthikeyan
26 Shri K. G. Karunakara Menon
27 ,, K. Kochukuttan
28 ,, T. Krishnan
29 ,, P. R. Krishnan
30 ,, N. S. Krishna Pillai
31 ,, P Kumaran
32 ,, K. Kunhambu
33 ,, C. Kunhikrishnan Nair
34 ,, M. Kunhikannan Nambiar
35 ,, M. Kunjukrishnan Nadar
36 ,, N. Kunjuraman
37 Smt. Kusumam
38 ,, Leela Damodara Menon
39 Shri P. Madhavan
40 ,, V. Madura
41 ,, M. M Mathai
42 ,, C. A. Mathew
43 ,, T. Murugesan
44 Smt. A. Nafeesath Beevi
45 Shri M. Narayana Kurup
46 ,, Kuroor Neelakantan Namboodiripad
47 ,, C. F. Pereira
48 ,, E. P. Poulose
49 ,, R. Raghava Menon
50 ,, A. A. Rahim

LIBRARY ARCHIVES Kerala Legislative Assembly

51	Shri M. Ravindranath	57	Shri K. T. Thomas
52	,, R. Sankar	58	,, Thomas John
53	Smt. O. T. Sarada Krishnan	59	,, T. A. Thomman
54	,, K. R. Saraswathi Amma	60	,, P. P. Ummer Koya
55	Shri Shamsuddin	61	,, K. R. Vijayan
56	,, C. M. Stephen	62	,, K. K. Viswanathan

Neutrals—Nil.

Mr. Speaker : For the Cut Motion: 48
Against the Cut Motion: 62
Neutrals: Nil.
The Cut Motion is Lost.

The question that Government be granted a sum of Rs. 5,20,29,300 under Demand XIX-Medical, was put and carried.

The grant was made.

Mr. Speaker : Mr. Gopalan, do you press your cut motion ?

Shri E. P. Gopalan : I press my Cut Motion?

The Cut Motion moved by Shri E. P. Gopalan was put and lost

Mr. Speaker : Mr. Moideenkutty Haji, do you press your cut motion?

Shri Moideenkutty Haji : I press my cut motion.

The Cut Motion moved by Shri K. Moideenkutty Haji, was put and lost.

The question that Government be granted a sum of Rs. 1,83,13,900 under Demand XX-Public Health, was put and carried.

The grant was made.

Mr. Speaker : Mr. Hassan Gani, do you press your cut motion?

Shri K. Hassan Gani : I press my cut motion.

The cut motion moved by Shri K. Hassan Gani was put and lost.

The question that Government be granted a sum of Rs. 1,08.79,500 under Demand XXI-Public Health Engineering was put and carried.

The grant was made.

Mr. Speaker : Mr. Sundaram, do you press your Cut Motion?

Shri M. M. Sundaram : I press my Cut Motion.

The Cut Motion moved by Shri M. M. Sundaram was put and lost.

Mr. Speaker : Mr. Moideenkutty Haji, do you press your Cut Motion?

Shri K. Moideenkutty Haji : I press my Cut Motion.

LIBRARY ARCHIVES Kerala Legislative Assembly

The Cut Motion moved by Shri K. Moideenkutty Haji was put and lost.

The question that Government be granted a sum of Rs. 1,05,02,800 under Demand XLIII-Capital outlay on Public Health, was put and carried.

The grant was made.

Mr Speaker : The discussion on the Budget of the State Electricity Board will come up on the 1st day of April 1964.

Order, Order. The House will now adjourn and meet again tomorrow at 8 a. m.

The House adjourned at 1.10 p. m., to meet again at 8 a. m. on Thursday the 19th March 1964.

LIBRARY ARCHIVES Kerala Legislative Assembly